# നമ്മുടെ നാടൻ പാട്ടുകൾ

കിളിമാനൂർ വിശ്വംഭരൻ, എം. കൃഷ്ണൻനായർ
ജി. ശങ്കരപ്പിള്ള, സി. ഐ. ഗോപാലപിള്ള
ഡാ: എസ്. കെ. നായർ, കെ. കെ. വാദ്ധ്യാർ

1954

കാവ്യോൽസവം

T 61
N15

T61

# നമ്മുടെ
# നാടൻ പാട്ടുകൾ

പ്രസാധകന്മാർ
**സാഹിത്യപ്രവർത്തക സഹകരണ**
**സംഘം ലിമിററഡ്**

# NAMMUTE NADAN PATTUKAL

(REPORT OF KAVYOTSAVAM 1954, TRIVANDRUM)

FIRST IMPRESSION NOVEMBER 1954

Rights Reserved

PUBLISHERS

SAHITHYA PRAVARTHAKA C. S. LTD.

---

NATIONAL BOOKSTALL

POST BOX 40, KOTTAYAM

Re. 1—0—0.

# നമ്മുടെ നാടൻ പാട്ടുകൾ

DHARMARAM COLLEGE LIBRARY BANGALORE

സമ്പാദകർ:

**കാവ്യോത്സവസമിതി തിരുവനന്തപുരം**

CANCELLED
NATIONAL ... KOTTAYAM
KALARIKAL BAZAAR

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽബസാർ കോട്ടയം

വില 1 ക.

DHARMARAM COLLEGE LIBRARY
Ac. No. 32763.
Call No. T61/N15

# കാവ്യോത്സവം
# 1954

തിരുവനന്തപുരം:
1954 ജൂലായ് 3-ാംനു

PRINTED AT
INDIA PRESS, KOTTAYAM

1953 ജൂലായ് പത്താം തീയതി, ശ്രീ. എം. പി. പോളി ന്റെ ചരമവാർഷികം തിരുവനന്തപുരത്ത് ഒരു കലോത്സവമായി ആചരിച്ചു. അങ്ങിനെ ഈ പരീക്ഷണം ഉയിരെടുത്തു.

1954 ജൂലായി മാസത്തോടുകൂടി കാവ്യോത്സവ പരിപാടി ആവ ർത്തിക്കണമെന്നൊരാശ തോന്നി. അതിന്റെ തുടർന്നുള്ള പരിശ്ര മങ്ങളുടെ റിപ്പോർട്ടാണിതു്. രണ്ടാമത്തെ കാവ്യോത്സവം നട ന്നതു് 1954 ജൂലായ് മൂന്നാം തീയതിയാണ്. സ്ഥലം, തിരുവ നന്തപുരം വി. ജെ. റ്റി. ഹോൾ. ഈ വർഷത്തേയ്ക്കു് പ്രത്യേക മൊരു വിഷയം തെരഞ്ഞെടുത്തിരുന്നു: 'നമ്മുടെ നാടൻ പാട്ടു കൾ.' അതിനെ സംബന്ധിച്ചെഴുതപ്പെട്ട പ്രബന്ധങ്ങൾ വില യുള്ള ഗവേഷണങ്ങളാണെന്നു് ഞങ്ങൾ കരുതുന്നു. അവ ഇപ്പുസ്ത കത്തിൽ ചേർത്തിട്ടുണ്ടു്. പഠനസമ്മേളനത്തിനു ശേഷം നടന്ന കലാപരിപാടികളുടെ മൂലതന്തുവായിരുന്ന പാട്ടുകളും അവയ്ക്കു് ഓരോന്നിനും ഉപക്രമമായി ചേർത്തിരുന്ന മുഖവുരകളും അനുബ ന്ധമായി കൊടുത്തിരിക്കുന്നു. പ്രബന്ധകർത്താക്കൾക്കും കലാപ്രക ടനത്തിൽ പങ്കെടുത്ത സുഹൃത്തുകൾക്കും സംഘടനാകാര്യത്തിൽ സഹകരിച്ചവർക്കും, കവിതാഭ്രമത്തെ ഉത്സവമാക്കിത്തീർത്ത സഹൃ ദയ സദസ്സിനും അകമഴിഞ്ഞ നന്ദി പറയുന്നു.

ഈ റിപ്പോർട്ടിന്റെ പ്രസാധനം നടത്തിത്തന്നതു സാഹിത്യ പ്രവർത്തക സഹകരണസംഘമാണ്. സംഘത്തിന്റെ സേവന ത്തെ ഞങ്ങൾ മറക്കുന്നില്ല.

ഈ പ്രസ്ഥാനം തുടർന്നു നിലനിൽക്കണമെന്നാണ് ആഗ്രഹം. അതു നടക്കുമെന്നു് പ്രതീക്ഷിക്കുകയും ചെയ്യുന്നുണ്ടു്.

—കാവ്യോത്സവസമിതി

# ഉപക്രമം

തിരുവനന്തപുരത്തെ സാംസ്കാരികരംഗത്തിൽ അസാധാരണമാംവണ്ണം ഒച്ചപ്പാടുണ്ടാക്കിയ ഒന്നാന്തരമൊരു കലാപ്രസ്ഥാനമാണ് കാവ്യോത്സവം. വിദ്യാദാനത്തിലും സാഹിത്യസേവനത്തിലും പ്രശസ്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരും, അതേസമയം തന്നെ നമുക്ക് അദ്ഭുതം തോന്നുമാറ്, സ്വശബ്ദശ്രുതിയിൽ അനുത്സുകരുമായ ഏതാനും യുവസുഹൃത്തുക്കളുടെ ഭാഷാഭിമാനത്തിൽ നിന്നു വിരിഞ്ഞു സചേതസ്സുകളുടെ ഹൃദയം കവർന്നു വിളങ്ങുന്ന ഒരു വിശിഷ്ട കുസുമമാണിതെന്ന് ഉൽപ്രേക്ഷിക്കാം. കവിതയിൽ നിന്നു ജനത എത്രമാത്രം അകന്നു പോയിരിക്കുന്നു എന്നറിയാനുള്ള ഒരു പരീക്ഷണമായിട്ടു കൂടിയാവണം കഴിഞ്ഞ കൊല്ലം ഈ കാവ്യോത്സവം ആരംഭിച്ചതെന്നു ഞാൻ വിചാരിക്കുന്നു. മലയാളികളുടെ കാവ്യരസാസ്വാദനശക്തി നശിച്ചിട്ടില്ലെന്നും, അതു് ഏതു നിമിഷത്തിലും ഉദ്ബുദ്ധമായി തീരുമെന്നും നിഷ്പ്രയാസം തെളിയിക്കുവാൻ ഈ ഉത്സവത്തിന്റെ ഉപജ്ഞാതാക്കൾക്കു കഴിഞ്ഞു. അങ്ങനെ വിജയലക്ഷ്മി അവരെ അനുഗ്രഹിച്ചു. ഇന്ന് ആ പ്രതിഭാശാലികൾ പൂർവ്വാധികം സന്തുഷ്ടരും സന്തൃപ്തരുമായിത്തീർന്നിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. നമുക്ക് ഈ കലാരസികന്മാരെ സ്നേഹാദരപൂർവ്വം അഭിനന്ദിക്കാം.

കോമളകലകളിലുള്ള അഭിനിവേശവും തദ്വിഷയകമായ അഭ്യുദയവും ഒരു ജനസമുദായത്തിന്റെ സാംസ്കാരസമുന്നതിയെ വിളംബരം ചെയ്യുന്നു. കവിതയാകട്ടെ കോമളകലകളുടെ ശിരോലങ്കാരവുമാകുന്നു. കേരളത്തിന്റെ കാവ്യപാരമ്പര്യം സുപ്രസിദ്ധമാണുതാനും. എങ്കിലും മലയാളത്തിൽ കവിതയുടെ കൂമ്പടഞ്ഞു എന്നും സാഹിത്യത്തിൽ ഒരു സ്തംഭനാവസ്ഥ സഞ്ജാതമായിരിക്കു

ന്നു എന്നും മററും ചില ശബ്ദങ്ങൾ പൊട്ടിപ്പുറപ്പെടാൻ തുടങ്ങിയിട്ടുണ്ടു്. കവികളുടേയും കാഥികരുടേയും നിരൂപകന്മാരുടേയും ഒരു കാനേഷുമാരി തയ്യാറാക്കിയാൽ പണ്ടത്തേതിൽ പതിന്മടങ്ങു് ആളുകളുണ്ടെന്നു കാണാം. പിന്നെ എന്താണു മേൽ പറഞ്ഞ ആവലാതിയുടെ അടിസ്ഥാനം? കലാമൂല്യമുള്ള കൃതികളുടെ വൈരളൃം എന്നാണോ? ആണെങ്കിൽ അതു മലയാളഭാഷയെ മാത്രം സംബന്ധിക്കുന്ന സംഗതിയാണെന്നു പറഞ്ഞുകൂടാ. ഇന്നു ശാസ്ത്രമാണു ലോകത്തിന്റെ ഭരണാധികാരി. ഒരു യന്ത്രയുഗത്തിന്റെ നടുവിൽ കിടന്നു നാം നട്ടം തിരിയുകയാണു്. സാഹിത്യം അതിന്റെ രത്നഖചിതമായ കനക കിരീടം താഴത്തു വെച്ചു കഴിഞ്ഞു. ചെങ്കോൽ വലിച്ചെറിഞ്ഞു 'ദണ്ഡനാധികാരത്താൽ കണ്ണുരുട്ടുന്ന' ശാസ്ത്രത്തിന്റെ മുമ്പിൽ ദണ്ഡനമസ്കാരം ചെയ്യുന്ന ഘട്ടം വരെ എത്തിയിരിക്കുന്നു. ഇങ്ങനെ ലോകത്തിൽ സാർവ്വത്രികമായ ഒരു സാഹിത്യസ്തംഭനമുണ്ടായിട്ടുണ്ടെന്നും അതിന്റെ ഓഹരി മലയാളത്തിനും കിട്ടിയിട്ടുണ്ടെന്നും സമ്മതിക്കാനേ ഞാൻ ഒരുക്കമുള്ളു. സംഭവിച്ച സ്തംഭനം പരിഹരിക്കാൻ ധാര പകരുക, കൂമ്പടഞ്ഞെങ്കിൽ പുതിയ കൂമ്പു കുരുക്കുവാൻ ശുശ്രൂഷിക്കുക; ഇതാണു പരിഹാരമാർഗ്ഗം. ഇതുതന്നെയാണു് ഇത്തരം കാവ്യോത്സവത്തിന്റെ പ്രയോജനവും.

—വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

## പ്രബന്ധങ്ങൾ


| | |
|---|---|
| പാട്ടുകളിലെ വീരാരാധന | എം. കൃഷ്ണൻനായർ |
| പഴയപാട്ടുകൾ: ഭാഷാവൃത്തവിചാരം | കെ. കെ. വാദ്ധ്യാർ |
| നാടൻപാട്ടിലെ ഭാഷ | ഡാ: എസ്. കെ. നായർ |
| നാടൻപാട്ടുകളിലെ ഭക്തിരസം | സി. ഐ. ഗോപാലപിള്ള |
| നാടൻപാട്ടുകളിലെ സാമൂഹ്യാംശം | ജി. ശങ്കരപ്പിള്ള |
| നാടൻപാട്ടുകളിലെ സൗന്ദര്യബോധം | കിളിമാനൂർ വിശ്വംഭരൻ |


## പാട്ടുകൾ


ഉയിലുണർത്തുപാട്ട്

മാവേലിപ്പാട്ട്

തിരുവാതിര

മതപരമായ ഗാനങ്ങൾ

തൊഴിൽപരമായ ഗാനങ്ങൾ

തെക്കൻപാട്ട്

വടക്കൻപാട്ട്

# പാട്ടുകളിലെ വീരാരാധന

ഹൃദയം കവിഞ്ഞൊഴുകുന്ന അഭിമാനത്തോടുകൂടി നാട്ടിനും നാട്ടുകാർക്കുംവേണ്ടി ആത്മത്യാഗംചെയ്ത വീരപുരുഷന്മാരുടെ അപദാനങ്ങളിലേയ്ക്കാണ് ഞാൻ നിങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുന്നതു്. ആ അപദാനങ്ങൾ പ്രകീർത്തനം ചെയ്തിട്ടുള്ള ഗാനപരമ്പരകൾ നമുക്കു സുപരിചിതങ്ങളാണ്. അവ സൃഷ്ടിക്കുന്ന ആ പ്രത്യേക ലോകം നമുക്കിന്നും സ്തോഭജനകമാണ്; വികാരോദ്ദീപകമാണ്. സമരാവേശംകൊണ്ട വീരപുരുഷന്മാരുടെ യുദ്ധാഹ്വാനങ്ങൾ, ആയുധസംഘട്ടനത്താൽ ഉദ്യുക്തമാകുന്ന ശബ്ദഘോഷങ്ങൾ അവയെല്ലാം നാം അവിടെ കേൾക്കുന്നു. പറന്നുവെട്ടി പമ്പരംതിരിഞ്ഞു കോട്ടകളും ഗോപുരങ്ങളും തകർത്തു തരിപ്പണമാക്കുന്ന യുദ്ധസമ്പ്രദായങ്ങൾ, പുലിയങ്കം, പൂഴിയങ്കം, വാൾത്താരിയങ്കം, തച്ചോളി ഓതിരം എന്നീ അടവുകൾ, ചുരികമേൽ കയ

റിനിന്നു്, 'ഏഴഴനൂത്തങ്ങളും കുറിക്കുന്ന' കായികാഭ്യാസങ്ങൾ എന്നിവയും നാമവിടെ ദശിക്കുന്നു. പുളകോദ്ഗമകാരികളായ അത്ഭുതസംഭവങ്ങൾ നമ്മുടെ ഹൃദയത്തിൽ വികാരത്തിൻെറ വേലിയേററമുണ്ടാക്കുന്നു. വീരപുരുഷന്മാരുടെ അപദാനങ്ങൾകൊണ്ടുമാത്രം മുഖരിതമല്ല ആ ലോകം. ആകൃതി സൌഭഗത്താൽ അനുഗൃഹീതരായ വീരതരുണികളുടെ യുദ്ധാഹ്വാനങ്ങളും നമുക്കു് ഈ ഗാനപരമ്പരകളിലൂടെ ശ്രവിക്കാം. അവിടെ ദശനീയമാകുന്ന വീരശൌര്യങ്ങളുടെ സന്നിധാനത്തിൽ നാം അവനതശിരസ്കരായി നിന്നുപോകുന്നു. ശതാബ്ദങ്ങൾ കടന്നു പോയിട്ടും കേരളീയരുടെ ഹൃദയംഗമമായ പരിഗണനയ്ക്കു വിധേയമായിക്കൊണ്ടു് ഈ ഗാനതല്ലജങ്ങൾ—വടക്കൻ പാട്ടുകൾ—അക്ഷയഭാസ്സോടെ പരിലസിക്കുകയാണു്. ഹൃദയത്തിൽനിന്നു ജനിച്ചു് ഹൃദയത്തിലേയ്ക്കു സംക്രമിക്കുന്ന ഈ ഗാനങ്ങൾ ഇന്നും നമ്മുടെ ബുദ്ധിയെ വികസ്വരമാക്കിക്കൊണ്ടിരിക്കുന്നു. കേരളീയരുടെ രാജ്യാഭിമാന ശക്തിയും വീരാരാധനാ കൌതുകവും പ്രഭാകര ദീപ്തിയോടെ ഈ ഗാനങ്ങളിൽ വിലസുകയാണു്.

ആഭ്യന്തര പരിഷ്കാരത്തെ ലക്ഷ്യമാക്കി നിമ്മിക്കപ്പെട്ടിട്ടുള്ള വടക്കൻപാട്ടുകൾ പുരാതനകേരളീയക്കു് പൌരുഷചരിതങ്ങളിലുള്ള അഭിവാഞ്ഛയെ പ്രദശിപ്പിക്കുന്നുണ്ടു്. വീരാരാധനാകുതുകികളാണു് കേരളീയർ. വീരചരിതങ്ങളും വീരചരമങ്ങളും അഭിമാനത്തോടുകൂടി പാടാൻ അവക്കു് ആഗ്രഹമുണ്ടു്. പൌരുഷപ്രഭാവന്മാരായ അവരുടെ ആ അഭിലാഷത്തിൻെറ നൈസഗ്ഗിക പരിണാമമാണു് നാം വടക്കൻപാട്ടുകളിൽ ദശിക്കുന്നതു്

ആരുടെയും അധികാരത്തെ വകവച്ചുകൊടുക്കാത്തവരാണ് കേരളീയർ എങ്കിലും, അവർ തങ്ങളുടെ നാട്ടിൻെറ ധീരചരിതങ്ങളിൽ വിജൃംഭിത വീര്യന്മാരായി. വീരാരാധന അവരുടെ ജീവിതത്തിൻെറ ഒരനപേക്ഷണീയഘടകമായി. പൌരുഷത്തിനും, അതിൽ നിന്നു സംജാതമാകുന്ന അഭിമാനത്തിനും പ്രത്യേകസ്ഥാനം കേരളീയർ നൽകിയിരുന്നു. കർമ്മനിരതമായ ജീവിതം വിഷയ സുഖപ്രാപ്തിയെക്കാൾ അഭികാമ്യമാണെന്നും, അക്കാരണംകൊണ്ടു് ആ ജീവിതം നയിക്കുന്നവർ ബഹുമാന്യരാണെന്നും അവർ കരുതി. വീരകേസരികളുടെ പൌരുഷത്തിൽ വിശ്വസിച്ചിരുന്ന കാലമായിരുന്നു അതു്. അവർക്കുള്ള ആ അഭിമാനവും ബഹുമാനവും ക്രിയാത്മകമായ ഒരു കാവ്യസരണിയിലൂടെ ആവിഷ്കൃതമായി. വടക്കൻ പാട്ടുകൾ അങ്ങനെയാണു് ജനനമെടുത്തതു്.

നൈസർഗ്ഗികങ്ങളായ ഗുണവിഭവങ്ങൾകൊണ്ടു ചിലർ അനുഗൃഹീതരാണെന്നും അതുകൊണ്ടു് അവർ ബഹുമാനം ആർജ്ജിക്കുന്നുവെന്നും ഉള്ള വിശ്വാസമാണു് ഈ ഗാനങ്ങളുടെ പ്രഭവസ്ഥാനം. ഗുണഗണങ്ങൾ സിദ്ധമായിരുന്നാൽ മാത്രം പോര. പ്രവർത്തനംകൊണ്ടു് അവയെ സാക്ഷാൽക്കരിക്കുകയും വേണം. ധീരോജ്ജ്വലമായ ജീവിതത്തിൻെറ അഗ്നിപരീക്ഷണങ്ങളിലൂടെ അതിൻെറ മാററു് പരീക്ഷിക്കപ്പെടുകയും പ്രദർശിക്കപ്പെടുകയും ചെയ്യുന്നു. സംഘട്ടനത്തിൽ വിജയംപ്രാപിക്കണമെന്നു നിർബന്ധമില്ല. മരണം ജീവിതത്തേക്കാൾ പലപ്പോഴും അഭികാമ്യമാണു്; അഭിനന്ദനാർഹമാണു്. അങ്ങനെ മാനുഷികദൗർബല്യത്തിൻെറ വേദനാജനകങ്ങളായ പരിധി

കളെ അതിലംഘിച്ചുകൊണ്ടു്, കൂടുതൽ വികസിതവും ആകർഷോജ്ജ്വലവുമായ ജീവിതത്തിലേയ്ക്കു് ആ പുരുഷകേസരികൾ കുതിക്കുകയാണു്. ആരോമൽച്ചേകവരും, ആരോമുണ്ണിയും, തച്ചോളിഒതേനനും അങ്ങനെയാണു നമ്മുടെ ആരാധനാപാത്രങ്ങളായിട്ടുള്ളതു്. വിഷയപ്രധാനങ്ങളും നാടകീയങ്ങളുമായ ആ ഗാനങ്ങൾ അവരുടെ അപദാനങ്ങൾ പാടുകയാണു്. നിരൂപണങ്ങൾക്കോ വ്യാഖ്യാനങ്ങൾക്കോ അവിടെ സ്ഥാനമില്ല. നാടകീയമായ ഒരന്തരീക്ഷം. സുവ്യക്തങ്ങളും സ്വതന്ത്രങ്ങളുമായ കഥകൾ. നാം അതിൽ വിലയംപ്രാപിക്കുകയാണു്. ഹൃദയസ്പൃശ്യായ ഒരു കഥ ഞാനൊന്നു സൂചിപ്പിച്ചുകൊള്ളട്ടേ.

പ്രതിയാതിരിനാട്ടിലെ കുറുങ്ങാടിടംഭവനത്തിൽ കാരണവസ്ഥാനത്തെക്കുറിച്ചു തക്കമുണ്ടായി. ഉണിക്കോനാരും ഉണിച്ചന്ത്രോരും ആയിരുന്നു അവകാശികൾ. തെളിവുകളെല്ലാം ഉണിക്കോനാൎക്കു് അനുകൂലമായിരുന്നു. സകല പരീക്ഷകളിലും ഉണിച്ചന്ത്രോർ പരാജയപ്പെട്ടുവെങ്കിലും അയാൾ പിന്മാറിയില്ല. അങ്കംകൊണ്ടു് അതു തീൎച്ചപ്പെടുത്തണമെന്നായി. രണ്ടുപേരും യുദ്ധമുറകളിൽ പ്രത്യേക വൈദഗ്ദ്ധ്യമുള്ള ചേകോന്മാരെ അന്വേഷിച്ചു. ചതിപ്പുണിയിൽ പ്രസിദ്ധനായ അരിങ്ങോടരെയാണു് ഉണിച്ചന്ത്രോൎക്കു ചേകോനായി കിട്ടിയതു്. ഉണിക്കോനാരുടെ ചേകോനെന്നനിലയിൽ അരിങ്ങോടരോടു് എതിക്കാൻ ആരോമർ എന്ന വീരനും സന്നദ്ധനായി. ആരോമൎക്കു സഹായത്തിനു കിട്ടിയതു് അച്ഛൻെറ അനന്തിരവനായ ചന്തുവിനെയാണു്. ആരോമരുടെ സഹോദരി

യായ ഉണ്ണിയാർച്ച ഒരുകാലത്തു ചന്തുവിൻെറ ഭാര്യാപദം സ്വീകരിക്കുവാൻ വിസമ്മതിച്ചതുകൊണ്ട് അയാൾക്ക് ആരോമരോട്ട വിരോധമുണ്ടായിരുന്നു. ചന്തുവിനെ അരിങ്ങോടർ വശത്താക്കി. വിവാഹത്തിനു സമ്മതിക്കാത്തതുകൊണ്ടുള്ള വിരോധം അങ്കംപൊരുതുമ്പോൾ കാണിക്കരുതെന്നും ആരോമർ അങ്കത്തിൽ വിജയശ്രീലാളിതനായാൽ താൻ ചന്തുവിൻെറ ഭാര്യാപദം സ്വീകരിച്ചുകൊള്ളാമെന്നും ഉണ്ണിയാർച്ച ചന്തുവിനോട്ട പറഞ്ഞു. എങ്കിലും ചന്തു ചതിക്കുകതന്നെ ചെയ്തു. അങ്കം ആരംഭിക്കുന്നതിനു മുമ്പ് ആരോമർ ഒരു പയററുമുറ പ്രദർശിപ്പിച്ചതു നോക്കുക:

"അവിടുന്നെഴുന്നേററു ആരോമരും
പീഠം വലിച്ചങ്ങുവച്ചു ചേകോൻ
പാവാടതന്നെ വിരിക്കുന്നുണ്ട്
പാവാട മുകളിൽ തളികവച്ചു
തളിക നിറയോളം വെള്ളരിയും
വെള്ളരിമീതേയൊരു നാളികേരം
നാളികേരത്തിന്മേൽ ചെമ്പഴുക്ക
പഴുക്കമോളിലൊരു കോഴിമുട്ട
കോഴിമുട്ടമേലേ തുശിനാട്ടി
തുശീമുനമേൽ ചുരികനാട്ടി
ചുരികമുനമേൽ മറിഞ്ഞുനിന്നു
നൃത്തങ്ങളേഴും കുറിച്ചുവന്നും."

പിന്നീട് അങ്കം തുടങ്ങി. അരിങ്ങോടരെ ദ്വന്ദ്വയുദ്ധത്തിൽ ആരോമർ വധിച്ചെങ്കിലും തളർച്ചകൊണ്ട് ചന്തുവിൻെറ മടിയിൽകിടന്നു മയങ്ങിപ്പോയി. അ

പ്പോൾ ചന്തു കുത്തുവിളക്കിൻെറ തണ്ടു് ചൂടുപിടിപ്പിച്ചു് ആരോമരുടെ വയററത്തുണ്ടായിരുന്ന ഒരു മുറിവിൽ കുത്തുകയും ആ കുത്തേററ് അദ്ദേഹം ആസന്നമൃത്യുവായിത്തീരുകയും ചെയ്തു. കനകപ്പല്ലക്കിലേറി വീട്ടിലെത്തിയ ആ യോദ്ധാവു് ഇരുപത്തിരണ്ടാമത്തെ വയസ്സിൽ പരലോകപ്രാപ്തനായി. വികാരോത്തേജകമായ ഈ ഗാനത്തിൻെറ ആർദ്രീകരണശക്തി അസാധാരണമാണു്. വീരരസപ്രതിപാദനംകൊണ്ടു് ഇതിൻെറ ആദ്യഭാഗവും കരുണരസാത്മകത്വംകൊണ്ടു് അന്ത്യഭാഗവും ഒരുപോലെ സമാകർഷകമായിരിക്കുന്നു. ആരോമക്കു സദൃശന്മാരായ മററു വീരന്മാരും വടക്കൻപാട്ടുകളിൽ കീർത്തിക്കപ്പെടുന്നുണ്ടു്. തൻെറ അമ്മാവനായ ആരോമരെ ചതിച്ചുകൊന്ന ചന്തുവിൻെറ കയ്യും തലയും വീരാളിപ്പട്ടിൽ പൊതിഞ്ഞുകൊണ്ടുപോയ ആരോമുണ്ണിയും, പരാക്രമപ്രൌഢികൊണ്ടു് സുയശസ്സ് ആർജ്ജിച്ച തച്ചോളി ഒതേനനും യുദ്ധവൈദഗ്ദ്ധ്യത്തിൻെറ പരകോടിയിലെത്തിച്ചേർന്ന തച്ചോളിച്ചന്തുവും നമ്മുടെ സ്മൃതിദർപ്പണത്തിൽനിന്നും ഒരിക്കലും മാഞ്ഞുപോകാത്ത വിഗ്രഹങ്ങളാണു്. ഇത്രയും പറഞ്ഞതുകൊണ്ടു് അക്കാലത്തെ തരുണികൾ മോശക്കാരായിരുന്നുവെന്നു് ആരും ധരിക്കരുതു്. ആരോമൽച്ചേകവർ, ഒതേനൻ എന്നിവരെപ്പോലെ പോർക്കളത്തിൽ ചാടിയിറങ്ങി ഉറുമിയും ചുരികയും എടുത്തു് പടവെട്ടുവാൻതക്ക ധൈര്യവും ശക്തിയും ഉണ്ടായിരുന്നവരാണു് ഉണ്ണിയാർച്ചയും കൊടർമാലകുങ്കിയും മാത്തുക്കുട്ടിയും. ഈ വീരതരുണികളിൽ പ്രഥമസ്ഥാനം ഉണ്ണിയാർച്ചയ്ക്കുതന്നെ. അവൾ ഒരുദിവസം അല്ലിമ

ലർക്കാവിലെ കൂത്തുകാണണമെന്നു തീരുമാനിച്ച് ഭർത്താവിൻെറ അച്ഛനോട് അനുവാദം ചോദിച്ചു. മാർഗ്ഗമദ്ധ്യേ എടവട്ടത്തങ്ങാടി എന്ന സ്ഥലമുണ്ടെന്നും അവിടെ അക്രമികൾ ധാരാളമുള്ളതിനാൽ സ്ത്രീകളെ അപമാനിക്കുമെന്നും അദ്ദേഹം മറുപടിപറഞ്ഞു. ഉണ്ണിയാർച്ച വകവച്ചില്ല. അവൾ ചമഞ്ഞൊരുങ്ങി പുറപ്പെട്ടു. ഭർത്താവിന് അതു രസിച്ചില്ല. അവളെ തല്ലുമെന്നു ഭയപ്പെടുത്തി. "അച്ഛനും, അമ്മയും, ആങ്ങളയും, ഗുരുക്കളും ഇതുവരെ അടിച്ചിട്ടില്ലാത്തതിനാൽ അടിക്കാനായി ഇനി പുതിയൊരാൾ ഉണ്ടാകുന്നതല്ല" എന്നായിരുന്നു അവളുടെ മറുപടി. എട്ടും പൊട്ടും തിരിയാത്തവനാണ് ഭർത്താവെന്ന് കളരിയിൽവന്ന ശിഷ്യരോട് പറഞ്ഞുകൊണ്ട് അവൾ യാത്രയായി. കൂടെച്ചെന്ന ഭർത്താവിനെ അവൾ പരിഹസിക്കുകയും ചെയ്തു. വഴിയിൽവെച്ച് അക്രമികൾ അവളെ വളഞ്ഞു. ഭർത്താവിൻെറ ഭയം തീർക്കാനായിരുന്നു അവൾക്കു വലിയ പ്രയാസം നേരിട്ടതു്. ഏതായാലും ഉറുമി ഊരിക്കൊണ്ട് അവൾ അക്രമികളെ എതിർത്തു. ആ സംഘട്ടനത്തിൽ അനേകംപേർ മരിക്കുകയും ചെയ്തു. തിരിച്ചു ഭവനത്തിലെത്തിയപ്പോൾ ശ്വശുരനോടും ശ്വശ്രുവോടും "നിങ്ങളുടെ മകനെ ഞാൻ കൊല്ലിച്ചിട്ടില്ല" എന്നു പറഞ്ഞു് അവൾ ഭർത്താവിൻെറ കയ്യുപിടിച്ച് അവരെ ഏല്പിച്ചു. ഉണ്ണിയാർച്ചയുടെ അടവും അഭ്യാസവും ധൈര്യവും നമ്മെ അത്ഭുതപരതന്ത്രരാക്കുന്നുണ്ട്. എങ്കിലും ഭർത്താവിനോടുള്ള അവളുടെ പെരുമാററം ആശാസ്യമായിരുന്നുവെന്ന് പുരുഷന്മാർ ആരും സമ്മതിക്കുമെന്നു തോന്നുന്നില്ല. രണവൈഭവത്തിൻെറ മൂ

ത്തിമദ്ഭാവങ്ങളായിരുന്ന ഈ വീരതരുണികളെന്നു പറഞ്ഞതുകൊണ്ട് അവർ ഇംഗ്ലീഷിൽ Amazons എന്നു പറയുന്ന ഭയങ്കരികളുടെ വർഗ്ഗത്തിലാണ് ഉൾപ്പെട്ടിരുന്നതെന്നു തെററിദ്ധരിക്കേണ്ടതില്ല. ആകൃതിസൌഭഗത്തിൽ അവർ ആരുടേയും പിന്നിലായിരുന്നില്ല. വസ്ത്രധാരണത്തിൻെറ മോടി വർദ്ധിപ്പിക്കുന്നതിലും ആഭരണങ്ങൾ അണിയുന്നതിലും അവർ അന്നും ശ്രദ്ധിച്ചിരുന്നു. "കണ്ണാടിനോക്കി തിലകംതൊട്ട്, പീലിത്തിരുമുടി കെട്ടിവെച്ച്, അഞ്ജനംകൊണ്ട് കണ്ണെഴുതി, ഏഴകടലോടിവന്നപട്ട് പൂക്കല ഞെറിവച്ചുടുത്തുകൊണ്ടാണ്" ഉണ്ണിയാർച്ച കൃത്തുകാണാനിറങ്ങുന്നത്. പൊൻതോടയും കോട്ടപ്പടിവച്ച പൊന്നരഞ്ഞാണും, ഏഴ്ചുററുള്ള പൊൻമാലയും രാമായണംകൊത്തിയ വളകളും അവർ ധരിക്കുന്നുമുണ്ട്. 'മുടിയിന്മേൽ കൊടികെട്ടിയ' കുട്ടിമാണിയും, ശത്രുക്കൾ വന്നപ്പോൾ തൻെറ തലമുടി വിടുത്തി കാമുകനെ അതിലൊളിപ്പിച്ച ഉണ്ണിയും സുന്ദരിമാരായിരുന്നു. ആയുധാഭ്യാസത്തിലും പോരാട്ടത്തിലും സ്ത്രീപുരുഷഭേദം അക്കാലത്ത് ഇല്ലായിരുവെങ്കിലും,

"പെണ്ണുമദിച്ചാലോ 'കുട്ടി'യാണ്
ആണുമദിച്ചാലോ 'വെട്ട്'മാണ്"

എന്ന തത്വവും അവർ അറിഞ്ഞിരുന്നു. എങ്കിലും അവരുടെ സ്ത്രീത്വം പരമാവധി പ്രത്യക്ഷപ്പെട്ടിരുന്നത് രണവൈദഗ്ധ്യത്തിലാണെന്നുമാത്രം. കൊടർമാലകൂങ്കി പുരുഷവേഷം ധരിച്ച് പോക്കളത്തിൽചാടി നനമുണ്ടുകൊണ്ട് അസ്ത്രം പിടിച്ചെറിഞ്ഞു് തച്ചോളിച്ചന്തുവിനെ സഹായിക്കുന്ന രംഗം രോമഹർഷത്തോടുകൂടിയല്ലാതെ കാണുവാൻ സാദ്ധ്യമല്ല.

വടക്കൻപാട്ടുകളും തെക്കൻപാട്ടുകളിൽ പ്രഥമ സ്ഥാനമർഹിക്കുന്ന 'ഇരവിക്കുട്ടിപ്പിള്ളപ്പോരു്' എന്ന വില്ലടിച്ചാൻപാട്ടും ക്രിയാത്മകമായ കവിത (Poetry of action) എന്ന വിഭാഗത്തിൽ ഉൾപ്പെടും. അതുകൊണ്ടു് സംഘട്ടനാത്മകമായ കഥയ്ക്കു് സർവ്വപ്രാധാന്യമുണ്ടു് ഈ ഗാനങ്ങളിൽ. വീരന്മാരുടെ പ്രവർത്തനമണ്ഡലം പോർക്കളമാണു്. അതിനാലാണു് ഈ ഗാനങ്ങൾ യുദ്ധവീരന്മാരെ പ്രകീർത്തനം ചെയ്യുന്നതും. നായകനു് മരണം സംഭവിക്കാം. അതു ദുഃഖാത്മകവുമാകാം. എങ്കിലും അതിൽ നിന്നു് ആർജ്ജിക്കുന്ന യശസ്സു് ആ ദുഃഖത്തിൻെറ തീവ്രതയെ കുറയ്ക്കുകയാണു്. വടക്കൻപാട്ടുകളിലെ വീരപുരുഷന്മാരും, വീരതരുണികളും അസാമാന്യമായ ശക്തിവിശേഷമുള്ളവരാണെങ്കിലും, മാനുഷികതത്വത്തിൻെറ സാധാരണ പരിധിയിൽനിന്നു് അവർ കടന്നുനില്ക്കുന്നുവെങ്കിലും, തീർച്ചയായും അവർ മനുഷ്യർതന്നെയാണു്. അവക്കും മനുഷ്യസഹജങ്ങളായ വികാരങ്ങളുണ്ടു്. മാനുഷികങ്ങളായ സദ്ഗുണങ്ങളിൽ പൊതുജനശ്രദ്ധ കേന്ദ്രീകരിക്കുമ്പോഴാണല്ലോ വീരധർമ്മാത്മകങ്ങളായ കവിതകൾ സംജാതമാകുന്നതും. ഈ യുദ്ധവീരന്മാരുടെ മെയ്സ്വാധീനം മാത്രമല്ല അവർ കച്ചചുററുന്ന രീതിപോലും വിസ്മയജനകമാണു്.

"പന്തുകണക്കെ ചുരുട്ടിക്കച്ച
ആകാശം ചൂണ്ടിയെറിയുന്നുണ്ടേ
അയ്യാളെ കരത്തിൽ വരുന്നമുമ്പിൽ
പകിരിതിരിഞ്ഞങ്ങു കെട്ടികച്ചാ"

എന്നാണു് ആ സമ്പ്രദായം വർണ്ണിക്കപ്പെട്ടിട്ടുള്ളതു്.

വടക്കൻപാട്ടുകൾ പലകാലങ്ങളിൽ പലരാൽ നിർമ്മിക്കപ്പെട്ടവയാണെങ്കിലും അവയെല്ലാം ഏകകർത്തൃകങ്ങളാണെന്ന ബോധമാണ് നമുക്ക് ഉണ്ടാകുന്നത്. ഇതിൻെറ കാരണം അവയിൽ പ്രകടമാകുന്ന വീരാരാധനയല്ലാതെ മററൊന്നുമല്ല. പ്രതിപാദനരീതിയിലും പ്രതിപാദ്യസ്വീകരണത്തിലും ഇവയിൽനിന്നു വ്യത്യസ്തമായി നില്ക്കുന്ന തെക്കൻപാട്ടുകൾക്കും ഇക്കാര്യത്തിൽ സാദൃശ്യമുണ്ട്. വീരധർമ്മാത്മകങ്ങളായ ഗാനങ്ങളുടെ കാലം കഴിഞ്ഞുപോയിയെന്നു വിലപിക്കുന്നവരുണ്ട്. പക്ഷേ ആ വിലാപം അസ്ഥാനത്താണ്. സന്ദർഭം വരുമ്പോൾ വീരാരാധനോത്സുകമായ ഹൃദയങ്ങൾ സ്പന്ദിക്കാതിരിക്കുകയില്ല. ഒരുദാഹരണം പറയാം. 1917-ലെ റഷ്യൻവിപ്ലവം ഇതിനു സദൃശങ്ങളായ ഗാനങ്ങളുടെ ജനനത്തിനു കാരണമായിഭവിച്ചിട്ടുണ്ട്. അവയിലെല്ലാം വിപ്ലവാചാര്യനായ ലെനിനാണ് നായകൻ. മാർഫാ ക്രൂയുക്കോവാ എഴുതിയ Tale of Lenin അവയിൽ പ്രാധാന്യമർഹിക്കുന്നു. ആ ഗാനത്തിൽ ലെനിൻ പറയുകയാണ്:

"To kill a Tsar is a small gain
You kill one Tsar and another Tsar rises
We must fight, we must fight in another way
Against all princes, against all nobles
Against the whole order up to now."

ലെനിൻ രോഗബാധിതനാകുമ്പോൾ അദ്ദേഹത്തിൻെറ സഖാവായ സ്റ്റാലിൻ ഭടന്മാരെ അഭിസംബോധനചെയ്തു പറയുകയാണ്:

"Hey you fellow soldiers of the red army
Hey you famous factory workers
Hey you peasants, tillers of black soil
A time has come a most hard time
A time has come a most warlike time
We must gather our last strength
With our valorous valour we must crush
our enemies
Crush our enemies scatter all doers of evil."

സ്റ്റാലിൻെറ പ്രഭാഷണത്തിന് ഉദ്ദേശിച്ച ഫലം സിദ്ധിച്ചു. വിജയം കരഗതമായി. ലെനിൻ ആ സമയത്തു മരണം പ്രാപിച്ചു. പ്രകൃതിപോലും ആ ചരമത്തിൽ വിലപിച്ചു. കവിതയുടെ രീതിയും ഘടനയും പരമ്പരാഗതമാണ്. പക്ഷേ അതു് ആധുനികചരിത്രത്തിൻെറ പ്രക്ഷോഭജനകങ്ങളായ സംഭവങ്ങൾക്ക് അനുരൂപമാണ്.

വടക്കൻപാട്ടുകൾപോലെയുള്ള വീരധർമ്മാത്മകങ്ങളായ ഗാനങ്ങൾ പിന്നീടും ധാരാളം ഉണ്ടാകാത്തതിൻെറ കാരണം അത്ഭുതകരമല്ല. പക്ഷേ അവ ഇന്നും നമ്മുടെ ജീവിതത്തോടു ചേർന്നിലുന്നതു് അത്ഭുതകരംതന്നെ. വീരാരാധനയ്ക്കുള്ള പ്രവണത മനുഷ്യമനസ്സിൻെറ ഒരവിഭാജ്യഘടകമായി വർത്തിക്കുന്ന കാലത്തോളം അവ നിലനില്ക്കുകയും ചെയ്യും.

അവ്യാജസുന്ദരങ്ങളായ ഈ ഗാനങ്ങളുടെ പ്രണേതാക്കൾ നമുക്ക് അജ്ഞാതരാണ്. എങ്കിലും വീരചരിതപ്രകീർത്തനത്തിന് തൂലികയെടുത്ത മനുഷ്യസ്നേഹികളെ നാമിവിടെകാണുന്നു. അവരുടെ ആ വീരാരാധനാപ്രവണ

തയും ചേതോമോഹനമായ കാവ്യപദ്ധതിയും നമ്മുടെ ആത്മാക്കളെ രോമഹർഷമണിയിക്കുന്നു. അവരുടെ മുൻപിൽ കൈക്കൂപ്പിനില്ക്കുകയല്ലാതെ മറ്റെന്താണു നമുക്കു ചെയ്യാനുള്ളതു്?

എം. കൃഷ്ണൻനായർ

★

# പഴയ പാട്ടുകൾ—
# ഭാഷാവൃത്തവിചാരം

മലയാളസാഹിതീദേവി മുമ്പൊക്കെ മണിമേടകളിലാണത്രെ വിലസിയിരുന്നതു്; നമ്മുടെ സാഹിത്യവിമൎശകന്മാർ മാത്രമല്ല പ്രമുഖസാഹിത്യകാരന്മാരും ഇങ്ങനെ പറയാറുണ്ടു്. പണ്ടൊക്കെ നമ്മുടെ കവിത പണക്കാരുടെ വിശ്രമവിഹാരത്തിനുള്ള കുത്തകസ്വത്തായിരുന്നു എന്നു പറയുന്നതു് തികച്ചും ശരിയാണോ? ഒന്നു ചിന്തിക്കുക! വെള്ളംതേവുന്ന ചെറുമനും ഞാറുനടുന്ന ചെറുമിക്കും വള്ളമൂന്നുന്ന മുക്കുവനുമൊക്കെ, ആയാസമാററാനും ആഹ്ലാദമിയററാനുമായി പലതരം കവിതകളുണ്ടായിരുന്നു. തിറയും തോററവും സൎപ്പബലിയും പിണിതുള്ളലും ശാസ്താപൂജയും എവിടെനടത്തിയാലും ആരുനടത്തിച്ചാലും വേലൻെറയും പുള്ളുവൻെറയും കണിയാൻെറയും പാണൻെറയുമെല്ലാം പ്രാകൃതമായ ആ പഴയപാട്ടുകൾതന്നെയായിരുന്നു ആവശ്യത്തിനും ആസ്വാദനത്തിനും ഉതകിയിരുന്നതു്. ഓണക്കളിക്കും തുമ്പിതുള്ളലിനും എന്നുവേണ്ട നാട്ടിടയിൽ നടപ്പിലിരുന്ന പലപല കളികൾക്കായും ന്തറുന്തറു പാട്ടുകൾ അന്നു നിലവിലിരുന്നവ പാവങ്ങളും പ്രഭുക്കളും ഒരുപോലെ ഉപയോഗിച്ചുപോന്നവയാണു്. ജന്മിനാടുവാഴികൾക്കു് അന്നു പ്രത്യേകിച്ചൊരുസാഹിത്യം ഉണ്ടായിരുന്നെങ്കിൽ അതു തമിഴോ സംസ്കൃതമോ

ആയിരുന്നിരിക്കണം. പണ്ടേ പാണൻ തുയിലുണർത്തു പാടിയിരുന്നതു്, അവൻെറ പിഴപ്പിനു മാത്രമല്ല മാളോരുടെ സാഹിത്യാസ്വാദനത്തിനും കൂടിയായിരുന്നു. ചുരുക്കത്തിൽ, നമ്മുടെ പഴയനാടോടിപ്പാട്ടുകൾ അവയുണ്ടായ കാലത്തെ പൊതുസാഹിത്യം തന്നെയായിരുന്നു എന്നു പറയുകയല്ലേ ശരി?

കാലപ്രവാഹം കേരളത്തിൻെറ പഴയ ചട്ടവട്ടങ്ങളെ മാററിമറിച്ചു. സാമൂഹ്യനിയമങ്ങളിലും സാമ്പത്തികബന്ധങ്ങളിലും വന്ന മാററങ്ങൾ ജീവിതത്തെ അധികമധികം കക്ക്ശവും ദുഷ്കരവുമാക്കി. കളിയും പാട്ടും കുറഞ്ഞു. പുതുവിദ്യാഭ്യാസവും പരിഷ്കാരഗതിയും പല കളികളേയും പാടേ പുറംതള്ളി. ഇതിനിടയ്ക്കു് സംസ്കൃതത്തിൽ ഉപരിവിദ്യാഭ്യാസം നേടിയ മേലാളർ, സംസ്കൃതത്തിൽനിന്നു് കാവ്യരൂപങ്ങളും കലാസങ്കേതങ്ങളും ആവിഷ്കരണസമ്പ്രദായങ്ങളും സ്വീകരിച്ചു് പ്രൗഢകവിതകൾ നിമ്മിച്ചുതുടങ്ങി. അപ്പോഴവക്കു് പഴയപാട്ടുകൾ പരിഹാസ്യങ്ങളായിത്തോന്നിയെങ്കിൽ വിസ്മയത്തിനു വകയില്ല. കീഴ്ജാതിക്കാരുടെ പാട്ടുകളിൽ അവക്കതന്നെയും അവ സ്വന്തം ജാതിത്താഴ്ചയുടെ ചിഹ്നങ്ങളെന്ന നിലയിൽ അവജ്ഞയായി. പാടുന്നവക്കും പാടിക്കുന്നവക്കും പ്രിയം കുറഞ്ഞെന്നു മാത്രമല്ല പുച്ഛം വരികയുമായി. എന്തിനധികം, കേരളത്തിൻെറ പ്രാചീന പൊതുസമ്പത്തായിരുന്ന ഈ സാമുദായികഗാനങ്ങൾ മിക്കവയും മാഞ്ഞുമറഞ്ഞു; ശേഷിച്ചവ സാഹിത്യമേയല്ല എന്ന നിലയുംവന്നു; അവയും നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണു്. ഇപ്പോഴിതാ, അവഗണിക്കപ്പെട്ട ആ സ

സ്വത്തുകളിൽ വീണ്ടും ആദരം വരികയാണിപ്പോൾ. ഏതാണ്ട് ഒരു തീർത്ഥാടനമനോഭാവത്തോടെ നാം അവയെ തേടിച്ചെല്ലുകയാണ്. "പാഥസാംനിചയം വാരാന്നൊഴിഞ്ഞളവു സേതുബന്ധനോദ്യോഗമെന്തെടോ?" എന്നു ചോദിക്കാറായ സമയത്തെങ്കിലും നമ്മൾ ആ പഴമയുടെ മഹിമകളെ സമാദരിക്കാൻ തുനിയുന്നത് സമുചിതം തന്നെ.

പഴയപാട്ടുകളോടുള്ള ഈ സമീപനത്തിൽ, പലർക്കും പലതാണു പ്രചോദനങ്ങൾ. ചിലരെ പ്രേരിപ്പിക്കുന്നതു ചരിത്ര ജിജ്ഞാസയാണ്. പഴയകോട്ടകളും ശിലാരേഖകളും നാണയങ്ങളും ചെപ്പേടുകളുമൊക്കെക്കിട്ടുവാൻ, കാടും മേടും തോടും കായലുമെല്ലാം കുഴിച്ചും തോണ്ടിയുമൊക്കെ പരിശോധിക്കാറില്ലേ ചരിത്രാന്വേഷകന്മാർ? ഈ പഴയ പാട്ടുകൾ സാമൂഹ്യചരിത്രാന്വേഷകർക്കു മാത്രമല്ല, ഭാഷാചരിത്രം, സാഹിത്യചരിത്രം ഇവയിൽ കൗതുകമുള്ളവർക്കും അവശ്യം തേടിപ്പിടിക്കേണ്ടിയിരിക്കുന്ന അനർഘ രേഖകളാണ്. ചിലരൊക്കെ ഈ പാട്ടുകളിലെ ശാലീനമായ സാഹിത്യസൗഭഗത്തിൽ സന്തുഷ്ടികൊള്ളുന്നവരാകാം. പിന്നെച്ചിലർക്കാവട്ടെ, ഇന്നത്തെക്കവിതകൾക്കുള്ള സുന്ദരരൂപമാതൃകകൾ എന്ന നിലയ്ക്കാണ് ഇവയിലുള്ള കൗതുകം. സാഹിത്യത്തെ പ്രധാനമായും ഒരു രാഷ്ട്രീയപ്രചരണോപാധിയും സമരായുധവുമായിക്കരുതുന്നവരാണവർ. സാധാരണക്കാരായ ബഹുജനങ്ങളിൽ വർഗ്ഗബോധവും വിപ്ലവാവേശവും ജനിപ്പിക്കുവാൻ അവരുടെ ഉള്ളിൽത്തട്ടുന്ന കാവ്യരൂപം തന്നെ വേണമല്ലോ. അനേകനൂററാണ്ടുകാലത്തെ പാര

ബര്യവഴിക്ക് ഇന്നും നമ്മുടെ ഹൃദയമണ്ഡലത്തിൽ മധുരമായ ഒരധികാരം നടത്തിപ്പോരുന്ന പഴയനാടോടിപ്പാട്ടുകളെ ജനകീയവിപ്ലവ കവിതകൾക്ക് ഏററവും പററിയ മാതൃകകളായിക്കരുതുകയാണ് ആധുനിക യുവകവികൾ. പുതിയ ഭാവത്തിന്ന പുതിയരൂപം വേണം എന്ന സമാദരണീയമായ സാഹിത്യതത്വത്തിലൂടെ സഞ്ചരിച്ച് ഏററവും പഴയരൂപത്തിലാണ് ഇപ്പോൾ ചെന്നുപെട്ടിരിക്കുന്നതു്! ചുരുക്കം ചിലർ പഴയപാട്ടുകളെ സമീപിക്കുന്നതു് വൃത്താന്വേഷണകൗതുകത്താലാണ്. കൂടുതൽകൂടുതൽ വൃത്തമാതൃകകൾസമ്പാദിക്കാനും ഇപ്പോൾ കിട്ടിയിട്ടുള്ളവയെക്കുറിച്ചുതന്നെ അധികമധികം അറിവുണ്ടാകുവാനും അതിൻെറ വെളിച്ചത്തിൽ നൂതനവൃത്തങ്ങളേയോ രൂപവൈചിത്ര്യങ്ങളെയോ കരുപ്പിടിപ്പിച്ചെടുക്കുവാനും കഴിയുമോഎന്നാണ് ഇക്കൂട്ടരുടെനോട്ടം. അവരുടെ പന്തിയിൽ ഇങ്ങേത്തലയ്ക്കലെങ്ങാൻ നിന്ന് ഒന്നങ്ങ് എത്തിനോക്കാനാണ് ഈയുള്ളവൻെറയും ശ്രമം.

ഭാഷാവൃത്തങ്ങളുടെ സാക്ഷാൽ ഈററില്ലങ്ങൾ ഈ പഴയ ജനകീയഗാനങ്ങളാണല്ലോ. പക്ഷേ, വളരെക്കാലമായി അറിയാതെയും കാണാതെയുംകിടക്കുന്ന ആ "ഭാസുരസാരസത്വഭണ്ഡാരപ്പുര"കളിലേയ്ക്കു കടക്കുവാൻ ഇന്നു കുറച്ചൊന്നുമല്ല വിഷമം. കടന്നാലോ?—ഹാ, പലതും കിട്ടാൻ കഴിയാത്തവണ്ണം നശിച്ചുകഴിഞ്ഞു. നാശോന്മുഖമായി ശേഷിക്കുന്നവതന്നെയും ശരിക്കു കൈക്കലാക്കുവാനും ഞെരുക്കം. എഴുതിയെടുക്കാനാണെന്നു പറഞ്ഞാൽ പാടിക്കേൾപ്പിക്കാൻ മടിച്ചുകളയും ഇവയറിയാവുന്ന പഴമക്കാരു്. തോററംപാട്ടിലെ ഒരു നല്ലഭാഗം ഒന്ന് എഴുതി

വാങ്ങിക്കാൻ ഈയിടെ ഞാൻ ഒരു ശ്രമം നടത്തുകയുണ്ടായി.” “അയ്യോ, അതു് എഴുതി പഠിച്ചുകൂടാ; കേട്ടുപഠിക്കുകയേയാവൂ; എഴുതിത്തന്നാലും വായിച്ചുപഠിച്ചാലും ദേവീകോപമുണ്ടാകും; നാക്കുപഴുക്കും, കണ്ണുപൊട്ടും, വേണ്ട സാറേ ആപത്തിനുപോകണ്ട.” ഇതായിരുന്നു ഒരു പാട്ടുകാരനിൽനിന്നു കിട്ടിയ മറുപടി! ഏകാന്തദീപ്തമാമിക്കാലത്തും! ഇങ്ങനെ ദൈവകോപം ശങ്കിക്കാനില്ലാത്ത പാട്ടുകളാകട്ടെ, ശങ്കിക്കാനുള്ളവയുടെ കാര്യത്തിൽത്തന്നെ—

“ചോദിക്കുന്നു നീർ നാവുവരണ്ടഹോ
ഭീതി വേണ്ട തരികതെനിക്കും നീ”

എന്നമട്ടിൽ അപേക്ഷിച്ചു് ഒരുവിധത്തിൽ ഭയം തീർക്കട്ടെ—എന്നിട്ടതു പാടിക്കേൾപ്പിച്ചാലോ: വായേക്കാളധികം മൂക്കുപയോഗിച്ചു്, മുക്കിയും മൂളിയും ഇഴച്ചും വലിച്ചുമുള്ള ആ പാട്ടിൽനിന്നു് സാഹിത്യരൂപം കുറിച്ചെടുക്കുവാൻ നന്നെ വിഷമിക്കും. കുറിച്ചെടുക്കുന്നതു തന്നെ ശുദ്ധപാഠമായിരിക്കുകയുമില്ല. കിട്ടിയരൂപം വച്ചുനോക്കുമ്പോഴാണു് പന്ത്രണ്ടുവരിക്കവിത പതിമൂന്നു വൃത്തമായി തോന്നുക! അക്ഷരം നോക്കിയാലും മാത്ര നോക്കിയാലും ഒരു പൊരുത്തം തോന്നുകയില്ല ആ വരികൾക്കു്.·വൃത്തവിചിന്തകൾ വാപൊളിച്ചു പോവില്ലേ? കഴിഞ്ഞ തലമുറയിലെ സാഹിത്യപണ്ഡിതന്മാർ അത്യദ്ധ്വാനം ചെയ്തു തേടിപ്പിടിച്ചു തന്നിട്ടുള്ള പാട്ടുകളിൽനിന്നു തന്നെ ഒരുദാഹരണം കാണിക്കാം. ഇതാ, തമ്പുരാൻപാട്ടിൻെറ പ്രാരംഭ ഭാഗം.

"കരത്തിൽ മാനും മഴുവും തരിത്തയ്ക്കരൻ
വനത്തിൽ കളിത്തങ്കാനരൂപമതാകവേ
കരുണയൊടു മലമകളും കരിണിയതാക വിര-
വൊടു ചമഞ്ഞു
മനതുയരെക്കളിത്തുയിരാകവെ വിളയാടുന്നാൾ"*

ഈ നാലു വരികൾക്കുംതമ്മിൽ സാരമായ വല്ല ഐക രൂപ്യവും തോന്നുന്നുണ്ടോ—ഇല്ലല്ലോ.

ഇങ്ങനെയൊക്കെയായാലും ശരി, ഭാഷാവൃത്തപഠനത്തിന് ഈ പഴയ പാട്ടുകളിൽത്തന്നെ കുറേ ശാസംമുട്ടിയെങ്കിലും, മുങ്ങിത്തപ്പാതെ നിവൃത്തിയില്ലതാനും. വഞ്ചിപ്പാട്ട് എന്നു കേൾക്കുമ്പോൾ നമുക്ക് ഓർമ്മ വരുന്നതു്—

"കെല്പോടെല്ലാ ജനങ്ങൾക്കും കേട്ടതീരത്തക്കവണ്ണം
എപ്പോഴുമന്നദാനവും ചെയ്തു ചെഞ്ചെമ്മേ."

എന്നു കുചേലവൃത്തത്തിലും മററും കാണുന്ന 'നതോന്നതാ' വൃത്തം മാത്രമായിരിക്കും. പഴയ പാട്ടുകളിലോ—ഹൗ, എത്രതരം വഞ്ചിപ്പാട്ടുകൾ! എൻെറ പരിമിതമായ പരിചയത്തിൽപ്പെട്ടവ മാത്രം കുറിക്കട്ടെ.

(1) "അൻപനുക്കും ഏലേലം
അൻപനെടി ഏലേലം
അൻപനുക്കും അൻപനെടി
ഏലേലം ഏലേലം."

(2) "തണ്ടാരിൽ മാതു കൊണ്ടാടി വളത്തുന്ന
കണ്ടാലഴകുള്ള പൈങ്കിളിയേ

* * *

---

* മലയാളത്തിലെ പഴയ പാട്ടുകൾ—സി. പി. ഗോവിന്ദപ്പിള്ള

ആലുണ്ടിലയുണ്ടിലഞ്ഞിയുണ്ടേ നല്ല
ആലുവാത്തേവരേ തമ്പുരാനേ."

(3) "അന്തിമന്തിരമോത്തും വേതിയോൻ
അന്തികാലേ കുളിച്ചകം പുക്ക്
അണിന്തപ്പൂവാരിയഭിഷേകം ചെയ്തി-
ട്ടരളിപ്പൂമാല ചാർത്തവേ
തിന്തിമിൻ തിമിനെന്നു മദ്ദളം
തിമിലചെണ്ടയും കൈമണി"

(4) "റാകിപ്പറക്കുന്ന ചെമ്പരുന്തേ
നീയുണ്ടോ മാമാങ്കവേലകണ്ടു
വേലയും കണ്ടു വിളക്കും കണ്ടു
കടലിത്തിര കണ്ടു കപ്പൽകണ്ടു"

(5) "കറുത്തപെണ്ണേ നിന്നെ
കാണാഞ്ഞു ഞാനൊരുനാൾ
വരുത്തപ്പെട്ടു, ഞാനൊരു
വണ്ടായ് ചമഞ്ഞേനെടി

* * *

വണ്ടായ് ചമഞ്ഞു ഞാനൊരു
പള്ളിവാതുക്കൽ ചെല്ലുമ്പോൾ
പൂമാലപ്പെതലെന്നെ-
പൂകൊണ്ടെറിഞ്ഞിതെടി"

(6) "മുരുക്കുംവഞ്ചിമേലെരുക്കിൻ പങ്കായം
പെരുക്കാലൻ മന്തനമരത്ത്
പെരുക്കാലൻതന്റെ വരവുകണ്ടമ്മ
ചിരിക്കുന്നു മകൾ കരയുന്നു"

ഒരിനത്തിൽപ്പെടുത്തി പറഞ്ഞെങ്കിലും ഇവ ഒരേ വൃത്തത്തിലുള്ളതല്ല; തികച്ചും ഭിന്നവൃത്തങ്ങളാണ്. ഇതിൽ രണ്ടാംനമ്പരു മഞ്ജരി (ഗാഥ) വൃത്തം; നാലാംനമ്പരു് തല്ക്കാലം നമുക്ക് 'ഊനമഞ്ജരി'യെന്നു പേരു നൽകാവുന്ന 'മാവേലി' വൃത്തം; ആറാംനമ്പരു് 'സമാസമം' എന്നു പേരുള്ള 'നരനായിങ്ങനെ' മൂന്നാംനമ്പരു് ഇപ്പോൾ പേരൊന്നും പറയാനില്ലാത്ത 'ഓമനക്കുട്ടൻ' വൃത്തം. മററുള്ളവയോ? നമ്മുടെ വൃത്തശാസ്ത്രത്തിൽ കയറിപ്പററാനും നമ്മുടെ വൃത്തസമ്പത്തിനെ പരിപോഷിപ്പിക്കാനും അർഹതയുള്ള ആ വൃത്തങ്ങൾ ഇന്നും സുപരിചിതമാവാതെ കിടക്കുകയാണ്. ഒന്നാമതായി ചേർത്തിരിക്കുന്നതിന്,

"ഒന്നാനാം മതിലകത്ത്
ഒന്നിലല്ലോ പൊന്നിലഞ്ഞി"

എന്ന പാട്ടിലെ വൃത്തത്തിനോടും, അഞ്ചാമത്തേതിന്,

"കണ്ടാലുമഗ്രേ നല്ലൊരു
വണ്ടാർ കുഴലിമണി" (തുള്ളൽ)

എന്നതിലെ വൃത്തത്തിനോടും എങ്ങനെ എത്രയ്ക്കു ബന്ധമുണ്ട്, ഇല്ലെങ്കിൽ പിന്നെ പ്രസിദ്ധമായ ഏതു വൃത്തവുമായിട്ടാണ് അവയ്ക്കു ബന്ധം—ഇതൊക്കെ ഇനി പഠിക്കേണ്ടതായിരിക്കുന്നു. മൂന്നാമത്തെ പാട്ടിലെ വൃത്തം 'ഓമനക്കുട്ടൻ'തന്നെയാണ്, സംശയമില്ല. എന്നാലും അതിലെ രണ്ടാംവരി, 'ഓമനക്കുട്ട'ൻെറ കുടുംബസ്വഭാവങ്ങളെക്കുറിച്ച് പുതിയ അറിവുകൾ നല്കാൻ സമർത്ഥമായി അല്പം രൂപഭേദത്തോടെ കാണുന്നു. കണ്ടോ—

"രണ്ടുനാലല്ലുനവധി തണ്ടുവച്ചുവലിക്കുമ്പോൾ
മിണ്ടാതെ വലിക്കുന്നോരം വലച്ചിലേറും

പാട്ടുപാടിക്കൊണ്ടു വലിച്ചെങ്കിലോ വലച്ചിലിന്നു
കോട്ടമുണ്ടാമതിനൊരു പാട്ടുപാടട്ടന്നോൻ"

എന്ന മനോഭാവത്തിൽ വഞ്ചിവലിക്കാരായ ധീവരന്മാർ പാടുന്നതുകൊണ്ട് 'വഞ്ചിപ്പാട്ട്' എന്നു വർഗ്ഗനാമം കൊടുക്കാവുന്ന ഒരിനത്തിൽത്തന്നെ എത്ര പുതിയ വൃത്തം, പഴയ (സുപരിചിതവും സുപ്രചാരവും) വൃത്തത്തിൽത്തന്നെ പഠനാർഹമായ എന്തു പുതുമകൾ! ആ സ്ഥിതിക്ക്, കുമ്മികൾ, താരാട്ടുകൾ, കുറത്തിപ്പാട്ടുകൾ, മാപ്പിളപ്പാട്ടുകൾ, തോററമ്പാട്ടുകൾ, തിറപ്പാട്ടുകൾ, അമ്മാനപ്പാട്ടുകൾ, ശാസ്താംപാട്ടുകൾ, ഇങ്ങനെ എണ്ണമററ ഇനങ്ങളിലേയ്ക്കു കടന്നാലുള്ള നേട്ടം പറയാനുണ്ടോ!

കുറെ പാട്ടുകൾ എഴുതിക്കിട്ടിയതുകൊണ്ടുമായില്ല; അതു പാടിക്കേൾക്കുകയെന്നതാണ് മുഖ്യം. ഭാഷാവൃത്തങ്ങളുടെ അടിസ്ഥാനം ഗാനമാണ്, ഈണവും താളവുമാണ്—സംശയമില്ല. അപ്പോൾ പാടിക്കേൾക്കാതെ എന്തു വൃത്തവിചാരം? ഒരുദാഹരണം, കൃതജ്ഞതാപൂർവ്വം പറയട്ടെ—ഡാ. എസ്. കെ. നായർ പഴയൊരു പാട്ടിന്റെ കൈയെഴുത്തുപ്രതിയിൽനിന്ന്, കുറെ വരികൾ വൃത്തവിചാരത്തിനായി എന്റെ അപേക്ഷാനുസരണം അയച്ചുതരികയുണ്ടായി. 'ഇളകിവരികദേവി പൂങ്കാവിളകി ഇളകിവരിക ദേവി പൂവനമിളകി ഇളകിവരിക......' ഇങ്ങനെ 'കാമാ'യും 'ഫുൾസ്റ്റാപ്പു'മൊന്നുമില്ലാതെ എഴുതിക്കിട്ടിയ വരികൾ ഗദ്യമോ പദ്യമോ എന്നു പോലും വ്യവച്ഛേദിക്കുക വിഷമമാണല്ലൊ. ഇളകി എന്ന പദത്തിന്റെ ആവർത്തനംകൊണ്ട് പാദങ്ങൾ തിരിച്ചറിയാം എന്നുവെച്ചാലും, പാടിക്കേൾക്കാത്തിടത്തോളം, പട്ടിക

കിട്ടിയ പൊതിയാത്തേങ്ങതന്നെ. ആയിടെ ഒരിടത്ത് ഒരുപിണി തുള്ളൽ നടന്നു. ഭൂതാവേശം തീക്കാൻ, അരങ്ങൊരുക്കിയ പന്തലിൽ പഞ്ചവർണ്ണപ്പൊടികൾകൊണ്ടെഴുതിയ ദേവതാരൂപങ്ങളുടെ മുമ്പിൽ അണിഞ്ഞൊരുങ്ങി ഏത്താപ്പിട്ട ഒരു ലാവണ്യത്തിടമ്പിനെയിരുത്തി മന്ത്രവാദികൾ മാരൻപാട്ട പാടുകയാണ്. രാത്രിയുടെ അന്ത്യയാമവും പാട്ടിന്റെ അന്ത്യഭാഗവുമായപ്പോഴേയ്ക്ക് പൂക്കുല പിടിച്ച പെൺകൊടിയിൽ പതുക്കെ വിറയുടെ ലാഞ്ഛനം തുടങ്ങി. പാട്ടുകാർക്കും ആവേശം കൊണ്ടു. അപ്പോൾ പാടിക്കേട്ടു ഈ വരികൾ:

ഇളകി- -വരിക- -ദേവീ—പൂങ്കാവിള-കി
ഇളകിവ- -രിക- -ദേവീ—പൂവനമിള-കി

കേട്ടപ്പോൾ ശരി—പുള്ളുവൻപാട്ടിലും കേട്ടിട്ടുള്ള വൃത്തം തന്നെ.

"അയ്യോഎങ്ങെങ്ങ പോരുന്നോൻ കാളിസർപ്പമേ
മുട്ടയ്ക്കുപൊരിഞ്ഞിട്ടു പോരുന്നതാണത്രെ"

ഇത്രയുമായപ്പോൾ വൃത്തരൂപത്തെക്കുറിച്ച് വേണമെങ്കിൽ കുറച്ചുവല്ലതും പറയാമെന്നുമായി.

പഴയ പാട്ടുകൾ പാടിക്കേൾക്കുന്നതിന്റെ പ്രാധാന്യം പറഞ്ഞുവെയ്ക്കുന്ന ഈ ഘട്ടത്തിൽത്തന്നെ, പാട്ടുകൊണ്ടുണ്ടാകുന്ന വലിയ വൈഷമ്യംകൂടി ഊന്നിപ്പറയേണ്ടതുണ്ട്. നോക്കണേ ഒരു വൈരുദ്ധ്യം! പാടിക്കേൾക്കാതെ വൃത്തവിചിന്തനം വയ്യ; കേൾക്കുന്ന രീതി പിടിച്ചു മാത്രം വൃത്തനിർണ്ണയം ചെയ്തുപോയാലോ—കാടുകയറുമെന്നു തീർച്ചയാണ്. വഞ്ചിപ്പാട്ടായി പാടുന്ന മഞ്ജരീവൃത്തത്തെക്കുറിച്ചു മുമ്പു പറഞ്ഞുവല്ലോ.

"—അ്യ......ല്യ......ണ്ടില......യുണ്ടി......
ലഞ്ഞി......യു......ണ്ടേ നല്ല
—അ്യ......ല്യ......വ്ാത്തേ......വരേ
ത...മ്പു...രാനേ"

ഇങ്ങനെ ഗണങ്ങളെ മുറിച്ചുമുറിച്ച് മൂളിമൂളി നീട്ടിനീട്ടി പ്പാടുന്ന പാട്ടുകേട്ട് അതിൻപടി വൃത്തനിർണ്ണയം ചെയ്താൽ എന്താകും കഥ!

"വയ്ക്കുംകായലിലോളംകാണുമ്പോ-
ളോർമ്മംഞാനെൻെറ മാരനെ
കാററുവന്നെൻെറ കതകിൽത്തള്ളുമ്പോ-
ളോർമ്മംഞാനെൻെറ മാരനെ"

ഈ പ്രസിദ്ധമായ പാട്ട് സാധാരണമായി പാടിവരുന്ന രീതികേട്ടാൽ അതു് 'ഓമനക്കുട്ടൻ' വൃത്തമാണെന്നു തോന്നുമോ—ഇല്ലല്ലോ. ഗീതിയും സാഹിതിയും പിരിയാൻ വയ്യാത്തവിധം ഉരുകിച്ചേർന്നിരിക്കയാണു് നമ്മുടെ പാട്ടുകളിൽ. അവയിലെ വൃത്തങ്ങൾക്കുള്ള കുസൃതിയും ദുസ്വാതന്ത്ര്യവും പറയാനുമില്ല. ലഘുക്കളെ പാടിനീട്ടി ഗുരുവാക്കാം; ഗുരുക്കളെ കുറുക്കി ലഘുവാക്കാം. അക്ഷരം വേണ്ടിടത്തു്, അതു വേണ്ടെന്നുവച്ചിട്ട് പകരം ഈണംമൂളലാവാം; മറിച്ച് ഈണം നീട്ടിമൂളേണ്ടിടത്തു് അക്ഷരങ്ങൾ നിരത്തിനിറയ്ക്കാം. വൃത്തപരമായ തോന്ന്യാസങ്ങളിങ്ങനെ. അക്കൂട്ടത്തിലാണു് ഒരു വൃത്തംതന്നെ സ്വേച്ഛപോലെ പല പല മട്ടുകളിൽ പാടാമെന്നുള്ളതു്. തലമുടിയുണ്ടെങ്കിൽ ചായ്ച്ചും ചരിച്ചും കെട്ടാമെന്നു പറയുന്നതുപോലെ യഥേഷ്ടം ഗണംനിർത്തി, നീട്ടിക്കുറുക്കി, പല മട്ടിൽ പാടാവുന്നതാണു് ഓരോ വൃത്തവും. ഓരോ ഗാ

നമട്ടും ഓരോ വൃത്തമായി ഗണിച്ചുപോയാൽ, "ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവിലുണ്ടായ" ഇണ്ടലല്ലഒന്നായനിന്നെയിഹ പത്തും പതിനഞ്ചുമായിക്കണ്ടാലുള്ള വല്ലാത്ത ഇണ്ടലിൻെറ കുണ്ടിലാവും വൃത്തവിചിന്തകൻ അറിയാതെ ചെന്നുചാടുന്നതു്. സാന്ദർഭികമായിപ്പറയട്ടെ—ശ്രീ. കുട്ടികൃഷ്ണമാരാരുടെ വൃത്തശില്പം എന്ന വിശിഷ്ടഗ്രന്ഥം അടുത്തകാലത്തു് മലയാളസാഹിത്യത്തിനു ലഭിച്ച മഹത്തായ ഒരു സംഭാവനയാണു്. എല്ലാ വൃത്തങ്ങളെയും ത്ര്യശ്രം, ചതുരശ്രം, ഖണ്ഡം, മിശ്രം, സങ്കീർണ്ണം എന്ന അഞ്ചു താളഗതികളിൽ ഉൾപ്പെടുത്തി വൃത്തവികാസസ്വഭാവാദികളെ വിവരിക്കാനുള്ള പ്രശസ്യമായ ഒരു പരിശ്രമമാണു് അതിൽ കാണുന്നതു്. അവിടെ, ഒരേ വൃത്തം തന്നെ പല ഗതികളിലും ഉൾപ്പെടുത്തിക്കാണിച്ചിട്ടുള്ളതു നോക്കുക. അപ്പൻതമ്പുരാൻെറ 'ഭാഷാവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും' എന്ന മഹൽഗ്രന്ഥത്തിലും ഒരേ വൃത്തത്തിൻെറ ഭിന്നഭിന്നമായ ഗാനരൂപങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഉദാഹരണം പലതും ഉപരിപറഞ്ഞുകഴിഞ്ഞതുമാണു്. അപ്പോൾ പഴയ പാട്ടുകൾ പാടിക്കേട്ടതുകൊണ്ടുമായില്ല; അതിലെ മൂളലും നീട്ടലുമൊക്കെ കിഴിച്ചും ഹരിച്ചും നോക്കണം. സുപരിചിതങ്ങളും സുപ്രസിദ്ധങ്ങളുമായ വൃത്തങ്ങൾ ഏതെല്ലാം വിധത്തിൽ സാധാരണമായി പാടിവരാറുണ്ടോ ആ രീതിയിലെല്ലാം(ഓരോന്നും)പാടിനോക്കണം;അവയുമായി എങ്ങനെ എത്രയ്ക്കു് അടുപ്പവും അകലവും കാണുന്നുവെന്നു പരിശോധിക്കണം; അക്ഷരങ്ങളുടെ എണ്ണവും തൂക്കവുമൊക്കെ പലപ്രകാരത്തിൽ നിർണ്ണയിക്കാൻ നോക്കണം; അല്ലാതെ ഓരോ ഗാനരീതിയും ഓരോ വൃത്ത

മായി ഗണിച്ചുപോയാൽ ആ വൃത്തനിർണ്ണയം ശുദ്ധമേ അബദ്ധമായിത്തീരും.

ഭാഷാവൃത്തവിചാരത്തിനായി, കുറെ പഴയ പാട്ടുകളിലേയ്ക്കെങ്കിലും അല്പമൊരു നോട്ടം പായിക്കാൻ കഴിഞ്ഞിട്ടുള്ളതിൽവച്ച് ഒരു കാര്യം എന്റെ ഉള്ളിൽ തട്ടീട്ടുണ്ട്. നമ്മുടെ വിശാലവിചിത്രമായ വൃത്തമണ്ഡലത്തിൽ വ്യക്തികൾ വളരെയുണ്ടെങ്കിലും വൃത്തകുടുംബങ്ങൾ അത്രയേറെയില്ല. ഏറെയേറെക്കാണുന്ന ജന്യവൃത്തങ്ങളെല്ലാം നാലഞ്ചു ജനകവൃത്തങ്ങളിൽനിന്ന് പൊട്ടിവിരിഞ്ഞു് ഉരുത്തിരിഞ്ഞുണ്ടായവ മാത്രമാണ്. ആ വൃത്തങ്ങളിൽ സുപ്രധാനമായി പറയേണ്ടതു് 'കാകളി' തന്നെ. തോററംപാട്ടിലും ദാരികവധം കാളിപ്പാട്ടിലും വള്ളുവൻപാട്ടിലും അതുപോലെ ഒട്ടേറെ പഴംപാട്ടുകളിലും കാണുന്ന ഊനകാകളി, ഓണപ്പാട്ടുകളിലെ 'മാവേലി', 'മഞ്ജരിയും അതിന്റെ ഇരട്ടികളും, 'പാന'യെന്നു പറയുന്ന 'സർപ്പിണി',

"കോടക്കാർമുകിൽ വർണ്ണനന്നേരം
രാധയെന്നൊരു നാരിയും താനും"

ഇത്യാദികളിലെ ഊനസർപ്പിണി,'താലോലംപൈതൽ'

"മാരിമഴകൾ ചൊരിഞ്ഞേ—ചെറു
വയലെല്ലാം വെള്ളംനിറഞ്ഞേ"—

ഇത്യാദികളിലെതാരാട്ടു്('ഓമനത്തിങ്കൾക്കിടാവു്")ഇങ്ങനെതൊട്ടെണ്ണിയാൽ തൊണ്ണൂറല്ല കാകളിയെന്നൊരു തായ്ത്തടിയുടെ കൊമ്പും ചില്ലയുമായുള്ള നല്ല വൃത്തങ്ങൾ.

"ഒന്നോ...ഒന്നോ...പോ...
ഓമനയായി വളന്നാനുണ്ണീ

രണ്ടേ...രണ്ടേ...പോ...
രണ്ടില്ലംപുക്ക വളൎന്നൊന്നുണ്ണീ"
"ചീകിത്തിരുകിയ പീലിത്തലമുടി
എങ്ങനഴിഞ്ഞിതെടീ—കുറത്തി"

ഇതുമൊക്കെ കാകളിയുടെ താഴ്വഴിയിൽപ്പെട്ടതായിട്ടാണ് എനിക്കു തോന്നുന്നതു്. മറെറാരു വലിയ ഇനം 'തരങ്ഗിണി'യാണ്, പ്രസിദ്ധമായ ആ ഓട്ടൻതുള്ളൽ വൃത്തം.

"ഒന്നാനാം—മതിലകത്തു്
ഒന്നിലല്ലോ—പൊന്നിലഞ്ഞി"

ഈ പ്രസിദ്ധഗാനത്തിലെ വൃത്തം പ്രത്യേകിച്ചൊരു തായ്‌വഴിയോ തരംഗിണിയുടെ ഒരു 'വകയിൽ'ത്തിരിഞ്ഞു വളൎന്നവശായ ഒരു ശാഖയോ എന്നകാൎയ്യം ഉറപ്പിച്ചു പറയാൻ ഇപ്പോഴെനിക്കു കെല്പില്ല. എന്നാൽ—

"എൻമകനെ—എന്നിരവി
ഇന്റുപടൈ—പോകവേണ്ടാം
കമ്മവിനൈ പൊല്ലാതു—കേളുമെടാ എന്മകനെ"
(കണിയാംകുളംപോരു്)

"വന്നാലും—വന്നാലും
വന്നാലും—തോഴികളെ"
"കറുത്തപെണ്ണേ—കരിങ്കുഴലി
നിനക്കൊരുത്തൻ—കിഴക്കുദിച്ചു"
"അഷ്ടമത്തിൽ—ശനിപിഴച്ചു
ഭിക്ഷയേൽപ്പാ—നിറങ്ങിദേവൻ"
(തുയിലുണൎത്തു്)

"രാജാവിൻെറ കോട്ടയ്ക്കകത്തൊരു
പൊന്നുംചേന നില്പതുണ്ടേ

*  *  *

അച്ഛനാണോ അമ്മയാണോ നിൻെറ
കന്നിയാക്കം തീൎന്നോപെണ്ണേ"

ഇതിലൊക്കെ 'ഒന്നാനാംമതിലക'ത്തിൻെറ സാരൂപ്യമോ സാഹോദൎയ്യമോ പറയാൻ ശങ്കിക്കേണ്ടതില്ല എന്നു തോന്നുന്നു.

തനനം തന്നനം—തനനം തന്നനം
തനനം തന്നനം—തനനം തന്നനം

എന്ന അമ്പലപ്പുഴ വേലകളിയുടെ മേളച്ചൊല്ലുവായ്ത്താരിയിൽ വളരെ വലിയൊരു മൂലവൃത്തം വ്യക്തമായി കാണാം. അനേകമനേകം തുള്ളൽവൃത്തങ്ങൾ മാത്രമല്ല നമ്മുടെ വഞ്ചിപ്പാട്ടായ നതോന്നതയും പ്രസിദ്ധമായ 'കല്യാണി കളവാണി'യും മററുപലതും കൂടി ഈ ഇനത്തിൽ ഉൾപ്പെടുന്നതായിട്ടാണ് എനിക്കു തോന്നുന്നതു്. ഇതുപോലെ ഇനിയും കണ്ടേക്കാം കഷ്ടിച്ചു രണ്ടുമൂന്നു വലിയ വൃത്തത്തറവാടുകൾ. ഓരോന്നിലെയും വമ്പരേയും പിമ്പരേയും നിലനോക്കി നിരത്തി, 'സ്വന്തവും ബന്ധവും' വ്യക്തമാക്കിക്കാണിക്കുകമാത്രമല്ല ഭാഷാവൃത്തവിചിന്തകൻെറ കൎത്തവ്യം; വൃത്തരൂപത്തിൻെറ ധൎമ്മമൎമ്മങ്ങൾ കണ്ടറിഞ്ഞിട്ടു ശ്രാവ്യതാശ്രാവ്യതകളുടെ—സൗന്ദൎയ്യവൈരൂപ്യങ്ങളുടെ—സ്വഭാവം കാണിച്ചു പുതിയ വൃത്തവൈചിത്ര്യങ്ങളെ ആദാനം ചെയ്വാനുള്ള വെളിച്ചം നൽകുകയും അയാളുടെ ഉത്തമമായ കടമയായിരിക്കും. ഇതിനെല്ലാം ഈ പഴയപഴയ നാടോടിപ്പാട്ടുകൾ അധികമധികം കിട്ടുകയും പഠിക്കുകയും വേണ്ടിയിരിക്കുന്നു.

കെ. കെ. വാദ്ധ്യാർ.

✱.

# നാടൻപാട്ടിലെ ഭാഷ

പറയാൻ വളരെ എളുപ്പമാണ്; പറഞ്ഞുതുടങ്ങുമ്പോളാണു പ്രയാസം. എന്താണു പറയാനുള്ളത്, നാടൻപാട്ടിലെ ഭാഷയെപ്പററി? എന്തുതന്നെ പറഞ്ഞുകൂടാ? എന്തെല്ലാം എങ്ങനെയെല്ലാം പറയാനുമുണ്ട്! നാടൻപാട്ടു പാടുന്നവരോട് ഒന്നു ചോദിച്ചുനോക്കുക. ഇതേ വിഷമംതന്നെയാണ് അവൎക്കും അനുഭവപ്പെടുന്നത്. പാടാനൊരു വിഷമവുമില്ലെന്നു തോന്നും. പക്ഷേ പാടിനോക്കുമ്പോഴറിയാം അതിനുള്ള പങ്കപ്പാട്. കണ്ടുമാധുരിയുള്ളവൎക്കെല്ലാം വഴങ്ങിക്കൊടുക്കുമോ നാടൻമട്ടുകൾ? ഇല്ലെന്നാണു തോന്നുന്നത്. എന്താണിതിനു കാരണം? സ്വതേ നാടൻകലകൾക്കൊന്നിനും, നാമിപ്പോൾ അത്രമാത്രം 'കാൎയ്യ'മായി മററു പല വിജ്ഞാനശാഖകളിലും കരുതിവരുന്ന 'സാങ്കേതികത്വം' എന്ന അംശം തീരെയില്ല. സാങ്കേതികത്വമില്ലാ എന്നതാണു നാടൻകലകളെ മററു കലകളിൽനിന്നു വകഞ്ഞു നിൎത്തുന്നത്. ആൎക്കും അഭ്യാസസഹായമില്ലാതെ കൈകാൎയ്യം ചെയ്യാവുന്ന കലകളത്രേ നാടൻ കലകൾ. ഒരിക്കൽ കാണുകയോ കേൾക്കുകയോ ചെയ്താൽ വശംവദമാകുന്ന സ്വഭാവലാളിത്യമാണു നാടൻ കലകളുടെ അവശ്യധൎമ്മം. സാങ്കേതികത്വമെന്നതു് വ്യക്തിഗതമായ അഭ്യാസപരിപാടികളെക്കൊണ്ടു വശപ്പെടുത്തേണ്ടതുമാണ്. അതില്ലാത്ത നാ

ടൻ കലകൾ പ്രയോഗത്തിലും ആസ്വാദനത്തിലും വൈയക്തികവൈചക്ഷണ്യത്തെയല്ലാ ലക്ഷ്യമാക്കുന്നതു്; സാമൂഹ്യമായ പ്രാകൃതപ്രയോഗത്തേയും പ്രാകൃതാസ്വാദനത്തേയും മാത്രമാണു്. മറിച്ചുള്ളവയൊന്നുംതന്നെ നാടൻകല എന്ന പേരിനു് അർഹമല്ല. ചുരുക്കത്തിൽ, വ്യക്തിപ്രഭാവത്തേക്കാൾ പരമ്പരാഗതമായ സാമൂഹ്യബോധമാണു നാടൻകലകളുടെ പ്രയോഗാസ്വാദനങ്ങൾക്കു് ആവശ്യമായിട്ടുള്ളതു്.

അതുകൊണ്ടാണു കേവലം കണ്ഠമാധുരി മാത്രമുള്ള ഒരാൾക്കു നാടൻപാട്ടു് പാടി ഫലിപ്പിക്കാനുള്ള പൂർണ്ണാവകാശമില്ലെന്നു നേരത്തെ സൂചിപ്പിച്ചതു്. അതുകൊണ്ടു തന്നെയാണു നാടൻപാട്ടുകളുടെ ഭാഷയെപ്പററി പറയാനെളുപ്പമാണെങ്കിലും പറഞ്ഞുവരുമ്പോൾ പല വിഷമങ്ങളുമുണ്ടാകുമെന്നും ഭയപ്പെട്ടതു്. ഇന്നു നാം, അഭ്യസ്തവിദ്യർ പുലരുന്നതു് സാങ്കേതികത്വം സ്വാഭാവികമായ ഒരന്തരീക്ഷത്തിലാണു്. നാടൻപാട്ടുകളുടെ കാലം മറിച്ചാണു്; അവയുടെ സ്വാഭാവികത്വം നമ്മെ സംബന്ധിച്ചിടത്തോളം ഇന്നു് തനി സാങ്കേതികമായി തരം മാറിയിരിക്കുന്നു. അതുണ്ടായകാലത്തേയ്ക്കും സ്ഥലത്തേയ്ക്കും എത്തിനോക്കാനുള്ള അഭ്യാസബലം സിദ്ധിച്ചവർക്കേ, ഇന്നതു തികച്ചും ആസ്വാദനക്ഷമമാവൂ. സാങ്കേതികത്വത്തിൻെറ കൃത്രിമാന്തരീക്ഷം സ്വാഭാവികമായിത്തീർന്നിരിക്കുന്ന ആധുനികപരിഷ്കാരത്തിനു സാക്ഷാൽ സ്വാഭാവികത്വം കേവലം കൃത്രിമമായിത്തോന്നുന്നതിൽ അത്ഭുതപ്പെടാനില്ല!

അല്ലെങ്കിൽ നാടൻപാട്ടുകളുടെ ഭാഷ, വൃത്തം, ഭാ

വാവിഷ്കരണം, രാഗഭേദങ്ങൾ തുടങ്ങിയവ നമുക്കു ശ്രദ്ധേയവിഷയങ്ങളാവില്ലായിരുന്നു. അവയെല്ലാം തന്നെ നമ്മുടെ നാട്ടാരുടെ അകൃത്രിമസുന്ദരവും അനായാസലളിതവുമായ ആത്മപ്രകാശനങ്ങളാണല്ലോ. അത്യന്തനിർമ്മലമായ ആ കണ്ണാടി കൈവശം വന്നുചേർന്നാൽ മതി, നമുക്കു നമ്മെത്തന്നെ അതിൽ നിഴലിച്ചു കാണാൻ കഴിയും. പക്ഷേ പണ്ടത്തെ നമ്മളല്ലാത്ത ഇന്നത്തെ നമുക്ക് അതിനു തരപ്പെടാത്തതിനാൽ, സ്വതേ ശിക്ഷണവിധേയമാകാൻ വയ്യാത്ത നാടൻപാട്ടും അതിൻെറ സ്വഭാവങ്ങളും ഗവേഷണവസ്തുക്കളായി രൂപാന്തരപ്പെട്ടിരിക്കുന്നു.

പാട്ടിലെ ഭാഷയെപ്പററി ചിന്തിക്കുമ്പോൾ ഒന്നാമതായി ഉദിക്കുന്നതു് ഈ വിചാരമാണ്: പാട്ടു പാടുന്ന കൂട്ടരുടേയും, നാട്ടാരുടേയും, അതുണ്ടായ കാലത്തിൻേറയും ഭാഷ ആ പാട്ടിൽ സുരക്ഷിതമായി സൂക്ഷിക്കപ്പെട്ടിട്ടുണ്ടാകുമോ? അതാദ്യം ആലോചിക്കാം. പരശ്ശതം എന്നു പറഞ്ഞാൽപോരാ സഹസ്രാധികം വിഭാഗങ്ങളിൽ പെടുത്താവുന്ന നാടൻപാട്ടുകൾ കേരളത്തിലുണ്ട്. കന്യാകുമാരി മുതൽ കാസ്രഗോഡുവരെയുള്ള ദേശഭേദങ്ങൾ ഒരുവക; ജാതിഭേദങ്ങൾ മറെറാരുവക; തൊഴിലുകൾ വേറൊരുവക; പിന്നെയങ്ങോട്ടു് ഓർക്കുന്തോറും വിഷയഭേദം, വിനോദഭേദം, അനുഷ്ഠാനഭേദം തുടങ്ങി ഇനിയുമുണ്ട് അനേകം. ഇതിനെല്ലാം പുറമേ ഓരോന്നുമുണ്ടായ കാലഭേദവും! അതു മാത്രമോ? ഗവേഷണവിഷയമായ ഈ ശാഖയിൽ കണ്ടെത്തിയതു് അല്പാല്പവും കണ്ടെത്തേണ്ടവ അധികാധികവുമാണ്. കണ്ടെത്താൻ കഴിയാത്തവയെപ്പററി പറയാനുമില്ല. ആ നിലയ്ക്കു സാകല്യമായ ഒരഭി

പ്രായം രൂപപ്പെടുത്താൻ ഇപ്പോഗം അസാദ്ധ്യമായിരിക്കു ന്നു. അതുകൊണ്ടു് ഭാഗികമായ പഠനത്തിൽനിന്നും ഗ്രഹിച്ച ചില സാമാന്യ കാൎയ്യങ്ങഗം പറഞ്ഞുവയ്ക്കാനേ നിവൃത്തിയുള്ളു.

ആദ്യം കാലഭേദംകൊണ്ടുള്ള വ്യതിയാനസ്വഭാവത്തെപ്പററി ചിന്തിക്കാം. നമുക്കു കിട്ടിയിട്ടുള്ളവയിൽവച്ചു് ഏററവും പുരാതനമായ നാടൻപാട്ടു് ഏതാണു്? തീൎത്തുപറയാൻ ഒരു വഴിയും കാണുന്നില്ല. അനുഷ്ഠാനപരങ്ങളും ആരാധനാപരങ്ങളുമായ (Ritualistic) തോററം പാട്ടുകഗംക്കു് പ്രാക്തനത്വമുണ്ടെന്നു ചില പണ്ഡിതന്മാർ അവകാശപ്പെടുന്നുണ്ടു്. അതിനു ചില ന്യായങ്ങളും അവർ ഉന്നയിക്കുന്നു. ദ്രാവിഡരുടെ പ്രാക്തനദേവതകളായ അമ്മനേയും അയ്യനേയും മററു പല ക്ഷുദ്രദേവതകളേയും പുരസ്കരിച്ചുള്ള തോററങ്ങഗം പലതും ഇന്നു കണ്ടെത്തിയിട്ടുണ്ടു്. അവയുടെ പ്രയോക്താക്കഗം ഒരിക്കലും അവ അനർഹരെ അസമയത്തു കേഗംപ്പിക്കില്ലെന്നു ശഠിക്കുന്നവരാണു്; ഒരക്ഷരംപോലും അതിൽനിന്നു മാററിമറിക്കാനും അന്ധവിശ്വാസം അവരെ അനുവദിക്കില്ല. പരേതനായ ഡാ: ചേലനാട്ടു് കണ്ടെടുത്തിട്ടുള്ള "ദാരികവധം" പാട്ടു് ഈ വകുപ്പിൽ പെടുന്ന ഒന്നാണു്. യാത്രകളി, തീയ്യാട്ടു തുടങ്ങിയ അനുഷ്ഠാനപരങ്ങളായ ചടങ്ങുകളിൽ പാടുന്ന 'ചെമ്പൊന്നും പുറവടിവിരലോ കൈതൊഴുന്നോൻ' എന്ന പാട്ടും ഇതിൽ പെടുന്നു. ഉത്തരകേരളത്തിൽ നടപ്പുള്ള 'തെയ്യം,' 'തിറ' എന്നീ നൃത്തവിധാനങ്ങളിൽ പാടുന്ന തോററങ്ങളും വളരെ പഴക്കമുള്ളതാണെന്നു പറയപ്പെടുന്നു. അഞ്ഞൂററാൻ മുന്നൂററാൻ തു

ടങ്ങിയ ജാതികളാണു് 'തെയ്യം' കെട്ടിയാടുന്നതു്. മലയരും മണ്ണാന്മാരും തെയ്യം കെട്ടാറുണ്ടു്. തനി കാട്ടുമനുഷ്യനെന്നു പറയപ്പെടാവുന്ന ഒരു മലയൻ ചൊല്ലിക്കേട്ട ഒരു തോററത്തിൻെറ മാതൃക കാണിക്കട്ടെ.

"കററച്ചെഞ്ചിടമുടിയോൻ
കക്കൻതൻ മകൻ പിള്ളയോൻ
ഒററക്കൊമ്പുടയവനോ
ഓമന ഗണപതിയേ
ഗണപതിക്കെന്തെല്ലാമേ
താനതിൽ വെപ്പുവനോ
നാലുകാലൊത്തിതൊരീ
പീഠവും വെപ്പവനോ
.........................
.........................
ഇവയെല്ലാം വെച്ചടിയൻ
സ്തുതിക്കുന്നേ ഗണപതിയേ
ആനപോലെ വന്ന ദൈവം
ശരംപോലെ വന്ന വീണേം."

ഈ ജാതിപാട്ടുകൾ ഭാഷാചരിത്രദൃഷ്ട്യാ പരിശോധിക്കുമ്പോൾ ഒന്നുകിൽ അവയുടെ പ്രാക്തനത്വത്തെപ്പററി സന്ദേഹിക്കേണ്ടിവരും. അല്ലെങ്കിൽ ഭാഷയുടെ വികാസചരിത്രം മാറിയെഴുതണമെന്ന നിലവരും. കൊല്ലവർഷാരംഭത്തിനു ശേഷമാണു മലയാളം തമിഴിൽനിന്നു വ്യത്യസ്തമായ ഒരു ഭാഷയായിത്തീരാൻ തുടങ്ങിയതെന്നു ഞാൻ വിശ്വസിക്കുന്നു. അതിനെ ആസ്പദമാക്കി നോക്കുമ്പോൾ ഈ വക പാട്ടുകളുടെ കാലത്തിനു നാന്നൂറോ അഞ്ഞൂറോ

കൊല്ലം പഴക്കമേ കാണുന്നുള്ളു. ഭാഷോല്പത്തിയെപ്പററി യുള്ള എൻെറ വിശ്വാസം മാററി എഴുതണമെങ്കിൽ ഈ തോററം പാട്ടുകളുടെ പഴക്കത്തെ സംബന്ധിച്ച ഭാഷാപരമല്ലാത്ത തെളിവുകൾ വേറെ കണ്ടുപിടിക്കുകയും വേണം.

പാട്ടുകളിലെ ഭാഷയുടെ പഴക്കത്തെപ്പററി പര്യാലോചിക്കുന്നവർ മറെറാരു തത്വംകൂടി ഓർമ്മിക്കുന്നതു നന്ന്. ഒരക്ഷരംപോലും മാററാൻ പാടില്ലെന്ന് നിർബന്ധമുള്ള തോററങ്ങൾ തലമുറകളായി പാടിവരുമ്പോൾ അവയിലുള്ള പഴയ പ്രയോഗങ്ങൾക്ക് ഉച്ചാരണത്തിൽ വരുന്ന രൂപഭേദം അപരിഹാര്യമായിരിക്കും. 'ഇവയെല്ലാം വെച്ചടിയൻ സ്തുതിക്കുന്നേൻ ഗണപതിയേ' എന്നതിൽ 'സ്തുതിക്കുന്നേൻ' 'ഗണപതി' ഈ പദങ്ങൾ മലയൻ ഉച്ചരിക്കുന്നതു് വിലക്ഷണരീതിയിലാണ്. 'തുതിക്കിന്നേൻ' 'കെണപതിയേ' എന്നാണ് അവൻെറ പാഠം. രണ്ടും സംസ്കൃതതത്സമങ്ങളോ തത്ഭവങ്ങളോ ആണല്ലോ. ഏ. ഡി. ഒന്നാംശതകത്തിലേ ഈ പദങ്ങൾ കേരളഭാഷയിൽ തത്ഭവരൂപത്തിലും തത്സമരൂപത്തിലും വന്നുപെടാൻ ചരിത്രപരമായ ന്യായവുമുണ്ട്. അപ്പോൾ പാട്ടുകളിലെ ഭാഷ ഒരു ഭാഷാചരിത്രകാരൻെറ സൂക്ഷ്മപര്യവേക്ഷണത്തിന് ഇനിയും പാത്രമാകാനിരിക്കുന്നേ ഉള്ളു.

ദേശഭേദത്തെ സംബന്ധിച്ച് പര്യാലോചിക്കുമ്പോഴാണ് പാട്ടിലെ ഭാഷ നമ്മുടെ സവിശേഷശ്രദ്ധയ്ക്കു വിഷയമാകേണ്ടതു്. പൊതുവെ തെക്കൻപാട്ടെന്നും വടക്കൻ

പാട്ടെന്നുമുള്ള ആ വമ്പിച്ച വിഭജനംതന്നെ നോക്കാം. ശ്രീമാൻ കൊച്ചുകൃഷ്ണനാടാർ പ്രസിദ്ധീകരിച്ചിട്ടുള്ള തെക്കൻപാട്ടുകൾ (ഇരവിക്കുട്ടിപ്പിള്ളപ്പോർ പാട്ടും മററു വില്ലടിച്ചാൻപാട്ടുകളും) തെക്കൻതിരുവിതാംകൂറിലേയും മദിരാശി സർവ്വകലാശാല പ്രകാശിപ്പിച്ചിട്ടുള്ള വടക്കൻ പാട്ടുകൾ ഉത്തരകേരളത്തിലേയും ഭാഷാപ്രഭേദങ്ങൾക്ക് ഉത്തമനികഷങ്ങളാണ്. കോരപ്പുഴയ്ക്കു വടക്കുള്ള കേരളീയൻെറ ഭാഷ മററുള്ളവക്ക് അഭ്യസിച്ചു മനസ്സിലാക്കേണ്ട ഒന്നായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളതു്. തനി വടക്കൻപാട്ട് ഒരാൾ ചൊല്ലിക്കേട്ടാൽ തെക്കക്ക് ഒട്ടും മനസ്സിലാവാത്ത തരത്തിൽ ഭാഷാപ്രഭേദം അതിൽ കാണാം.

"കയിവരവായോന്ന് കേററിററുണ്ടേ" എന്ന പാദം ഉദാഹരിക്കട്ടെ. 'കേററിററുണ്ടേ' എന്നതു് ശരിക്കുച്ചരിച്ചാൽ അത്ഥബോധമുണ്ടാകും—'കേട്ടിട്ടുണ്ടേ' എന്നാണ്. 'കയിവരവോ?' വടക്കൻപാട്ടുകൾ പരതിനോക്കേണ്ടിവന്നപ്പോൾ ഈ പദത്തെ സംബന്ധിച്ചു് തിരുവിതാംകൂർകാരനായ എനിക്ക് ഒരു 'ചുക്കും' മനസ്സിലായില്ല. സന്ദർഭശക്തിയും എന്നെ സഹായിച്ചില്ല. 'സാഹചര്യാച്ചുകുത്രചിൽ' തോററുപോയി! 'ഉച്ചാരു്' എന്നൊരു വാക്കുണ്ടു് മലബാറിൽ; ഭൂമീദേവിയുടെ തീണ്ടാരിവേളയെന്നത്ഥം. അതെങ്ങനെ? വിഷുവത്തിന് 'ഉച്ചാററാ'ണ്; അന്ന് ഭൂമി തൊടാൻമേലാതിരിക്കയാണ്. വെട്ടുകയോ കിളയ്ക്കുകയോ പാടില്ല. വിഷുവവും ഉച്ചാറും കൂടി അടുത്തുകിട്ടിയപ്പോൾ ഉച്ചാറു് ഉച്ചഞായറാണെന്നും ഞായർ (സൂര്യൻ) ഉച്ചനാവുന്ന അവസ്ഥയിൽ പ്രയോ

ഗിക്കുന്ന വാക്കാണതെന്നും ഊഹിക്കാൻ സാധിച്ചു. അങ്ങനെ 'ഉച്ചാരു്' എന്നതു് തീണ്ടാരിക്കൊരു പര്യായമായി. 'കൈയ്‌വരവും' അതുതന്നെ. കൈയ്കൊണ്ടു് വരഞ്ഞുമാററുക; തീണ്ടരുതെന്ന വിലക്കൽ. ഉത്തരകേരളത്തിലെ ഒരു സാധാരണപ്രയോഗമായ ഈ പദത്തിൻെറയും അതിനു സമാനമായ മററു പദങ്ങളുടേയും ഉള്ളറക്കള്ളികളിലേയ്ക്കു് ഒരു താക്കോലായി വടക്കൻപാട്ടിലെ ഒരടി! ഇങ്ങനെ നൂററുകണക്കിനുള്ള ദേശ്യപദങ്ങൾ ആ പാട്ടുകളിൽ ഭാഷാഗവേഷകൻെറ ധിഷണാഘഷ്ണം പ്രതീക്ഷിച്ചുകിടപ്പുണ്ടു്.

"പുത്തരി മണിപ്പെറും കീക്കയില്ല
പുത്തൻമടിച്ചീല പെറും ഇല്ല"

എന്ന ഈരടിയുടെ അർത്ഥം 'പുതിയ മണിപ്പയറു് തലയിൽനിന്നിറക്കി മറെറാരാൾക്കുകൊടുക്കയുമില്ല പുത്തൻമടിശ്ശീലക്കാരൻ അന്യക്കു ദാനം ചെയ്യുന്നവനുമല്ലാ' എന്നു് സാധാരണഭാഷയിൽ പരിവർത്തനം ചെയ്താലേ ദേശ്യഭേദത്തിൻെറ ഇരുമ്പുവേലി മുറിച്ചുകടന്നെന്നു നമുക്കു് അഭിമാനിക്കാവൂ.

ജാതിഭേദംകൊണ്ടുള്ള വിഭാഗങ്ങളിലെ ഭാഷയാണു് ഇനി നാം നോക്കേണ്ടതു്. ഇതിൽ 'മാപ്പിളപ്പാട്ടു' കളെപ്പോലെ മറെറാന്നും നമുക്കു് പ്രയോജനപ്പെട്ടില്ല. കോഴിക്കോട്ടും പരിസരങ്ങളിലും ഒരുകാലത്തു് ഒരു പുതിയ മണിപ്രവാളഭാഷ പിറന്നു് അതിനൊരു മികച്ച സാഹിത്യംവളൎന്ന കഥ ഭാഷാസാഹിത്യചരിത്രകാരന്മാർ അധികംപേരും അറിഞ്ഞിരുന്നില്ല. അറബിയും മലയാള

വും ചേൎന്ന ആ മണിപ്രവാളഭാഷയാണ് മാപ്പിളപ്പാട്ടുകളുടെ മനോഹരമായ മേലങ്കി. ആ ഉടയാട മാററിനോക്കുമ്പോൾ അതിനകത്തൊളിഞ്ഞിരിക്കുന്ന 'കെസ്സു' പാട്ടുകളിലെ കാവ്യാംഗന താമരപ്പൂങ്കാവനത്തിലങ്ങനെ ലസിക്കുന്നതിൻെറ 'റങ്ക്' തികച്ചും സഹൃദയൎക്ക് ബോദ്ധ്യപ്പെട്ടും. അറബിയിൽനിന്നും കൈരളി കവൎന്നെടുത്തിട്ടുള്ള സുന്ദരപദാവലിയുടെ ചരിത്രം മാപ്പിളപ്പാട്ടുവഴിക്കേ നമുക്കു ലഭിക്കൂ. ശ്രീ. കിളിമാനൂർ വിശ്വംഭരൻ സമ്പാദിച്ചിട്ടുള്ള മലയരയരുടേയും മററു കാട്ടുജാതിക്കാരുടേയും പാട്ടുകൾ ഈ പഠനത്തിന് അത്യന്തമുപകരിക്കുമെന്നും പറയട്ടെ.

വിവിധവിനോദപരിപാടികൾക്കുവേണ്ടി ഉണ്ടായിട്ടുള്ള പാട്ടുകൾ നോക്കുമ്പോൾ ഭാഷാപരമായി പല രഹസ്യങ്ങളും വെളിവാകും. പാലക്കാട്ടുതാലൂക്കിലുള്ള പൊറാട്ടുനാടകത്തിനും ഓലപ്പാവക്കൂത്തിലും ഉപയോഗിക്കുന്ന പാട്ടുകൾ തനി തമിഴ്മലയാളമാണ്.

"ഏറും മയിലേറി വിളയാടും മുഖമൊൻേറ
ഈശനുടെ ഞാനമൊഴി പേശും മുഖം രണ്ടേ
വള്ളിയൈ മനംകുളിര വൈത്തമുഖം മൂൻേറ"

എന്നിങ്ങനെ പൊറാട്ടുനാടകത്തിൽ ആറുമുഖവേലവൻെറ ഓരോ മുഖത്തെപ്പററി പാടുന്ന പാട്ടും,

"കുഞ്ചരിത്തിരുമുകവൻ കെണപതി
ഉററമാനവരടിയും കെണപതി
കൊമ്പുശേകരമുടയ കെണപതി"

എന്നിങ്ങനെ പാവക്കൂത്തിൽ പാടുന്ന പാട്ടും തനി തമിഴ്മലയാളത്തിലുള്ളവയാണ്. തെക്കൻതിരുവിതാംകൂറിലെ അയ്യപ്പൻപാട്ടുകൾ മിക്കതും ഈ വകുപ്പിൽപെടുന്നു. ചവിട്ടുനാടകത്തിൽ തമിഴ്മലയാളങ്ങൾ മാത്രമല്ലാ "ലന്തപരങ്കിയുമിങ്കിരിയേസും" പെടുന്നുണ്ട്.

ഇനി നമുക്ക് നാടൻപാട്ടിലെ ഭാഷയെപ്പററി സാമാന്യമായി ചിലതെല്ലാം ചിന്തിക്കാം. 'വായിത്തോന്നിയതു കോതയ്ക്കുപാട്ടായി' പാടിയിട്ടുള്ളതാണല്ലോ മിക്ക നാടൻപാട്ടുകളും. അതുകൊണ്ട് മലയാളഭാഷയുടെ അനായാസലബ്ധമായ ശബ്ദകോശം മുഴുവൻ നാടൻപാട്ടുകളിൽനിന്നല്ലാതെ മറെറാരിടത്തുനിന്നും ലഭിക്കുക വിഷമമാണ്. വ്യവസ്ഥാപിതമായ സാഹിത്യത്തിന് ജനതയുടെ സചേതന വ്യവഹാരഭാഷ പ്രതിഫലിപ്പിക്കാനുള്ള ശക്തി ഉണ്ടാവില്ല. അത്രത്തോളം സാഹിത്യഭാഷ ഭാഷാചരിത്രകാരന്മാരെ വഴിപിഴപ്പിക്കുകയും ചെയ്യും. രാമചരിതത്തിലേയും കണ്ണശ്ശരാമായണത്തിലേയും ചമ്പുക്കളിലേയും ഭാഷാരീതി അവയുണ്ടായകാലങ്ങളിലെ വ്യവഹാരഭാഷകളിൽനിന്നും നിശ്ശേഷം നിസ്സന്ദേഹം വ്യത്യസ്തമാണല്ലോ. അതുകൊണ്ട് ആ വക കൃതികൾ സാഹിത്യചരിത്രകാരനേ കൂടുതൽ പ്രയോജനപ്പെടൂ. ഭാഷാചരിത്രകാരൻ വ്യവഹാരഭാഷയിലേയ്ക്കു് തിരിഞ്ഞാലേ സത്യവാദിയാകൂ. പഴയകാലംമുതലുള്ള വ്യവഹാരഭാഷകൾ, അവയുടെ ദേശ്യഭേദം, ജാതിഭേദം തുടങ്ങിയ അവാന്തരവിഭാഗങ്ങളോടെ വിശ്വാസ്യമായി ഒരിടത്തും ലേഖനം ചെയ്യപ്പെട്ടിട്ടുമില്ല. ചില ശാസനങ്ങളിൽ നാട്ടാരുടെ

വ്യവഹാരഭാഷ കണ്ടേക്കാമെന്ന വസ്തുത വിസ്മരിച്ചിട്ടില്ല. എങ്കിലും നാടൻപാട്ടുകളിലെന്നപോലെ മറെറാന്നിലും നമ്മുടെ ഭാഷാദേവിയെ സചേതനയായി, സൗന്ദര്യവതിയായി, ഭാവാത്മികയായി കാണാനാവില്ല. നാടൻപാട്ടുകളിലെ ഭാഷയെ ഇന്നത്തെ പണ്ഡിതന്മാർ ഈ നിലയ്ക്കാണ് വീക്ഷിക്കേണ്ടതും വിമർശിക്കേണ്ടതും.

ഡാ: എസ്സ്. കെ. നായർ.

★

# നാടൻപാട്ടുകളിലെ ഭക്തിരസം

ഏതു ജനസമുദായത്തിന്റേയും പ്രാക്തനജീവിതദശക ളിൽ പ്രകൃതിയുടെ ശക്തികളെയും പ്രതിഭാസങ്ങളെയും ആരാധിച്ചുവന്നിരുന്ന പതിവു കാണ്മാനുണ്ട്. ഇടി, മിന്നൽ, കൊടുങ്കാററ്, ഭൂകമ്പം, സമുദ്രാക്രമണം, സൂര്യാസ്തമയങ്ങൾ മുതലായപരിവർത്തനങ്ങൾ ഏതോ അമാനുഷചൈതന്യത്തിൻെറ പ്രവർത്തനഫലങ്ങളായി സങ്കല്പിച്ചു പുരാതന മനുഷ്യർ അവയെ ഭയത്തോടെയാണ് അഭിവീക്ഷിച്ചു കൊണ്ടിരുന്നത്. പ്രസ്തുതസംഭവങ്ങൾ ഓരോ ദേവതകളുടെ പ്രഭാവലക്ഷ്യങ്ങളാണെന്നുള്ള വിശ്വാസവും സങ്കല്പസൃഷ്ടങ്ങളായ പല ദേവതകളേയും ഭജിച്ചാരാധിപ്പാനുള്ള ഔത്സുക്യവും ജനങ്ങളിൽ ക്രമേണ രൂഢമൂലമായിത്തീൎന്നു എന്നുപറയാം. ഇന്നു നാം മതമെന്നും, ധർമ്മമെന്നും വ്യവഹരിച്ചുവരുന്ന കാര്യങ്ങളുടെ പ്രാഗ്രൂപം ആദിമമനുഷ്യരുടെ ഈ മനഃപ്രവണതയിലാണു നിക്ഷിപ്തമായിരിക്കുന്നത്.

മതത്തിൻെറ ഒരു സുപ്രധാനഘടകമാണു ഭക്തി. "ഭജ—സേവായാം" എന്ന സംസ്കൃതധാതുവിൽനിന്നാണ് ഭക്തിശബ്ദം നിഷ്പാദിക്കപ്പെട്ടിരിക്കുന്നത്. തന്നെക്കാൾ സമുന്നതമായ സ്ഥാനത്തിരിക്കുന്ന വ്യക്തിയോടുള്ള ബഹുമാനവും ആ വ്യക്തിയെ സേവിക്കുന്നതിലും പ്രീണിപ്പിക്കുന്നതിലും ഒരുവനുള്ള സന്നദ്ധതയുമാണ് ഭക്തിയു

ടെ ലക്ഷണം. പുരാതന കേരളീയർ ഭക്തിവിഷയത്തിൽ എപ്രകാരം വൎത്തിച്ചിരുന്നു എന്നു നമ്മുടെ നാടൻപാട്ടുകളെ ആധാരമാക്കി ഒന്നു ചർച്ച ചെയ്യാനാണ് ഇതിനുപരി ഉദ്യമിക്കുന്നതു്.

എല്ലാ രാജ്യങ്ങളിലേയും പുരാതനമനുഷ്യരെപ്പോലെ കേരളീയരും പലതരം ക്ഷുദ്രദേവതകളെ ആരാധിച്ചുവന്നിരുന്നു. കാലമറുത, വെണ്ണീററുകുട്ടത്തി, പച്ചത്തോലാടി, ആയിരവല്ലി, പിള്ളതീനിക്കാളി, പുലിദൈവം, അന്തിമേതാളൻ, കരിനാഗം മുതലായ ക്രൂരസത്വങ്ങളും ക്ഷുദ്രദേവതകളും ഇക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. നമ്മുടെ പൂൎവ്വികന്മാർ പണ്ടു ചൊല്ലിക്കൊണ്ടിരുന്ന ഭജനഗാനങ്ങളുടെ അവശിഷ്ടങ്ങൾ ദുൎമ്മന്ത്രവാദികളായ വേലന്മാരും പാണന്മാരും പറയന്മാരും ഒടിയന്മാരും ഇന്നും പാടിവരുന്നുണ്ടു്. ഇവ പ്രായേണ ബീഭത്സങ്ങളും ചിലപ്പോൾ അസഭ്യങ്ങളും ആയി കാണപ്പെടുന്നു. ചാട്ടവും ഓട്ടവും തുള്ളലും അലർച്ചയും ജന്തുഹിംസയും മദ്യപാനവും ഈ ദുൎമ്മന്ത്രവാദികളുടെ കൎമ്മപരിപാടികളിലെ ഒഴിച്ചുകൂടാൻ വയ്യാത്ത ചടങ്ങുകളാണ്. എങ്കിലും ഇവരുടെ ദേവതോപാസനകളിൽ ഭക്തിക്കു ഗണ്യമായ സ്ഥാനമുണ്ടെന്നു സമ്മതിക്കുകതന്നെ വേണം. ഭക്തിക്ക് ഉത്തമമദ്ധ്യമപ്രാകൃതഭേദങ്ങളുള്ളതിൽ താഴത്തെ പടിയിലാണ് ഇവരുടെ ഭക്തി സ്ഥിതിചെയ്യുന്നതെന്നേ പറയാനുള്ളു. "സാ ത്വസ്മിൻ പരമപ്രേമരൂപാ, അമൃതസ്വരൂപാ ച" എന്നു ശ്രീനാരദനും, 'സാ പരാനുരക്തിരീശ്വരേ' എന്നു മഹൎഷി ശാണ്ഡില്യനും ഉത്തമഭക്തിക്കു ലക്ഷണം കല്പിച്ചിരിക്കുന്നു സൎവ്വനായകനായ ഈശ്വരനിൽ പരമമായ പ്രേമ

ത്തെ സമർപ്പിക്കുന്നതാണ് യഥാർത്ഥഭക്തി എന്നത്രേ ശ്രീ നാരദൻെറ മതം. ശാണ്ഡില്യൻ പറയുന്നത് ഭക്തി എന്ന ത് ഈശ്വരൻെറ നേൎക്കുള്ള ഉൽകൃഷ്ടമായ അനുരക്തിയാ ണെന്നാകുന്നു. വാസ്തവത്തിൽ ഈ രണ്ടു നിർവ്വചനങ്ങളും സമാനഭാവങ്ങളാണെന്നു കാണാം. ഈശ്വരനിൽ പ്രേമ വും ഈശ്വരഭക്തന്മാരിൽ മൈത്രിയും അജ്ഞന്മാരിൽ ക രുണയും ശത്രുക്കളിൽ ഉദാസീനഭാവവും വച്ചുകൊണ്ടിരി ക്കുന്നവനാണു മദ്ധ്യമഭക്തനെന്നും ഭഗവാൻ സർവ്വാന്തര്യാ മിയാണെന്നറിയാതെ പ്രതിമകളെയും പ്രതീകങ്ങളെയും പൂജിക്കുകയും ഭഗവദ് ഭക്തന്മാരിൽ സ്നേഹംകാണിക്കാതി രിക്കുകയും ചെയ്യുന്നവൻ പ്രാകൃതഭക്തനാണെന്നും ശ്രീമ ഹാഭാഗവതത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഈ തോതുവെ ച്ചുനോക്കുമ്പോൾ ദേവതോപാസകന്മാരായ മേൽപ്പറയ പ്പെട്ട ദുൎമ്മന്ത്രവാദികളും ഭക്തകോടിയിൽ ഉൾപ്പെടുമെ ന്നു സിദ്ധിക്കുന്നുണ്ടല്ലോ. ഇവർ ദേവതോപാസനം ഉപ ജീവനമാൎഗ്ഗമായി സ്വീകരിച്ചവരാണ്. ആൎത്തന്മാർ, ജി ജ്ഞാസുക്കൾ, അൎത്ഥാൎത്ഥികൾ, ജ്ഞാനികൾ എന്നു ഭ ക്തന്മാരെ ഭഗവാൻ നാലായി തരംതിരിച്ചു ഗീതയിൽ പറഞ്ഞിട്ടുണ്ടല്ലൊ. ഈ തരംതിരിപ്പിൽ മൂന്നാമത്തെ വ കുപ്പിൽ അതായതു അൎത്ഥാൎത്ഥികളുടെ ഗണനയിൽ വരു ന്നതുകൊണ്ടു് ദുൎമ്മന്ത്രവാദികളും ഭക്തന്മാർ തന്നെ. ഭഗ വാൻ അവരെയും കരുണാപൂൎവ്വം രക്ഷിക്കുന്നു എന്നതിന്

"യേ യഥാ മാം പ്രപദ്യന്തേ താം സ്തഥൈവ ഭജാമ്യഹം
മമ വൎത്മാനുവൎത്തന്തേ മനുഷ്യാഃ പാൎത്ഥ സൎവ്വശഃ"

എന്ന ഗീതാപദ്യം നല്ല തെളിവാണ്. അല്ലയോ അൎജ്ജു നാ, ഏതേതുവിധത്തിൽ ആരെല്ലാം എന്നെ ഉപാസിക്കു ന്നുവോ അവരെയെല്ലാം ഞാൻ അവ്വണ്ണംതന്നെ അനുഗ്ര

ഹിക്കുന്നു. എല്ലാ ഉപാസനകൾവഴിയായും മനുഷ്യർ ഏതു മാർഗ്ഗത്തെയാണ് അനുസരിക്കുന്നത് എന്നാണീ പദ്യത്തിൻെറ അർത്ഥം. അതിനാൽ മേല്പറഞ്ഞ അപരിഷ്കൃതജനങ്ങളും ഒരു പ്രകാരത്തിൽ ഭക്തിമാർഗ്ഗാവലംബികളാണെന്നു സിദ്ധമായി.

വടക്കൻപാട്ടുകളിൽനിന്ന് ഒരു ഭാഗം ഉദ്ധരിച്ച് ഇതുവരെ പറഞ്ഞകാര്യം ഉദാഹരിക്കാം. ആരോമുണ്ണി എന്ന യുവാവ് പടയ്ക്കുപുറപ്പെട്ടപ്പോൾ അമ്മ ദൈവങ്ങളോടു ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നതിങ്ങനെയാണ്;

"നെഞ്ഞത്തുകയ്യും പതിച്ചുകൊണ്ടു്-
നേർച്ചവഴിപാടു നേരുന്നുണ്ടു്.
എൻെറ മകൻപോയ് ജയിച്ചുവന്നാൽ-
പള്ളിപ്പാനയും കഴിപ്പിച്ചേക്കാം.
അന്തിമേതാളനാം ദൈവത്തിനു-
അരിനനച്ചിട്ടു ഞാൻ കൈതൊഴുവൻ.
അങ്കക്കരിനാഗദൈവത്തിനു-
വെള്ളരി വെററില പൂവും നേന്നേ.
ഭൂതിമറയ്ക്കും പുലിദൈവത്തെ-
പുലിക്കോലംകെട്ടിഞാനാടിച്ചേക്കാം.
അല്ലിമലക്കാവിൽ ദൈവത്തിനു-
കാവൂട്ടും പാട്ടും കഴിപ്പിച്ചേക്കാം.
അഞ്ജനക്കാവിലും വേലനേന്നേ-
അയ്യപ്പൻകാവിൽ വിളക്കും നേന്നേ."

പുത്രൻെറ രക്ഷയ്ക്കും വിജയത്തിനുംവേണ്ടി പല ദൈവങ്ങളേയും വാഴ്ത്തിവണങ്ങുന്ന അമ്മയുടെ ഹൃദയം ഭക്തിഭരിതമാണെന്ന് എടുത്തുപറയേണ്ടതായിട്ടില്ലല്ലോ.

ഇനി ഭക്തിയുടെ മദ്ധ്യമോത്തമതലങ്ങളിലേയ്ക്കു നമ്മെ നയിക്കുന്ന നാടോടിപ്പാട്ടുകൾ ഉണ്ടോ എന്നന്വേഷിക്കാം. ഭക്തിക്കു സഗുണമെന്നും നിർഗ്ഗുണമെന്നും രണ്ടു ഭാവമുണ്ട്. പ്രപഞ്ചം മുഴുവൻ, ഈശ്വരൻെറ ശക്തിക്കും ഹിതത്തിനും വിധേയമായി വർത്തിച്ചുകൊണ്ടിരിക്കയാണെന്നു വിശ്വസിച്ച് സർവ്വനാഥനും സർവ്വവ്യാപിയുമായ ഈശ്വരനെ പ്രായേണ മാനുഷരൂപത്തിൽ സങ്കല്പിച്ചു ഭജിയ്ക്കുന്നതാണു സഗുണഭക്തിയുടെ സ്വരൂപം. വിഷ്ണു, ശിവൻ, ഗണപതി, സുബ്രഹ്മണ്യൻ, ശാസ്താവ്, സരസ്വതി, ലക്ഷ്മി, പാർവ്വതി, ഭദ്രകാളി മുതലായ ദേവന്മാരുംദേവിമാരും അനേകലക്ഷം ജനങ്ങളുടെ ഉപാസനാമൂർത്തികളാണ്. ഈ ദേവീദേവന്മാരെ നിഷ്ഠയോടെ ഭജിച്ചാൽ ഇഹലോകസൗഖ്യവും പരലോകശ്രേയസ്സും കൈവരുമെന്നു ദൃഢമായി വിശ്വസിച്ചിരുന്ന നിരവധി ജനങ്ങൾ പണ്ടും കേരളത്തിലുണ്ടായിരുന്നു. ആര്യന്മാരുമായുള്ള സമ്പർക്കത്തിനുശേഷമായിരിക്കണം ഈ ദേവന്മാരെയും ദേവിമാരെയുംപററിയുള്ള ശരിയായ ബോധം കേരളീയർക്കു ലഭിച്ചതു്. അനാദ്യന്തമായ ബ്രഹ്മത്തിൻെറ സഗുണഭാവം വഹിക്കുന്ന ദേവീദേവന്മാരുടെ ആരാധകന്മാരെ സഗുണോപാസകന്മാർ എന്നുവിളിക്കുന്നു. സഗുണത്തിൽനിന്നും നിർഗ്ഗുണത്തിലേയ്ക്കുള്ള ഭക്തിയുടെ പുരോഗതി കൈവല്യത്തിൽ പര്യവസാനിക്കുമെന്നാത്രേ അഭിജ്ഞമതം. ലക്ഷ്മി, ഗണപതി മുതലായ ദേവന്മാരെയും ദേവിമാരെയും ഭജിയ്ക്കുന്നതിൽ കേരളീയർക്കുള്ള തല്പരതയ്ക്കു് കേരളത്തിലെ അനേകായിരം ക്ഷേത്രങ്ങൾതന്നെ പ്രത്യക്ഷലക്ഷ്യങ്ങളാണ്. അജ്ഞരും നിരക്ഷരന്മാരുമായ അധഃസ്ഥിതന്മാർ

 തുടങ്ങി വിജ്ഞരും വിവേകികളുമായ ചിന്തകന്മാർവരെ ഈ ദേവീദേവന്മാരെ ഭജിക്കുന്നതിൽ അമിതമായ താല്പര്യം ഇന്നും പ്രദർശിപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. നാടൻ പാട്ടുകളിലെ ഒരു ഗണപതിസ്തുതി കേൾക്കുക:—

"മുക്കണ്ണനാനയുമായേ-
മലമാത്തും പിടിവടിവായേ
അമ്മനമമ്മിയുമായേ-
അവരങ്കു വനവാതംപോയേ
കൊഞ്ചിക്കളഞ്ചു നടന്തേ-
കൊലയാനകളോടങ്ങിടഞ്ചേ
തമ്മിലണന്തുപുണന്തേ-
മെയ്യാളങ്ങു കപ്പം തരിച്ചേ
ഈരഞ്ചുമാതം കഴിഞ്ചേ-
മെയ്യാളങ്ങു നോവണിപൂണ്ടേ
മുട്ടിമുയങ്കിപ്പിറന്തേ-
ഒരു ചള്ളവയറുള്ളപിള്ള
തെങ്ങിൻെറളംചൊട്ടപോലെ-
രണ്ടു നീണ്ടുവളഞ്ചനകൊമ്പും
ആടിയലഞ്ചന കാത്തും രണ്ടു-
കൊച്ചുമൊറംകണക്കമ്മോ.
കുട്ടിഗ്ഗണപതിയാണേ ഒരു-
കുട്ടവയറനാണമ്മോ!
കുട്ടനിറയെപ്പഴവും നല്ല-
കൊട്ടത്തേങ്ങേള്ളുണ്ടതേനും
ഒട്ടല്ല ചുട്ടകിഴങ്കും ചെറു-
ചെറുതട്ടടയപ്പമവലും

കാച്ചിക്കുറുക്കിയ പാലും-
നല്ല നീലക്കരിമ്പിൻെറ ചാറും
തിണ്ണക്കടിച്ചു തുകിച്ചേ-
തിറമോടു തുണയ്ക്കുൻെറ കൊമ്പാ."

ദേവീപൂജ കേരളീയക്കുള്ള ഒരു പ്രത്യേകതയാണു്. കാവും കുളവുമില്ലാത്ത ഗ്രാമങ്ങൾ കേരളഭൂമിയിൽ ഇല്ലെന്നു തന്നെ പറയാം. ഭഗവതിയായും ഭദ്രകാളിയായും ദേവീപൂജനടത്തുന്ന കേരളീയർ അനേകായിരമുണ്ടു്. പണ്ടത്തെ കേരളീയപുരുഷന്മാർ കൃഷിയിലും യുദ്ധത്തിലുമാണേർപ്പെട്ടിരുന്നതു്. ഓരോ പ്രധാന ഭവനത്തിലും ആയുധാഭ്യാസത്തിനുള്ള കളരിയും കളരിയോടടുത്തു കാളീക്ഷേത്രവും ഉണ്ടായിരുന്നു. അതിനാൽ കാളിയുടെ അപദാനങ്ങളെ ഭക്തിപൂർവ്വം വർണ്ണിക്കുന്ന അനേകം പാട്ടുകൾ കേരളത്തിൽ പ്രചരിക്കുന്നുണ്ടു്. ദാരികവധത്തിലെ ഒരു ഘട്ടം കേൾക്കുക. ദേവി ദാരികനെ വധിക്കാൻ ഭാവിക്കുമ്പോൾ അസുരൻ ദയനീയമായി ഇപ്രകാരം രോദനം ചെയ്യുന്നു:-

"കൊല്ലരുതേ അമ്മേ കൊല്ലരുതേ-
അരൻതിരുമകളേ കൊല്ലരുതേ.
ആടുവെട്ടി നേർച്ചയും തരുവേനമ്മാ-
എന്നെയോ വെട്ടിനിങ്ങൾ കൊല്ലരുതേ.
കോഴിവെട്ടി നേർച്ചയും തരുവതൊണ്ടു്-
വട്ടിവിത്തുനേർച്ചയും തരുവതൊണ്ടു്.
നടവരവു നേർച്ചയും തരുവതൊണ്ടു്-
തോററമ്പാട്ടുനേർച്ചയും തരുവതൊണ്ടു്.
കൂത്തുനേർച്ചവേണ്ടോളം തരുവതൊണ്ടു്-
കമ്പവടിനേർച്ചയും തരുവതൊണ്ടു്.

പൊന്നാരത്തുക്കം നേർച്ച തരുവതൊണ്ടു്-
പൊൻചൂരലോട്ടം നേർച്ച തരുവതൊണ്ടു്."

ഇതിൽ പറയുന്ന വഴിവാടുകളും നേർച്ചകളും മുൻകാലങ്ങളിൽ കാളീക്ഷേത്രത്തിൽ നടത്തുക പതിവായിരുന്നു.

ഇതുപോലുള്ള പാട്ടുകളിൽ ഇനി പറയാനുള്ളതു് അയ്യപ്പൻപാട്ടുകളെപ്പററിയാണു്. കേരളീയരുടെ കുലദൈവം അയ്യപ്പനായിരുന്നു എന്നു വിചാരിക്കാൻ ധാരാളം ന്യായങ്ങൾ കാണുന്നുണ്ടു്. മലവാരംതോറും പ്രതിഷ്ഠിച്ചിട്ടുള്ള ശാസ്താക്കന്മാരെയാണു് അയ്യപ്പനായി പൂജിക്കുന്നതു്. ഹരൻെറയും ഹരിയുടെയും പുത്രനായിട്ടവതരിച്ച അയ്യപ്പൻ ശൈവമതവും വൈഷ്ണവമതവും തമ്മിൽ യോജിപ്പിച്ച ദൈവതമാണെന്നു കരുതുന്നതിൽ അപാകമുണ്ടെന്നു തോന്നുന്നില്ല. ശാസ്താംപാട്ടുകൾ എണ്ണത്തിലും വണ്ണത്തിലും പ്രാധാന്യം അർഹിക്കുന്നവയാണു്. പല വൃത്തങ്ങളിലും പല താളങ്ങളിലും പാടിവരുന്ന ഈ ഗാനസമുച്ചയം കേരളത്തിലെ നാടൻപാട്ടുകളിൽ ഭക്തിപരമായ ഉത്തുംഗപദവിയെത്തന്നെ അധിരോഹണംചെയ്തിരിക്കുന്നു. ശാസ്താവിൻെറ ഉത്ഭവത്തെപ്പററിയുള്ള ഒരു പാട്ടുകേൾപ്പിക്കാം:

"കാലനുകാലൻ കൌതുകമൊടുചിത്തൻ
കാമരസത്തോൻ
കാമക്ഷേപത്താൽ മോഹിനിതന്നുദരത്തിൽ
ജനിച്ചോൻ
വന്നുപിറന്നൊരു പുത്രൻ നവരത്നക്കുഴവിയനത്രേ
വാത്സല്യത്താലേയമ്മയുമച്ഛനെടുത്തഴകോടെ

അഴകൊടെട്ടത്തണിമുലയൂട്ടി വളത്തിയ
പൊന്മകനാരേ,
ഹരിഹരശിവശങ്കരസുതനേ അടിയനിതാ
പദതളിർ തൊഴുന്നേൻ."

ഇനി നിർഗ്ഗുണഭക്തിയിലേയ്ക്കു പ്രവേശിക്കാം. ജ്ഞാനമാണ് നിർഗ്ഗുണഭക്തിയുടെ കാതൽ. ഇക്കാണുന്ന സകലചരാചരങ്ങളും ഏകവും അദ്വിതീയവുമായ ബ്രഹ്മത്തിന്റെ പ്രതിരൂപങ്ങളാകയാൽ അവയ്ക്കു നാശമുണ്ടെന്ന് അഖണ്ഡവും നിർവ്വികാരവുമായി നിലനില്ക്കുന്നത് ആത്മാവൊന്നു മാത്രമാണെന്നും ഉള്ള അറിവോടുകൂടി പരമാത്മാനുസന്ധാനം ചെയ്യുന്നതാണു നിർഗ്ഗുണഭക്തി—ഈ നില പ്രാപിച്ചിട്ടുള്ളവരുടെ എണ്ണം അത്ര അധികമല്ല. നമ്മുടെ പൂർവ്വികന്മാരിൽ ചിലർ ഈ തത്വം ഗ്രഹിച്ച് ഈ മാർഗ്ഗം അനുവർത്തിച്ചിരുന്നു എന്നുള്ള വസ്തുത ചില നാടൻപാട്ടുകളിൽനിന്നു ഗ്രഹിപ്പാൻ കഴിയും. 'വള്ളോാക്കവിത' എന്ന പാട്ടുകൾ നിർഗ്ഗുണഭക്തിയുടെ അഥവാ ജ്ഞാനാത്മകമായ കേവലഭക്തിയുടെ കാഹളം മുഴക്കുക തന്നെ ചെയ്യുന്നു. ജ്ഞാനനിധിയായിരുന്ന തിരുവള്ളുവരെ അനുസ്മരിച്ചായിരിക്കാം ഇത്തരം പാട്ടുകൾക്കു വള്ളോാക്കവിത എന്ന നാമധേയം കല്പിക്കപ്പെട്ടതു്. ജ്ഞാനമൂർത്തിയായ പരമശിവനേപ്പോലും വള്ളോാനായിരൂപാന്തരപ്പെടുത്തിയിരിക്കുന്നതു ചിന്താബന്ധുരമായ ഒരു സ്വാതന്ത്ര്യപ്രകടനമാണ്. ഒരു പാട്ടുകേൾക്കുക:—ആദ്യം ഭഗവാനെയും ഗണപതിയേയും സഗുണഭാവത്തിൽ സ്തുതിക്കുന്നു:

"വെള്ളിമാമല കാത്തുവാണരുളും-വള്ളോൻെറ കയ്യിൽ
പുള്ളിമാൻ മഴശ്ശൂലവും തുടിയും
വള്ളിപോലെ നിറച്ച പാമ്പുകളും-ചാമ്പലും ചൂടീ-
ട്ടെല്ലുകൊണ്ടു ചമച്ച മാലകളും
വെള്ളമൊരു ചുമടാക്കി വാണരുളും-ചോതിവല്യാമ്മൻ
പുള്ളകരിമുകനായ ബാലനു ഞാൻ
കള്ളമടയവലപ്പമെലംപ്പൊരിയും-നാളികേരം ഗ്ഗള-
മുള്ള മാംകനിയും പിലാച്ചുളയും
പള്ളനിറവതിനായ് തരുന്നേനോ-പാരാതെവന്നെ-
ന്നുള്ളിലുള്ളഴൽ തീക്കെരിമുകവാ."

ഇനി വേദാന്തപരമായ ഒരു ഗാനത്തിലേയ്ക്കു കടക്കാം.

"മൂലക്കിഴങ്ങിന്നു മൂന്നല്ലോ വള്ളി-
മൂലത്തിലൊക്കെപ്പടന്നുള്ള വള്ളി
ജ്ഞാനക്കിഴങ്ങിന്നു നാലല്ലോ വള്ളി-
ജ്ഞാനത്തിലൊക്കെപ്പടന്നുള്ള വള്ളി
മുപ്പത്തിമൂന്നു മരംനട്ടകാലം-
മൂന്നുമരമതിൽത്താനേ മുളച്ചു
ആമരം പൂത്തോരു പൂവുണ്ടു കയ്യിൽ-
പൂവോട്ടു ഞാറോട്ടു ചൂടാമ്പൊതിന്നേൻ
അക്കരെനിന്നു വിളിപ്പോനീ വള്ളോൻ-
അക്കരെപ്പോവാൻ തുണയില്ലെനിയ്ക്കു്
മകളുണ്ടെവരെക്കൂടെനടത്താൻ-
വന്നെന്നെയാരും കടത്തുവോനില്ലേ.
പുക്കംപുറപ്പെട്ടുംനിക്കുന്നനേരം-
പുതുവെള്ളംവന്നു പുഴയും നിറഞ്ഞു."

ആറും കടന്നിട്ടങ്ങപ്പുറം ചെന്നാൽ
ആനന്ദവള്ളോൻ പുരയ്ക്കലും ചെല്ലാം."

ഈ പാട്ടിൽ മൂലാധാരം, സ്വാധിഷ്ഠാനം മുതലായ ഷഡാധാരങ്ങളേയും ഇഡ, പിംഗല, സുഷുമ്ന എന്ന നാഡീത്രയത്തെയും രാജയോഗപരിപാടിയേയും നിർവ്വികല്പസമാധിയേയും മററും ഭംഗ്യന്തരേണ പ്രതിപാദിച്ചിരിക്കുന്നതു് ശ്രദ്ധേയമാകുന്നു. ഇതുപോലെ വള്ളോക്കമ്മി, വാരണപ്പാട്ടു മുതലായവയിൽ ജ്ഞാനമാത്രോദിതമായ പരാഭക്തി വിവരിക്കപ്പെട്ടിരിക്കുന്നു.

"എളുപ്പമായുള്ള വഴിയേപോകുമ്പോൾ,
ഇടയ്ക്കിടെയാറുപടിയുണ്ടു്
പടിയാറുംകടന്നവിടെച്ചെല്ലുമ്പോൾ
ശിവപാദം കാണാം ശിവശംഭോ"

എന്ന കീർത്തനത്തിലും രാജയോഗമുറതന്നെ പ്രതിപാദിച്ചുകാണുന്നു.

ഇങ്ങനെ നോക്കുമ്പോൾ ഭക്തിയുടെ വിവിധഘട്ടങ്ങളേയുംകുറിക്കുന്ന പല ഗാനങ്ങളും നമ്മുടെ നാടൻപാട്ടുകളിലുണ്ടെന്നു് മനസ്സിലാകും. ചുരുക്കിപ്പറഞ്ഞാൽ അപരാഭക്തിയുടെയും പരാഭക്തിയുടെയും വിവരണങ്ങളടങ്ങിയ പാട്ടുകൾ പലതും നമ്മുടെ പൂർവ്വികന്മാർ നിർമ്മിച്ചിട്ടുണ്ടെന്നു നമുക്കഭിമാനിക്കാം. കേവലം ക്ഷുദ്രമായ ഭൂതേവതാരാധനമുതൽ അത്യുത്തമമായ നിഷ്കാമഭക്തിവരെയുള്ള പടികളിലെല്ലാം സ്ഥിതിചെയ്തിരുന്ന പൂർവ്വികരുടെ പാരമ്പര്യം വഹിക്കുന്ന നമുക്കു് ആഹ്ലാദത്തിനും അഭിമാനത്തിനും ധാരാളം അവകാശമുണ്ടെന്നു് തീർത്തുപറഞ്ഞുകൊണ്ടു് ഈ ചർച്ച അവസാനിപ്പിക്കുന്നു.

സി. ഐ. ഗോപാലപിള്ള.

★

# നാടൻപാട്ടുകളിലെ സാമൂഹ്യാംശം

അതിദൂരെ അന്തരീക്ഷത്തിൽ ചരിക്കുന്ന ഗോളങ്ങളെപ്പററി പഠിക്കാൻ നാം ഒരു ദൂരദർശിനിയെ ആശ്രയിക്കുന്നു. അതിൽക്കൂടി പ്രത്യക്ഷപ്പെടുന്ന യാഥാർത്ഥ്യങ്ങളെ നാം ഗ്രഹിച്ചിട്ടുള്ള വിജ്ഞാനവുമായി കൂട്ടിയിണക്കി ഭാവനയുടെ സഹായത്തോടെ പല അനുമാനങ്ങളിലും എത്തിച്ചേരുകയാണു പതിവ്. ഭൂതകാലാകാശത്തിൻെറ പ്രകാശഗോളങ്ങളായിരുന്ന നമ്മുടെ പൂർവ്വികരെക്കുറിച്ചും അവർ ജനിച്ചുവളർന്നു മണ്ണടിഞ്ഞ സാമൂഹ്യവ്യവസ്ഥിതികളെക്കുറിച്ചും പഠനംനടത്താൻ നമുക്കു ലഭിച്ചിട്ടുള്ള ദൂരദർശിനികളാണു് നാടൻപാട്ടുകൾ. പക്ഷെ അവയിൽക്കൂടി ലഭിക്കുന്ന അറിവുകൾക്ക് ശാസ്ത്രീയസത്യങ്ങളുടെ തെളിച്ചമില്ല. അതിനാൽ നമ്മുടെ വിജ്ഞാനവുമായി സമ്മേളിപ്പിക്കുംമുമ്പ് കുറഞ്ഞോരിട നാം ആലോചിക്കേണ്ടതുണ്ട്. പാട്ടുകളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ ചരിത്രസംഭവങ്ങളുടേയും അതീതകാലസ്ഥിതിഗതികളുടേയും സത്യാത്മകവിവരണങ്ങളായിരിക്കണമെന്നില്ല. പല കാലങ്ങളിലായി പല കണ്ഠങ്ങളിൽക്കൂടി പകർന്നെത്തിയ പാട്ടുകളിൽ, കടന്നുപോയ എല്ലാ ഘട്ടങ്ങളുടേയും പാദമുദ്രകളവശേഷിച്ചിട്ടുണ്ട്.

**ലാളിത്യം—ഒരു മുഖ്യാംശം**

ആദ്യമായി അനുഭവപ്പെടുന്നതു് നാടൻപാട്ടുകളിൽ

പ്രതിഫലിച്ചുകാണുന്ന ലാളിത്യമാണ്. വിശ്വാസത്തിലുള്ള ലാളിത്യം—ജീവിതരീതികളിലുള്ള ലാളിത്യം. മിക്കവാറും എല്ലാ പാട്ടുകളും ഇതിനുദാഹരിക്കാവുന്നതാണ്. ഇന്നു നാം കടുത്തഅതിശയോക്തികളായി പുറംതള്ളുന്ന പലതും അത്യധികമായ വിശ്വാസദാർഢ്യത്തോടെ അവർ ചിത്രീകരിച്ചിട്ടുണ്ട്. അനുഭവരസികതയോടെ അവയൊക്കെ പ്രതിപാദിക്കാൻ കഴിഞ്ഞത്ു് അവരുടെ ജീവിതത്തിൽത്തന്നെയുള്ള ലാളിത്യം ഒന്നുകൊണ്ടുമാത്രമാണ്.

## ജീവിതരീതി—പൊതുവെ

വടക്കൻപാട്ടുകൾ മുഴുവൻ യുദ്ധവീരന്മാരുടെ കഥയാണ്. കുളി, ഊണ്, യുദ്ധത്തിനുള്ള ഒരുക്കങ്ങൾ, അങ്കംപൊയ്ത്ത്, കളരിഅഭ്യാസം, ഇവയിലൊതുങ്ങിക്കഴിഞ്ഞു അവരുടെ പ്രവർത്തനമണ്ഡലമാകെ. അന്നത്തെ ജീവിതരീതിയെക്കുറിച്ച് പാട്ടുകളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾവച്ചുനോക്കിയാൽ ലളിതസുന്ദരമായ ഒരു ചിത്രമാണ് മുന്നിലുയരുന്നത്. വടക്കൻപാട്ടുകൾ പൊതുവെ തച്ചോളി, പുത്തൂരം, ആറുംമണമ്മേൽ, തൊണ്ണൂറാം, പാലാട്ട് തുടങ്ങിയ ഏതാനും കുടുംബങ്ങളുടെ ചരിത്രമാണ്. പല തമ്പുരാക്കന്മാരും മേനോന്മാരും നാടുവാഴികളും ജോനകപ്രമുഖരും ഇടയ്ക്കു കടന്നുവരുന്നുണ്ടെങ്കിലും പാട്ടുകൾകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളത് ഈ ഗൃഹങ്ങളിലെ വീരന്മാരെ വാഴ്ത്തിപ്പാടാനാണെന്നു സ്പഷ്ടം. തമ്പുരാക്കന്മാരേക്കാൾ സ്ഥാനമഹിമ അഭ്യാസികളായ കുടുംബനാഥന്മാർക്കാണ്. ദൈനംദിന രാജ്യഭരണത്തിൽ

പ്പോലും പലപ്പോഴും അവരുടെ സഹായം അപേക്ഷിക്കു ന്നതായി കാണാം. നാഗപുരത്തിലെ റാണി ആരോമരെ പ്പററി പറയുന്നതു്,

"ഞങ്ങളെപ്പോലെ പതവികളും
രാജധാനിയും അവൎക്കുണ്ടല്ലൊ
ഇവിടെ ഒരുകാൎയ്യം വന്നുപോയാൽ
ആരോമർ വന്നിങ്ങു തീൎത്തുപോകും
അവിടെ ഒരുകാൎയ്യം വന്നുപോയാൽ
ഇവിടന്നു പോയങ്ങു തീൎക്കുകയും"

എന്നത്രേ. ഇതാണുപതിവു്. തമ്പുരാനു തുല്യമായ പദവി സമൂഹമദ്ധ്യത്തിൽ അന്നത്തെ ചേകോന്—യുദ്ധവീരനും ജനസേവകനും ത്യാഗിയുമായ കരപ്രമാണിക്കു—ഉണ്ടാ യിരുന്നതായി വരുന്നു. പാശ്ചാത്യരാജ്യങ്ങളിൽ ഒരുകാല ത്തു് Knights-നുണ്ടായിരുന്ന പദവിയും പ്രശസ്തിയും അ ന്നത്തെ നമ്മുടെ ആയോധനപടുക്കളും അനുഭവിച്ചിരുന്നു. ജാതിവ്യത്യാസംപോലും ഈ വിദ്യയിൽ അഭ്യസ്തനെന്നും അനഭ്യസ്തനെന്നുമുള്ള അന്തരത്തിലല്ലേ അധിഷ്ഠിതമായി രുന്നതെന്നു സംശയിക്കണം. ആദ്യത്തെ കൂട്ടൎക്കു് മററവരെ അപേക്ഷിച്ചു പ്രാശസ്ത്യമുണ്ടായിരുന്നു താനും. ഈഴത്തുനാ ട്ടിൽനിന്നും വന്ന ആരോമൎക്കു് കുടകുമല കുഞ്ഞിക്കണ്ണനും കേളുമൂപ്പനും ലഭിക്കാത്ത സ്ഥാനമാനങ്ങൾ ചേകോനാ ണെന്ന കാരണത്താൽ അനുഭവിക്കാൻ കഴിയുന്നുണ്ടെന്നു ള്ളതു ശ്രദ്ധിക്കേണ്ടതാണു്. കളരിഅഭ്യാസം സൎവ്വപ്രധാ നമായിരുന്ന ഒരുകാലത്തു്, ഏതു നീതിയും വാളിൻതലപ്പു കൊണ്ടുമാത്രം തീൎച്ചപ്പെടുത്തിയിരുന്ന ഒരു ദശാസന്ധി യിൽ യുദ്ധവീരന്മാൎക്കു് സമൂഹമദ്ധ്യത്തിൽ അമിതപ്രാധാ

ന്യം വരുക സ്വാഭാവികമാണ്. ചുരുക്കത്തിൽ ജനസേവനത്തിനുവേണ്ടി സമർപ്പിക്കപ്പെട്ട ഒരു ജീവിതമായിരുന്നു അവരുടേതു്. ആ ഒരൊററക്കാരണം സമൂഹമദ്ധ്യത്തിൽ സമ്മാന്യമായ ഒരു പദവി അവക്കു നേടിക്കൊടുക്കുകയും ചെയ്തിരുന്നു. അന്നത്തെ യുദ്ധമുറകഠം പ്രായേണ പൊയ്ത്തെന്നും അങ്കമെന്നും രണ്ടു രീതിയിലായിരുന്നു. ശ്രീ ചേലനാട്ടു് അച്യുതമേനോൻ അവയുടെ സ്വഭാവത്തെപ്പററി വിസ്തരിച്ചു ചർച്ചചെയ്തിട്ടുണ്ടു്. ധർമ്മസമരമായിരുന്നു അക്കാലത്തു നടന്നിരുന്നതെന്നു് അങ്കത്തിൽ ചതിച്ച ചന്തുവിൻെറ ഹീനകൃത്യത്തെ അപഹസിച്ചിട്ടുള്ളതിൽ നിന്നും ഗ്രഹിക്കാം.

അങ്കങ്ങഠംക്കിടയ്ക്കു് അതിനുള്ള തയാറെടുക്കലും ഊണു്, കുളി, വിനോദം തുടങ്ങിയ ദിനചര്യകളും മാത്രമേ അവക്കുണ്ടായിരുന്നുള്ളു എന്നു തോന്നും പാട്ടുകഠം വായിക്കുമ്പോഠം. കുളിയേയും ഊണിനേയും കുറിച്ചു് വിശദമായി വിസ്തരിച്ചുകൊണ്ടുള്ള വർണ്ണനകഠം പല പാട്ടുകളിൽ കാണുന്നുണ്ടു്. അവ പലതും സദൃശങ്ങളാണുതാനും. മുറുക്കും വളരെ നിർബന്ധമായിരുന്നു. പ്രേമപ്രകടനംതന്നെ ആരംഭിക്കുക ഒന്നു മുറുക്കാൻ ചോദിക്കുന്നതിലാണു്. കിളിവാലൻവെററിലയും ഈററൻ കവുങ്ങിൻപാക്കും ചേർത്തു മുറുക്കുന്നതിൻെറ സുഖവും പ്രകടിപ്പിച്ചിട്ടുണ്ടു്.

കുടുംബവൃത്തങ്ങഠംക്കതീതമായി സംഭവിച്ചിരുന്നതു് അങ്കവും പൊയ്ത്തും കഴിഞ്ഞാൽ വിനോദങ്ങളും വിവാഹങ്ങളുമാണു്. വിനോദങ്ങഠം പലതും ആയുധാഭ്യാസത്തിനോടനുബന്ധിച്ചുള്ളവയായിരുന്നു. ക്ഷേത്രങ്ങഠം

തോറും നടത്തിവന്നിരുന്ന വേലയും, കൃത്തും, ഓരോ കര യിലേയും സാംസ്കാരിക സംഭവങ്ങളായിരുന്നിരിക്കണം.

വിവാഹമാണു് മറെറാരു സാമൂഹ്യപ്രാധാന്യമുള്ള ചടങ്ങ്. വിചിത്രങ്ങളായ പല പാണിഗ്രഹണങ്ങളേയും കുറിച്ചു വടക്കൻപാട്ട പ്രസ്താവിക്കുന്നുണ്ടു്. ഒരു കാര്യം തീർച്ചപ്പെടുത്തിപ്പറയാൻ കഴിയും: വ്യക്തികൾക്ക് അന്ന് ഈ വിഷയത്തിൽ സമ്പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇഷ്ടപ്പെടാത്ത വൈവാഹികബന്ധത്തിലേയ്ക്കു് ആരും ആരേയും തള്ളിവിട്ടിരുന്നില്ല. രക്ഷാകർത്താക്കൾക്കിഷ്ടമില്ലാത്ത ബന്ധങ്ങളാണു സ്ഥാപിക്കുന്നതെന്നിരുന്നാലും വൈരം കളഞ്ഞു് 'അരി എറിഞ്ഞു' വധുക്കളെ സ്വീകരിക്കാൻ അമ്മമാർ സദാ സന്നദ്ധരായിരുന്നതായിക്കാണാം. വിവാഹത്തിനുമുമ്പു് അച്ചാരംകൊടുക്കുന്ന സമ്പ്രദായം നിലവിലിരുന്നു. വെററില കൈമാററത്തോടുകൂടിയാണു നിശ്ചയം ഉറപ്പിക്കുക. ആളറിയാതെ എങ്കിലും കോമൻെറ കയ്യിൽനിന്നും വെററില വാങ്ങിച്ചു കഴിഞ്ഞിരിക്കുന്നു എന്നാണു് തൊണ്ണൂറാം വീട്ടിലെ ഉണ്ണിയമ്മ സഹോദരരെ ഭീഷണിപ്പെടുത്തുന്നതു്. തങ്ങൾക്കിഷ്ടമുള്ളവരെ സ്വീകരിക്കാനുള്ള സ്വാതന്ത്ര്യത്തോടൊപ്പം ഇഷ്ടക്കേടു വരുമ്പോൾ ബന്ധമൊഴിയാനുള്ള സൗകര്യവും ഉണ്ടായിരുന്നു. 'ന്തുലാചാരം വാങ്ങുക' എന്നാണതിനു നല്കിയിരിക്കുന്ന പേരു്. ഇതിൻെറ യഥാർത്ഥ സ്വഭാവം എന്താണെന്നു വ്യക്തമായിട്ടില്ല. താലികെട്ടുന്ന ചരടാണ് ന്തുലെന്നതുകൊണ്ടുദ്ദേശിക്കുന്നതെന്നു് ശ്രീ. അച്യുതമേനോൻ അഭിപ്രായപ്പെടുന്നു. എന്തായാലും ശരി പലപ്പോഴും പറയത്തക്ക കാരണങ്ങൾ വേണമായിരുന്നില്ല

അതു നടത്താൻ: വിവാഹബന്ധങ്ങൾ പ്രായേണ ശിഥിലമായിരുന്നെന്നാണ് ഈ വസ്തുതകൾ തെളിയിക്കുന്നത്. ഈയിടെവരെയും നായർസമുദായത്തിൽ സാർവ്വത്രികമായിരുന്ന താലികെട്ടുകല്യാണം വടക്കൻ പാട്ടുകളുടെ കാലത്തും നിലവിലിരുന്നിരുന്നു.

ഒതേനൻെറയും ആരോമരുടേയും കാലം മരുമക്കത്തായത്തിൻെറ പ്രാഭവഘട്ടമായിരുന്നു. ഒട്ടനവധി ഉദാഹരണങ്ങൾ വടക്കൻപാട്ടിൽനിന്നെടുത്തു കാണിക്കാൻ കഴിയും—ഇതു തെളിയിക്കാൻ. പക്ഷെ ഈ സാധാരണ നിയമത്തിനു വികല്പമായി ഒരുദാഹരണംകൂടി ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. ഉണ്ണിയാർച്ച താമസിക്കുന്നതു് ഭർത്തൃഗൃഹത്തിലാണെന്നു കൃത്തുകാണാൻ പോയ കഥ സ്പഷ്ടമാക്കുന്നുണ്ട്. മരുമക്കത്തായത്തിൽ ദൃശ്യമാകാത്ത ഈ സംഗതി അന്നത്തെ ദായക്രമത്തെക്കുറിച്ചുള്ള ചർച്ചയിൽ പ്രത്യേക പ്രാധാന്യമുള്ളതാണ്. ജനനം മുതൽ മരണം വരെയുള്ള ചടങ്ങുകൾ വടക്കൻ പാട്ടുകളിൽ അനുക്രമമായി വർണ്ണിച്ചിട്ടുണ്ട്. മരണാനന്തരം നടത്തുന്ന ശേഷക്രിയകളുടെ വിവരണംപോലുമുണ്ട്—ഒതേനൻെറ മാതൃവിയോഗം വിവരിക്കുന്ന പാട്ടിൽ.

ജോനകരെ പ്രായേണ മൂഷ്ഠനിറഞ്ഞ ഒരു വർഗ്ഗമായി ചിത്രീകരിച്ചിരിക്കുന്നു. ചില പ്രത്യേക സ്ഥലങ്ങളിൽ അവർക്കാണു പ്രാധാന്യം. നാഗപുരം ജോനകർപുളപ്പുള്ള നാടാണെന്നാണ് ഉണ്ണിയാർച്ചയോടു ഭർത്താവു പറയുന്നതു്. അറബികളുടെ ഭാഷയും സംസ്കാരവും മലബാറിലെ മാപ്പിളപ്പാട്ടുകളിൽ വളരെയധികം പ്രകടമാകുന്നു. കപ്പലുകളും പത്തേമാരികളും നിർമ്മിക്കുന്ന രീതിയും അവ

യിൽ പ്രസ്താവിച്ചിട്ടുണ്ട്. ചില മാപ്പിളപ്പാട്ടുകൾ വടക്കൻ പാട്ടുകളെപ്പോലെതന്നെ വീരകഥാനുഗാനം നിർവ്വഹിച്ചിരിക്കുന്നതായും കാണാം.

തെക്കൻപാട്ടുകളെന്നു പ്രസിദ്ധമായ ഇരവിക്കുട്ടിപ്പിള്ളപ്പോര്, അഞ്ചുതമ്പുരാൻ പാട്ട് തുടങ്ങിയവകൂടി പരിശോധിക്കേണ്ടതുണ്ട് ഈ അന്വേഷണം പൂർത്തിയാകാൻ. ആദ്യത്തേതിൽ ഒരു ചരിത്രപുരുഷനാണു കഥാനായകൻ. യുദ്ധയാത്രയ്ക്കാരംഭിക്കുമ്പോൾ മാതാവും ഭാര്യയും മുന്നിൽ നിരത്തുന്ന പ്രതിബന്ധങ്ങൾ ദേശാഭിമാനിയായ അദ്ദേഹത്തിനു തടസ്സമാകുന്നില്ല.

“തായാരെ കേളുമമ്മാ
തടുത്തു മൊഴി ശൊല്ലാതെ
ഏഴകടലപ്പിറത്തിൽ
ഇരുമ്പറയ്ക്കുള്ളിരുന്താലും
യമനുടെ ആളു വന്താൽ
ഇല്ലയെൻറാൽ പോവർകളോ”

എന്ന് അമ്മയെ ആശ്വാസപ്പെടുത്തി ഇലങ്കത്തിൽ പോയി തൊഴുതു് സമരരംഗത്തേയ്ക്കു തിരിക്കുകയാണദ്ദേഹം. ഒതേനൻ കുളിച്ച് ലെവണ്ണൂർക്കാവിൽ ചെന്നു കുലദേവതയെ തൊഴുതു് ഊണും കഴിഞ്ഞു പുറപ്പെടുന്നു; ഇരവിക്കുട്ടിപ്പിള്ള തൊഴുന്നതു് ഇലങ്കത്തിൻെറ മുന്നിലാണെന്നു വ്യത്യാസമേയുള്ളു.

സഹോദരരായ തമ്പുരാക്കന്മാർ പിണങ്ങുമ്പോൾ അനുരഞ്ജിപ്പിക്കാൻ കഴക്കൂട്ടത്തുപിള്ളയ്ക്കു് ആളെ അയയ്ക്കുന്ന വലിയതമ്പുരാനെ അഞ്ചുതമ്പുരാൻപാട്ടവതരിപ്പിക്കുന്നു. പ്രഭുക്കന്മാരുടെ സഹായം ഭരണാധികാരികൾ

ഗാർഹികപ്രശ്നങ്ങളിൽക്കൂടി അവലംബിച്ചിരുന്നെന്നുള്ളതിന്നു ദൃഷ്ടാന്തമാണിത്. എട്ടുവീട്ടിൽപിള്ളമാരുടെ പരമ്പരയിൽ രാജഭക്തരുമുണ്ടായിരുന്നെന്ന് ഈ ഗാനം തെളിയിക്കുന്നു.

സമരങ്ങളുടേയും പകപോക്കലുകളുടേയും ചരിത്രങ്ങളാണു മിക്കപാട്ടുകളും. ഇരവിക്കുട്ടിപ്പിള്ളപ്പോര് ഒരു സമരത്തിന്റെ കഥയാണ്—അഞ്ചുതമ്പുരാൻപാട്ട് കലഹത്തിന്റെയും. തോക്കു തുടങ്ങിയ നവീന യുദ്ധോപകരണങ്ങൾ പ്രചാരത്തിൽ വന്നതേയുള്ളു. പോർട്ടുഗീസുകാരുടെ ആഗമനത്തോടെയായിരിക്കണം അതു സംഭവിച്ചത്. എന്നാലും സർവ്വപ്രധാനം കളരിയഭ്യാസമനുസരിച്ചുള്ള പയററുമുറകളായിരുന്നു.

## വിശ്വാസങ്ങൾ—ആചാരങ്ങൾ

അനേകം അന്ധവിശ്വാസങ്ങൾ അന്നു നിലവിലിരുന്നു. ശകുനത്തിലും സ്വപ്നത്തിലും അന്നത്തെ ജനങ്ങൾക്കുണ്ടായിരുന്ന ദൃഢമായ വിശ്വാസത്തിന് ഇരവിക്കുട്ടിപ്പിള്ളയും ഒതേനനും പടയ്ക്കുപോകാനായി ഉണ്ണുമ്പോൾ ചോററിൽ തലനാരു കിടന്നതായും, ഇരവിയുടെ മാതാവ് പൊൻനിറമുള്ള മെത്തയിൽ പുകയെഴമ്പുന്നതും, മദയാന കുളം കലക്കുന്നതുമായ ദുഃസ്വപ്നങ്ങൾ കാണുന്നതായും ഉള്ള പ്രസ്താവങ്ങൾ തെളിവു നൽകുന്നു.

മതാചാരങ്ങൾ വർണ്ണിക്കുന്നവയാണു മററു ചില പാട്ടുകൾ. മാവാരതംപാട്ട്, സർപ്പപ്പാട്ട്, വേലർപാട്ട്, കാണിപ്പാട്ട്, തുയിലുണർത്തൽപാട്ട് തുടങ്ങിയവ ഈ വിഭാഗത്തിലുൾപ്പെടും. മാവാരതംപാട്ട് മിക്കവാറും ഭാരത

കഥാംശത്തെ അനുഗാനം ചെയ്യാനാണുദ്യമിച്ചിരിക്കുന്ന തു്. കുരുനാട്ടിലെ റാണി കുന്തി, കുരുനാട്ടിലെ റാണി ഗാന്ധാരി, പാണ്ഡവർ അഞ്ചിൽ ഇളയതു കുഞ്ഞു ഭീമൻ, കൗരവർ തൊണ്ണൂറെറാൻപതുപേർ എന്നിങ്ങനെ മൂല കഥയ്ക്കു ചില വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ടു്. ഇത്തരം പാട്ടുകളിൽനിന്നു ചില ആനുഷംഗികസാമൂഹ്യാംശങ്ങളെ നമുക്കു ലഭിക്കുന്നുള്ളു. രാജസന്നിധിയെപ്പററി ചെയ്തിട്ടുള്ള പല വർണ്ണനകളും ഭാരതകഥയിലെ കൊട്ടാരങ്ങളെക്കാൾ കേരളത്തിലെ കോവിലകങ്ങൾക്കാണു ചേരുന്നതു്. ഗർഭിണിയായ കുന്തിയെ വിരുന്നുകാണാൻ ഏഴാം മാസത്തിലാണു ഗാന്ധാരി പലഹാരവുമായി ചെല്ലുന്നതു്. ഇതെല്ലാം മലയാളത്തിൽ മാത്രം കാണുന്ന ചില പ്രത്യേകതകളാണു്. കുഞ്ചൻനമ്പ്യാർ പിൽക്കാലത്തു ബോധപൂർവ്വം തൻെറ കവിതയിലൂടെ സാധിച്ച സാമൂഹ്യനിരൂപണത്തിൻെറ അബോധപൂർവ്വമായ പുറപ്പാടു് ഈ ഗാനങ്ങളിൽ നമുക്കു കാണാം. സർപ്പപ്പാട്ടു് കാവുകളിൽ കൊട്ടതിക്കു പാടിവരാറുള്ളതാണു്. സർപ്പാരാധനയ്ക്കു കേൾവികേട്ടതാണല്ലൊ നമ്മുടെ നാടു്. ഇതുപോലെ ക്രിസ്ത്യാനികളുടെ മതചടങ്ങുകളിലുള്ള മിക്ക പാട്ടുകളിലും അവരുടെ ദേവാരാധനാവിധങ്ങളും, പള്ളിവെയ്പ്പ്, വിവാഹം തുടങ്ങിയ സാമൂഹ്യാചാരങ്ങളും വർണ്ണിക്കപ്പെട്ടിട്ടുണ്ടു്. വേലൻപാട്ടുകൾ പിണതീക്കാനുദ്ദേശിക്കപ്പെട്ടവയാണു്.

**തൊഴിലാളിഗാനങ്ങൾ**

ഓരോ ജനവിഭാഗത്തിൻെറയും തൊഴിലിനനുസരിച്ചു് പാട്ടുകളുണ്ടായിട്ടുണ്ടു്. അവ മിക്കതും കഥ ഉൾ

ക്കൊള്ളുന്നവയല്ല. നമ്മുടെ നാടൻപാട്ടുകളിൽവച്ച് ഏററവും പഴക്കംകൂടിയവ ഇത്തരം ഗാനങ്ങളായിരിക്കണം. ആയാസപ്പെട്ട് പണിയെടുക്കുമ്പോൾ ആ പട്ടപണികളുടെ ക്ലേശം അറിയാതിരിക്കാൻ വിളിച്ചുപാടിപ്പോകാവുന്നതാണ്. കനമേറിയ വസ്തുക്കൾ ഇളക്കിമറിക്കുകയും തള്ളിനീക്കുകയും ചെയ്യുമ്പോൾ പുറപ്പെടുവിക്കുന്ന താളാനുസൃതമായ ശബ്ദജാലത്തിന് ഈ പാട്ടുകളുമായി വിദൂരബന്ധമുണ്ട്. വള്ളക്കാരുടെ,

"അൻപനക്കം—ഏലേലം
അൻപനെടി—ഏലലലാം
അൻപനക്കം—അൻപനെടീ-ഏലേലം-ഏലലലാം"

എന്ന പാട്ട് ഇതിനൊരുദാഹരണമാണ്.

കൃഷിപ്പാട്ടുകൾ കഷികവൃത്തിയുടെ പാവനതയേയും യോഗ്യതകളേയും മാഹാത്മ്യത്തേയുംപററി പ്രകീത്തിക്കുന്നു. വിത്തിൻെറ ഗുണങ്ങൾ, കാലികളെ തിരഞ്ഞെടുക്കേണ്ടവിധം, തെങ്ങുകൾ നടേണ്ട ശാസ്ത്രീയമായ വഴി തുടങ്ങിയ കാർഷികവിദ്യകളാണവയിൽ വിവരിക്കപ്പെട്ടിട്ടുള്ളത്. മാനത്തു മഴകൊള്ളുമ്പോൾ കഷകനുണ്ടാകുന്ന ആനന്ദം, അക്കരെ മണക്കണ്ടത്തിൽ മരമടിക്കുന്നതിൻെറ ബഹളം, കല്ലേലിരിക്കുന്ന കല്ലേരിഞ്ഞണ്ടിനോട് സഹാനുഭൂതിയോടെയുള്ള അഭ്യത്ഥന, തന്നെക്കൊണ്ട് വേല എടുപ്പിക്കുന്ന ജന്മിയോടുള്ള മന്ദമായ പ്രതിഷേധം—ഇതൊക്കെ പ്രതിഫലിച്ചിട്ടുള്ള അകൃത്രിമഭാവഗാനങ്ങളാണ് മിക്ക കൃഷിപ്പാട്ടുകളും.

വട്ടികെട്ടുന്നതിനും ഞാറുനടുന്നതിനും പ്രത്യേകംപ്രത്യേകം പാട്ടുകളുണ്ട്.

**വിനോദത്തിനുവേണ്ടി**

കൃഷികവൃത്തിയായിരുന്നല്ലോ കുറഞ്ഞൊരുകാലം മു ന്വുവരെ നമ്മുടെ നാട്ടിടങ്ങളിലെ പ്രധാനതൊഴിൽ, വേ ലക്കിടയ്ക്കുള്ള വിശ്രമസമയങ്ങൾ വിവിധതരത്തിലുള്ള വിനോദങ്ങൾക്കായി നീക്കിവയ്ക്കപ്പെട്ടിരുന്നു. സമുദായ ശ്രേണിയുടെ വിവിധപടികളിലുള്ളവക്ക് അവരവരുടേ തായ പ്രത്യേക വിനോദസമ്പ്രദായങ്ങളുണ്ടായിരുന്നു. സം ഘക്കളിമുതൽ കാക്കാരുകളിവരെ വൈവിധ്യം നിറഞ്ഞ ഒട്ടുവളരെ കലാപ്രസ്ഥാനങ്ങൾ ഒരുകാലത്ത് നിലവിലി രുന്നു. ഇന്നവയിൽ പലതും നശിച്ചുകഴിഞ്ഞിരിക്കുന്നു. വേലയും വിശ്രമവുമായി കഴിഞ്ഞുകൂടിയിരുന്ന ഒരു സമൂ ഹത്തിന്റെ ശുഭാപ്തിവിശ്വാസം കടഞ്ഞെടുത്ത വിനോ ദപ്രകടനങ്ങളുടെ മേഖലയിലേയ്ക്ക് നമ്മെ നയിക്കാൻ ഇന്നു പാട്ടുകൾക്കുമാത്രമേ കഴിയൂ.

സംഘക്കളി ആഢ്യരായ നമ്പൂതിരിമാരുടെ വൈ ദികവിനോദമാണല്ലോ. പാലക്കാട്ട് ശിങ്കപ്പുലവൻ നട പ്പിലാക്കിയ ഓലപ്പാവക്കൂത്ത് പൊന്നാനിയിലും വള്ളു വനാട്ടിലും പ്രാചുര്യമുള്ള വിനോദസമ്പ്രദായമായിരുന്നു. നായന്മാരുടെ കലാപ്രകടനങ്ങളിൽ അന്നവക്കു സിദ്ധി ച്ചിരുന്ന ആയോധനവിദ്യയ്ക്കായിരുന്നു മുഖ്യപങ്ക്. 'അട വുചവിട്ടി' എളുപ്പം പ്രദശിപ്പിക്കാവുന്ന ഒരു വിനോദമാ യിരുന്നില്ല. കൊച്ചുകുട്ടികളുടെ ലീലാവിനോദങ്ങൾക്കുപ യോഗിച്ചുപോന്നതാണ് കണ്ണാംപൊത്തിക്കളി, തുമ്പി തുള്ളൽ, തിരുവാതിരക്കളി തുടങ്ങിയവ എല്ലാം. ഓണം കേരളത്തിലെ ഒരേ ഒരു ദേശീയാഘോഷമാണല്ലോ. അ തുകൊണ്ട് ഒട്ടനവധി ഗാനങ്ങൾ അതിനോടനുബന്ധിച്ചു

ണ്ടായിട്ടുണ്ട്. ഓണപ്പാട്ടുകളും ഊഞ്ഞാൽപ്പാട്ടുകളും ആ ഹ്ലാദമുഖരിതമായ അന്നത്തെ ഗൃഹാന്തരീക്ഷങ്ങളിൽ അനേകം കണ്ഠങ്ങൾ പേർത്തും പേർത്തും പാടിയിട്ടുള്ളവയായിരിക്കണം.

സാമൂഹ്യമായി താണപടിയിൽ നില്ക്കുന്ന പുലയർക്കും വാലന്മാർക്കും അവരുടേതായ ഗാനങ്ങളും വിനോദങ്ങളുമുണ്ടായിരുന്നു. വാലന്മാരുടെ പ്രധാനതൊഴിലായ വള്ളമൂന്നിനോടും തണ്ടുവലിയോടും ബന്ധപ്പെട്ടതാണവരുടെ ഗാനങ്ങൾ. ഒരു പാട്ടിൽ ഭാര്യയിൽ ജാരസംസർഗ്ഗചിന്തയുദിച്ച ഭർത്താവ് അവളോടു ചോദിക്കുന്ന ചോദ്യങ്ങളും അതിനു ലഭിക്കുന്ന ഉത്തരങ്ങളുമാണു് വർണ്ണിച്ചിരിക്കുന്നതു്. പരുന്തിനോടും തത്തയോടുമുള്ള സംഭാഷണങ്ങളും വിനോദവാദപ്രതിവാദങ്ങളും മററു ചില പാട്ടുകളിലെ വിഷയങ്ങളാണു്. കോലടിക്കളി തുടങ്ങിയ ചില കലാസമ്പ്രദായങ്ങളിൽ പാടുന്ന പാട്ടുകൾ പ്രായേണ രാമായണാദിഗ്രന്ഥങ്ങളിലെ കഥാസന്ദർഭങ്ങളെ ഉപജീവിച്ചാണെഴുതിയിട്ടുള്ളതു്. പക്ഷെ അവരുടെ വിജ്ഞാനത്തിനും ബുദ്ധിക്കും അനുസരിച്ചു് ചില മാററങ്ങൾ വരുത്തിയിട്ടുണ്ടെന്നു മാത്രം. ആചാരങ്ങളാലും വിശ്വാസങ്ങളാലും ഭരിക്കപ്പെട്ട, ഒന്നിൻേറയും ഉള്ളിൽക്കടന്നു ചുഴിഞ്ഞു ചിന്താക്കാത്ത ഒരു സമൂഹത്തിന്റെ പ്രതിനിധാനം ചെയ്യുന്നവയാണു് ഇത്തരം ഗാനങ്ങൾ.

**വൈകാരികബന്ധങ്ങൾ**

നമ്മുടെ നാടൻപാട്ടുകളിലെ ഉപേക്ഷിക്കാനാവാത്ത ഒരംശമാണു് അവയിൽ പ്രകടമാകുന്ന വൈകാരിക

ബന്ധങ്ങൾ. വടക്കൻപാട്ടുകളുടെ കാലത്ത് ബഹുഭാര്യാത്വം നിലനിന്നിരുന്നു. ബലാൽക്കാരേണ സ്ത്രീകളെ പിടിച്ചുകൊണ്ടു പോകുന്നതായും അതെത്തുടന്ന് സംഘട്ടനങ്ങളുണ്ടാകുന്നതായും കാണുന്നുണ്ട്. വീരപുരുഷന്മാരെ കാമിക്കുക അന്നത്തെ സ്ത്രീകളുടെ സ്വഭാവമായതിനാലോ ചേതോഹാരിണികളായ സ്ത്രീകളോട് ഒന്നു മുറുക്കാൻ ചോദിക്കാതിരിക്കാൻ കഴിയാഞ്ഞിട്ടോ,

"തൊലിവെളുത്തുള്ള പെണ്ണു കണ്ടാൽ
പുടമുറിച്ചൊപ്പരം കൂട്ടവേണം"

എന്ന ചാപ്പന്റെ വാക്കുകൾ ഒതേനൻ അനുസരിക്കുന്നതായി കാണുന്നു. ഒതേനന്റേയും മററും സ്ത്രീവിഷയകമായ ഈ മനോഭാവം പ്രേമം എന്ന സംജ്ഞയ്ക്കർഹമാണോ എന്നു സംശയമാണ്. പക്ഷേ ചില ഭാവാത്മക ഗാനങ്ങളിൽ, തനിക്കൊരു വരനുണ്ടാകാൻ ചങ്കും പുനലാട്ടം കടപ്പുറത്തു മുല്ലയും ചെമ്പകവും നട്ട്, അവ പൂത്തു ചിതറുന്നകാലത്തേയും കാത്ത് പ്രതീക്ഷാനിർഭരയായിരിക്കുന്ന കന്യകയേയും, തന്റെ കറുത്ത പെണ്ണിനെക്കാണാഞ്ഞു് വണ്ടായ് ച്ചമഞ്ഞു് വിധുരഹൃദയനായി നടക്കുന്ന കാമുകനേയും അവതരിപ്പിച്ചിട്ടുണ്ട്. മാപ്പിളപ്പാട്ടുകളിലും ഇതേ പ്രേമഭാവത്തിന്റെ വ്യക്തമായ സ്ഫുരണം കാണാൻ കഴിയും.

**പാട്ടുകൾ പൊതുവെ**

നാടൻപാട്ടുകൾ സമൂഹത്തിന്റെ സംഘടിതസൃഷ്ടിയോ നാടോടിഗായകന്മാരുടെ വൈയക്തികസൃഷ്ടിയോ എന്നതിനെക്കുറിച്ച് നിരൂപകന്മാർ സംശയാലുക്ക

ളായിട്ടുണ്ട്. ഈ രണ്ടഭിപ്രായങ്ങളേയും സമന്വയിപ്പിച്ചു കൊണ്ട് പ്രൊഫസർ കവില്ലർ കോച്ച് എന്തായാലും സമൂഹത്തിനുവേണ്ടി ഉണ്ടായിട്ടുള്ളവയാണ് ഈ ഗാനങ്ങളെന്നു പ്രസ്താവിക്കുന്നു. സമൂഹത്തിന്റെ വികാരങ്ങളും വിചാരങ്ങളും, വിനോദങ്ങളും ആചാരങ്ങളും—അവരുടെ ജീവിതത്തിന്റെ ഒരു സമഗ്രചിത്രംതന്നെ നാടൻപാട്ടുകളിൽനിന്നും ഗ്രഹിക്കാൻ കഴിഞ്ഞേയ്ക്കും. അവയിൽ പ്രതിഫലിച്ചുകാണുന്നതു് ശുഭാപ്തിവിശ്വാസംനിറഞ്ഞ, സദാപ്രസന്നവും പ്രായേണ അലസവുമായ ജീവിതം നയിക്കുന്ന, ഒരു ജനതയേയുമായിരിക്കും. സംശയാതീതമായി രണ്ടു കാര്യങ്ങൾ നമുക്കു പറയാം!—ഒന്നു്, ജീവിതത്തെപ്പററി അവർക്കുണ്ടായിരുന്ന സ്ഥായിയായ ശുഭാപ്തിവിശ്വാസം; രണ്ടു്, ജീവിതത്തിലും വിശ്വാസങ്ങളിലും അവർ ആവിഷ്ക്കരിക്കാൻ ശ്രമിച്ച ലാളിത്യം—ഇതിലൊതുങ്ങുന്നു അവരുടെ സാമൂഹ്യസ്ഥിതികളുടെ എല്ലാ അംശങ്ങളും. മാക്സിംഗോർക്കിയോടൊപ്പം നമ്മുടെ പാട്ടുകളെക്കുറിച്ചു് നമുക്കും 'വിഷാദാത്മകത അവയിൽ മഷിയിട്ടു നോക്കിയാൽപ്പോലും കാണുകയില്ലെ'ന്നു് ഉറപ്പിച്ചുതന്നെ പറയാം.

ജി. ശങ്കരപ്പിള്ള

☆

# നാടൻപാട്ടുകളിലെ സൗന്ദര്യബോധം

'അധ്വാനം' എന്നതു് മനുഷ്യൻെറ ഉപജീവനോപാധി എന്നതിനപ്പുറംകടന്നു് ഒരു ജീവിതവിനോദം എന്ന പദവിയിൽക്കൂടി കഴിഞ്ഞിരുന്ന കാലത്താണു് നാടൻപാട്ടുകൾ അധികം ഉണ്ടായിട്ടുള്ളതു്. ഏറിയ ശതവഷങ്ങളായിട്ടു് കേരളത്തിൻെറ കരകളിൽ ആഹ്ലാദത്തിൻെറ തിരമാലകൾ സൃഷ്ടിച്ചുപോരുന്ന നാടൻപാട്ടുകൾ ജനതയുടെ ഒരു വിഭാഗത്തിൻെറയെങ്കിലും സൗന്ദര്യബോധത്തിൻെറ പ്രതിഭാവം സൃഷ്ടിച്ചുകൊണ്ടു് കേരളസംസ്കാരത്തിൻെറ കൈവിളക്കുകൾ കൊളുത്തിവച്ചു.

പഞ്ചേന്ദ്രിയങ്ങൾവഴി മനസ്സിനെ ആർദ്രപ്പെടുത്തുവാൻ ശക്തങ്ങളായവ ഏതെല്ലാമോ അതിനെയൊക്കെയാണു് 'സുന്ദരം' എന്ന വിശേഷണം ചേർത്തു് വ്യവഹരിക്കുന്നതു്. ആടുന്ന മയിലും, പാടുന്ന കുയിലും, പൂമണം പരത്തുന്ന തൈത്തെന്നലും, ശ്രുതിയൊത്ത ശബ്ദവും, പൂന്തേൻകുഴമ്പും, പൂമെത്തയും ഒക്കെക്കൂടാതെ പാമ്പും പാമ്പാട്ടിയും പുഴയും പുൽമേടും, പാടവും പട്ടണവും, കതിർമണ്ഡപവും ചുടുകാടും, കാടും കായലും കടൽതിരകളും, സഹ്യാദ്രികൂടങ്ങളും, മഴയും മഴക്കാറും ഒക്കെയും സുന്ദരവസ്തുക്കളാകുന്നതും അപ്പോഴാണു്. ഇവയിലൊക്കെയും ഉള്ള സൗന്ദര്യത്തെ അറിവാനുള്ള മനശ്ശക്തിയേ

യാണ് സൗന്ദര്യബോധം എന്ന പദംകൊണ്ടു മനസ്സി ലാക്കുന്നതു്. സൗന്ദര്യബോധത്തിൻെറ ഈ അടിസ്ഥാനതത്വത്തെ ആവിഷ്ക്കരിക്കുവാനും അതിനെ കേരളീയ ജനതയിൽ ഒരു വിഭാഗത്തിൻെറയെങ്കിലും ഹൃദയങ്ങളിൽ പ്രത്യക്ഷമായോ പരോക്ഷമായോ വേരൂന്നിച്ചു വളർത്തുവാനും നമ്മുടെ നാടൻപാട്ടുകൾക്കു കഴിഞ്ഞിട്ടുണ്ടു്.

അദ്ധ്വാനവും, ആചാരവിശേഷങ്ങളും വിശ്വാസങ്ങളും വഴികാട്ടിക്കൊടുത്ത നാടൻപാട്ടുകളിൽ വിവിധഘട്ടങ്ങളിലെ സൗന്ദര്യവിലാസങ്ങൾ കുടിയുറപ്പിച്ചിട്ടുള്ളതായി കാണാം. നായാട്ടുവിദ്യകൊണ്ടുപജീവിച്ച പണ്ടത്തെ കേരളീയരുടെ പാട്ടുകൾ എണ്ണിയെടുത്തു പരിശോധിച്ചാൽ ആ കാലത്തെ ഒരു സുന്ദരലോകം ഹിമകണത്തിൽ ബിംബിച്ചുകാണും കാനനംപോലെ, അവയിൽ പ്രതിഫലിച്ചിട്ടുള്ളതായി കാണാം. പച്ചയിറച്ചിയും ചുട്ടകിഴങ്ങും മററും നിവേദ്യമായി സമർപ്പിച്ച് പരദേവതയെ സ്തുതിച്ച് കൊട്ടിപ്പാടി അനുഗ്രഹം വാങ്ങുന്നതും മുട്ടിനപ്പും മുളയിരിമ്പും പനയിരിമ്പും മററും തൊഴുതെടുത്തുകൊണ്ടു് 'ന്തുരം കിഴക്കോട്ടു്' നടകൊള്ളുന്നതും തോലുവളഞ്ഞു് കോലുംകെട്ടി തോലകത്തു് നായെവിട്ടു പിടിയുംകൂട്ടി മൃഗങ്ങളെ പിടിക്കുന്നതും മററും വ്യക്തമായി നിഴലിക്കുന്ന നായാട്ടുപാട്ടുകളുണ്ടു്. സുന്ദരങ്ങളായ ഭൂവിഭാഗങ്ങളിൽ പരീക്ഷിക്കുന്ന ആ സുന്ദരമായ അദ്ധ്വാനത്തിൻെറ ആഹ്ലാദാത്മകത്വം അവരുടെ നായാട്ടുപാട്ടുകളിൽ പ്രതിദ്ധ്വനിക്കുന്നുണ്ടു്. ആ ജീവിതവൃത്തിയിലെ മർമ്മഭാഗങ്ങൾ ചീന്തിയെടുത്തുവച്ചപോലെ അനുഭവപ്പെടുന്നുമുണ്ടു്. ചില വരികൾ ഉദ്ധരിക്കാം:

"മുട്ടിനപ്പം മുളയിരിമ്പും പനയിരിമ്പും
പനയിരുമ്പുമങ്ങു തൊഴുതെട്ടത്ത്

ഇടങ്കാല്യ വച്ചേത് വലങ്കാല്യ വച്ചേത്
നൂരം കിഴക്കോട്ടു നടയും കൊണ്ടു.

ഇന്നിയും കേപ്പിനെൻെറ ചെറുവേടരേ!
കാട്ടുതേടിപ്പോവാ മെൻെറചെറുവേടരേ!

കാട്ടിലുള്ള കാപറിച്ചു പാക്കതിന്നാം
കാട്ടിലുള്ള തളിരുപറിച്ചു വെററതിന്നാം

ഒട്ടുപേർ തോലുവളഞ്ഞു കോലുചെരുത്തു
തോലകത്തു നായെവിട്ടു പിടിയുംക്രൂട്ടാം–

ഇന്നിയും കേപ്പിനെൻെറ ചെറുവേടരേ–
കാട്ടുതേടിപ്പോവാമെൻെറ ചെറുവേടരേ–

കാട്ടിലുള്ള കാപറിച്ചു പാക്കതിന്നാം
കാട്ടിലുള്ള തളിരുപറിച്ചു വെററതിന്നാം–"

ദുഷ്ടമൃഗങ്ങളുമായി അവർ നേരിട്ടു വിജയിച്ചിട്ടുള്ള രംഗങ്ങൾ—അവരുടെ ഹൃദയങ്ങളിൽ എന്തെന്തു സുന്ദര വികാരങ്ങളാണു സൃഷ്ടിച്ചിരുന്നതെന്നുള്ളതിന് ആന നായാട്ടുകാരുടെ ചില ചീരുകൾ ഉദ്ധരിക്കാം:

"ആനേര പേരെല്ലാം കേക്കട്ടെ് കേക്കട്ടെ്
കൊലകൊമ്പന്മാരുടെ പേരെല്ലാം കേക്കട്ടെ്
മെല്ലേമെല്ലേപ്പോണ വീരകിവീരൻ
വീരകിവീരനെക്കൊന്ന കൊലയാന

ചല്യങ്ങളു ചെയ്യിണ ചെള്ളാട്ടിക്കൊമ്പൻ
കല്ലേപ്പൊളപ്പൻ നെല്ലോലക്കൊമ്പൻ–
ആനേരപേരെല്ലാം കേക്കട്ടെ് കേക്കട്ടെ്
കൊലകൊമ്പന്മാരുടെ പേരെല്ലാം കേക്കട്ടെ്

കാരാന പേരാന കല്ലാന നെല്ലാന
ചിന്നമൊയി മൂപ്പരെക്കൊന്ന കൊലയാന
കല്ലേപ്പോളപ്പൻ നെല്ലോലക്കൊമ്പൻ
ചല്യങ്ങളു ചെയ്തിണ ചെള്ളാട്ടിക്കൊമ്പൻ"

ഇങ്ങനെ നീണ്ടുപോകുന്നു അതു്.

കാടും പടലും ചുട്ടെരിച്ചു് ആ ചാമ്പൽ, കനകക്കതിരിനു വളമേകിക്കൊണ്ടു് മുന്നേറിയ സാംസ്കാരിക വിപ്ലവകാലഘട്ടത്തെ പ്രതിഫലിപ്പിക്കുന്ന ഗാനങ്ങളാണു് കൃഷിപ്പാട്ടുകളിൽ ഏറിയക്രൂറും. മഴയും മഞ്ഞും സഹിച്ചു് പാടങ്ങൾ പണിഞ്ഞു് പാട്ടുപാടിക്കളിച്ചു് ആഹ്ലാദത്തിന്റെ കതിരുകൾപരത്തി ജീവിതം പച്ചപിടിപ്പിച്ച ആ കാലഘട്ടം—ആ കാർഷികവിപ്ലവകാലഘട്ടം കേരളസംസ്കാരത്തിന്റെ മറെറാരു സുന്ദരമായ കാലഘട്ടമാണു്. കൃഷിസ്ഥലങ്ങളെ ആഹ്ലാദത്തിന്റെ ഉറവിടങ്ങളാക്കിമാററി അദ്ധ്വാനക്ലേശമെന്തെന്നു് അനുഭവപ്പെടുത്താത്ത സുന്ദരമായ ഒരു കാലഘട്ടം ആ പാട്ടുകളിൽ നമുക്കു കാണാം. മാനത്തു മഴകൊള്ളുമ്പോൾ മയിലുകളെപ്പോലെ ആടിയും, കുയിലുകളെപ്പോലെ പാടിയും ഉൽഘോഷിക്കുന്ന സൗന്ദര്യത്തിന്റെ 'ഒരരിയോരവം' ആ ഗാനങ്ങളിൽ പ്രതിധ്വനിക്കുന്നുണ്ടു്.

"തെക്കനാം ഗോപുരത്തിൽ മഴയുണ്ടുകൊള്ളുന്നല്ലോ
മഴയെല്ലാം കൊണ്ടുമാറി മറുമഴകൊള്ളുന്നല്ലോ.
കെഴക്കനാം ഗോപുരത്തിൽ മഴയുണ്ടുകൊള്ളുന്നല്ലോ
മഴയെല്ലാം കൊണ്ടുമാറി മറുമഴകൊള്ളുന്നല്ലോ

...............................................

നാലുമഴയൊത്തുകൂടി കനകമഴപെയ്യുന്നോ—

കനകമഴപെയ്യുന്നേ മലവെള്ളമിറങ്ങുന്നേ—
മലവെള്ളമിറങ്ങുന്നേ കോതയാറുപെരുകുന്നേ
തെക്കുതെക്കുതെക്കുപള്ളിത്തെക്കു
പുഞ്ചപ്പാടം കൊയ്യാൻപോണേ—
വെള്ളിത്തക്കൈകൊച്ചുകാളിയേ
എൻെറ നെരകൊയ്യരുതേ—"

മാനത്തു മാരിവില്ലൊന്നു കാണുമ്പോൾ വേഡ്സ്സ്വത്തിൻെറ മാനസം തുള്ളിക്കളിക്കുമായിരുന്നു. ഉള്ളിലൂറിക്കൂടിയിരുന്ന സൗന്ദര്യബോധത്തിൻെറ കണക്കാണതു്. മലയാളമണ്ണിൻെറ മക്കൾ മാനത്തു മഴകൊള്ളുമ്പോൾ—നാലുമഴയൊത്തുകൂടി കനകമഴപെയ്യുമ്പോൾ-സുന്ദരവികാരങ്ങളുടെ അലയാഴിയിൽ നീന്തിക്കളിക്കുകയായി. അതിനവരെ ഉന്തിവിട്ടതു് അവരുടെ സൗന്ദര്യബോധം. ആ ബോധമനസ്സിൽനിന്നു് മൊട്ടിട്ടതായതുകൊണ്ടാണു് ആ കൃഷിപ്പാട്ടുകളും സുന്ദരങ്ങളായതു്.

പഴയകാലത്തു് കർഷകകേന്ദ്രങ്ങൾ ഓരോരോ മഹോത്സവകേന്ദ്രങ്ങൾ തന്നെയായിരുന്നു. പ്രതാപശാലികളായ കൃഷിക്കാർ തങ്ങളുടെ വൈഭവങ്ങളെ പരസ്യപ്പെടുത്താൻ ആയിരക്കണക്കിനു കന്നുകാലികളെവരുത്തി പൊൻകലപ്പയും വെള്ളിനുകവും പ്രദർശിപ്പിക്കുകയും ആയിരക്കണക്കിനാളുകൾക്കു് താംബൂലദാനംചെയ്യുകയും പതിവാക്കിയിരുന്ന സുന്ദരകഥകൾ ചില നാടൻപാട്ടുകൾ വ്യക്തമാക്കുന്നു. കർഷകജീവിതത്തിലെ ആഹ്ലാദത്തിൻെറ ധ്വനികൾ ആ കാലത്തെ മനുഷ്യരിൽ എന്തുമാത്രം വൈകാരികചലനം സൃഷ്ടിച്ചിരുന്നുവെന്നറിയാൻ കൃഷിപ്പാട്ടുകളിലേയ്ക്കു് ഒരു മിന്നൽനോട്ടം നടത്തു

കയേ വേണ്ടൂ. കൃഷിഭൂമിയിലെ പ്രകൃതിസൗകുമാര്യത്തെ എണ്ണിപ്പറയുന്ന ശിഥിലഗാനങ്ങളും മലയാളനാട്ടിന്നു ചുരുക്കമല്ല. കൊക്കെല്ലാം പറന്നുപോയ് പുഞ്ചത്തടത്തിൽ വീണു കൊത്തീട്ടും പെറുക്കീട്ടും തിന്നുന്നതും വെള്ളക്കൊക്കതിനോടു തവിട്ടുകൊക്കോടിവരുന്നതും, കരിനിറക്കുയിലിൻെറ വരവും കല്ലേലിരിക്കുന്ന കല്ലേരിഞ്ഞണ്ടിനോട് കല്ലിട നീങ്ങി വഴികൊടുക്കാൻ പറയുന്നതും—നേരം വളരെപ്പുലരുംമുമ്പ്—ചിന്നക്കൊടയും കറക്കിപ്പിടിച്ചു തമ്പുരാൻ വന്നുനില്ക്കുന്നതും ഒക്കെ ചൂണ്ടിക്കാണിക്കുന്ന മണ്ണിൻെറ പാട്ടുകൾ സൗന്ദര്യബോധത്തിൻെറ സത്യസ്വരൂപത്തെയാണു പൊക്കിക്കാണിക്കുന്നതു്.

മാനഞ്ചേറ്റ ഭടൻെറ മിന്നൽചിതറും കൈവാളിളക്കത്തിൽ സൗന്ദര്യം കാണാത്ത കവികളില്ല. "നേരിട്ടുവെട്ടിമരിച്ചെന്നാകിൽ നാട്ടേയ്ക്കു നല്ലോരു മാനംതന്നെ" എന്ന വിചാരത്തോടെ കളരികളിൽ പയററി, പതിനെട്ടു വിദ്യകളും പഠിച്ചു്, അരയുംതലയും മുറുക്കി, ചുരികയും പരിചയുമേന്തി നാടുചുററി സഞ്ചരിച്ചു്, ശാന്തിയും സമാധാനവും സ്ഥാപിക്കുവാൻ ശ്രമിച്ചിട്ടുള്ള വീരന്മാരുടെ കഥകൾ ആവിഷ്കരിച്ചിട്ടുള്ള പാട്ടുകളിലെല്ലാംതന്നെ നിഴലിക്കുന്ന സൗന്ദര്യം അത്തരമുള്ള സൗന്ദര്യമാണു്. കേരളത്തിൻെറ വടക്കൻപാട്ടുകളിൽനിന്നും ചിന്നിത്തെറിച്ചപോലെ അങ്ങിങ്ങു ചിതറിക്കിടക്കുന്ന ഒട്ടേറെ ശിഥില ഗാനങ്ങളുണ്ടു്. പടയണിപ്പാട്ടുകളെന്ന വിഭാഗത്തിൽപെടുന്ന ആ പാട്ടുകളിൽ, വീരത്വത്തിൻെറ പരിമളം പരത്തി ശാന്തിയും സമാധാനവും സ്ഥാപിച്ചിട്ടുള്ള ഒരു സുന്ദരലോകത്തെ കാണാൻ കഴിയും.

കേരളത്തിൻെറ പ്രകൃതിസൗന്ദര്യത്തെ കൈക്രൂപ്പി വർണ്ണിക്കുന്ന എണ്ണംപറഞ്ഞ ഗാനങ്ങൾ നാടോടിവിഭാഗത്തിലുണ്ട്. ഉയൎന്നഭാവനയും ഉറച്ച പാണ്ഡിത്യവും തെളിഞ്ഞ സൗന്ദര്യബോധവും ഒത്തിണങ്ങിയതിൻെറ ഫലമായിരൂപപ്പെട്ടുത്തിട്ടുള്ള എത്രയെത്ര പ്രകൃതിവർണ്ണനകൾ നമ്മുടെ മഹാകാവ്യങ്ങളിലും ഖണ്ഡകാവ്യങ്ങളിലുമുണ്ട്. അവയിൽ പലതിനെയും താഴത്താക്കത്തക്ക കാവ്യഭംഗിയുള്ള നാടൻപാട്ടുകളും കേരളത്തിനുണ്ടെന്നു പറഞ്ഞാൽ നിങ്ങളിൽ ചിലരെങ്കിലും ഒന്നു പുരികം ചുളിച്ചേയ്ക്കും. എന്നാൽ—

"പൂമരംനെരുങ്ങി നറുവുകൊപ്പിളിത്ത"

ഒരു പൂങ്കാവനം ഒന്നുള്ളുകൊണ്ടു കാണുക. മറെറാരു പാട്ട് ഒരു നിലാവുള്ള രാത്രിയെ വർണ്ണിക്കുകയാണ്:

"കറുത്തപെണ്ണേ കരിങ്കുഴലീ.
നിനക്കൊരുത്തൻ കിഴക്കുദിച്ചൂ
കാട്ടുവെട്ടീ ത്തിന വിതച്ചൂ
തിനതിന്നാൻ കിളിയിറങ്ങീ
കിളിയാട്ടാൻ പെണ്ണിറങ്ങി
കിളിയടിച്ചു വളകിലുങ്ങീ
വള കിലുങ്ങിക്കിളിപറന്നൂ
കിളിയോടീ മലകടന്നൂ!"

ഇരുട്ടാകുന്ന തലമുടിയോടുകൂടിയ ഒരു രാത്രി—കരിങ്കുഴലിയായ കറുത്തപെണ്ണ്—അതിനൊരുത്തൻ കിഴക്കുദിച്ചു—അതായതു് ചന്ദ്രൻ കിഴക്കുദിച്ചു. ആ നിശാനാഥൻ ഇരുട്ടാകുന്ന കാട്ടു വെട്ടിത്തെളിച്ചു നക്ഷത്രങ്ങളാകുന്ന തിന വിതച്ചു. അതിനെ മറയ്ക്കാൻ വെള്ളിമേഘങ്ങളായ കിളി

കളിറങ്ങി. ആ വെള്ളിമേഘങ്ങളാകുന്ന കിളികളെ ആട്ടാൻ തെന്നലാകുന്ന പെൺകൊടി തയ്യാറായി. ആ തെന്നൽ സൃഷ്ടിച്ച മൎമ്മരശബ്ദമാകുന്ന വളക്കിലുക്കംകേട്ട് വെള്ളിമേഘങ്ങളാകുന്ന കിളികൾ മലകടന്നു. ആകപ്പാടെ ഹൃദയാവൎജ്ജകമായ ഭാവന. സുന്ദരിയായ ഒരു രാത്രിയുടെ പ്രതീകങ്ങൾ! അതുപോലെതന്നെ പൂക്കാലം വന്നതും 'പൂമഴ'പെയ്യതും 'പൂക്കൈതക്കന്നിക്കു നാണം വന്നതും' എല്ലാം പ്രൗഢകവിതകളുടെ തോതുവച്ചു നോക്കിയാലും സ്തുത്യൎഹങ്ങളാണ്.

"നേരംപോയ് നേരംപോയ്
പൂക്കൈത മറപററി
കാനാങ്കോഴി കൊളക്കോഴി
തത്തിത്തത്തിച്ചാടുന്നേ."

ഇത്തരം ചീരുകളിൽ കാണുന്ന സൗന്ദൎയ്യാംശം വിശ്വമഹാകവിയായ വേഡ്സ്വത്തിൻെറ വരികളെപ്പോലും ഓൎമ്മപ്പെടുത്തുന്നു.

ഇങ്ങനെ നോക്കിയാൽ കേരളത്തിനെ സംബന്ധിക്കുന്ന മിക്ക സൗന്ദൎയ്യാംശങ്ങളും ഈ നാടൻപാട്ടുകളിൽ പ്രതിഫലിച്ചിരിക്കുന്നതു കാണാം. നൃത്തവാദ്യങ്ങളുടെ അകമ്പടിയോടുകൂടിയുള്ള സംഗീതവും സാഹിത്യവും കൊണ്ട് ഊടും പാവുമിട്ട് നെയ്യെടുത്തിട്ടുള്ള ഈ സുന്ദരകല കേരളീയരുടെ സൗന്ദൎയ്യബോധത്തിൻെറകൂടി കൈവിളക്കുകളാണ്. ഈ കൈവിളക്കുകൾ പ്രസരിപ്പിക്കുന്ന പ്രകാശം കേരളത്തിൻെറ സ്വന്തം സൗന്ദൎയ്യത്തിൻെറ പ്രകാശമാണ്. കേരളത്തിൻെറ എല്ലാ ദേശത്തിലെയും എല്ലാ ജനവിഭാഗത്തിൻെറയും നാടൻപാട്ടുകൾ

സമ്പാദിച്ച ബുദ്ധിമണ്ഡലത്തിൽ കഴുകിയെടുത്തു മുറയ്ക്ക് അടുക്കിവെച്ചാൽ അതിൽ, ഹിമകണത്തിൽ ബിംബിച്ചു കാണും കാനനംപോലെ, ഒരു കേരളം പ്രതിബിംബിക്കുന്നതു കാണാം. കേരളത്തിൻെറ മഹിമാതിരേകത്തിൻെറ മാററുരച്ചുകാണിക്കുന്ന ഇത്തരം നാടൻപാട്ടുകൾ എത്രയോ ഉദിച്ചു! എത്രയോ അസ്തമിച്ചു! കുറച്ചെണ്ണം മാത്രം ഇന്നും ജീവിക്കുന്നു. ആ ശേഷിക്കുന്നവ ഇന്നും മനുഷ്യരുടെ സൗന്ദര്യബോധത്തിൻെറ അടിത്തറയിൽ കൈവിളക്കുകൾ കൊളുത്തിവെയ്ക്കുന്നു. ഒന്നേ ഒന്നു മാത്രമേ അപേക്ഷിക്കുവാനുള്ളൂ—ആ കൈവിളക്കുകളെയെങ്കിലും കെടാവിളക്കുകളായി സൂക്ഷിക്കുക—അവയ്ക്കു സ്നേഹം നൽകുക.

കിളിമാനൂർ വിശ്വംഭരൻ

☆

# പാട്ടുകൾ

# തുയിലുണർത്തുപാട്ട്

പൊന്നിൻചിങ്ങമാസത്തിനുമൻപുള്ള പഞ്ഞംപിടിച്ച അടിമാസത്തിൽ വറുതിയും പൊറുതികേടുംകൊണ്ടു് കേരളമെങ്ങും വാടിമയങ്ങിക്കിടക്കേ, ഉണരാൻ ആഹ്വാനംചെയ്യുന്ന ഗാനമാണിതു്. ഇന്നും പല ഉൾനാടുകളിലും പാണനും പാണത്തിയും കൂടി കർക്കടകമാസത്തിൽ വെളുപ്പിനു് ഓരോ വീട്ടുനടയിലും ചെന്നു് പറകൊട്ടിയും മുരടനക്കിയും ജനങ്ങളെ പ്രബുദ്ധരാക്കാറുണ്ടു്. 'ചേട്ടാപോതി' അഥവാ ജ്യേഷ്ഠാഭഗവതിയെ പുറത്താക്കി 'ശ്രീപോതി'യെ അഥവാ ശ്രീഭഗവതിയെ അകത്തു പ്രവേശിപ്പിക്കുക എന്നതാണു് തുയിലുണർത്തൽ കുലവൃത്തിയാക്കിയിട്ടുള്ള പാണർ ഈ പാട്ടുകൊണ്ടു് ഉദ്ദേശിക്കുന്നതു്. പറച്ചിപെററ പന്തിരുകുലത്തിൽപെട്ട തിരുവരങ്കത്തുപാണനാർ ശിവനിയോഗമനുസരിച്ചു് തുയിലുണർത്തൽ പണി ആരംഭിച്ചതിനെ തുടർന്നു് പാണന്മാർ ഈ വൃത്തി സ്വീകരിച്ചുവെന്നത്രേ ഐതിഹ്യം. ആധുനികകാലത്തെ പ്രബോധനകാവ്യങ്ങളുടെ ഉറവിടംതന്നല്ലേ ഈ പ്രാകൃത ദേശീയഗാനം? ബുദ്ധിയുടെ ഉള്ളറകളിലേയ്ക്കു കടന്നുചെന്നു് അവിടെല്ലാം ഇതു് ഉണർവ്വിൻേറയും ശുഭപ്രതീക്ഷയുടേയും ദീപനാളങ്ങൾ കൊളുത്തുന്ന കൗതുകകരമായ കാഴ്ച നിങ്ങൾക്കിവിടെ കാണാം.

ശ്രീ കൈലാസേ വാണരുളും ശിവ-
ശങ്കരനും ശ്രീ പാർവ്വതിയും
തുയലുണരാനായ് വിടകൊള്ളുന്നേൻ
തിരുവരങ്കൻ അടിയങ്ങളും

കർക്കടമാസം തിരുവാതിര നാൾ
ഏഴരനാഴിക പുലരുമ്പോൾ
അടിയങ്ങൾ വിടകൊള്ളുന്നേൻ
ഭഗവാനെ പള്ളിയുണർത്തീടാൻ
വെള്ളിവിളക്കു കൊളുത്തിവച്ചമ്മ
അഴകൊട്ട തട്ടിൽ ഫലമൂലം
നാഥാ നാഥാ എഴുന്നരുളേണം
അഴകുട നാഥനും എഴുന്നരുളാ
ശിവശങ്കരാ നാരായണാ—രാമദേവാ
തുയിലുണരാ—
ശ്രീ നാരായണ തുയിലുണരേണം
ശംഖുകുമാരരും തുയിലുണരാ
ശ്രീ പോതികളെ മാവോതികളെ
നിങ്ങളെല്ലാരും തുയിലുണരാ
ജ്യേഷ്ഠാഭോതി പുറംവസിക്കേണം
ശ്രീ ഭഗവതി അകം വസിക്കാ—

# മാവേലിപ്പാട്ട്

പഞ്ഞക്കക്കിടകം അപ്പാടേപോയ്മറഞ്ഞു. പുതിയ അഭിലാഷങ്ങളും പുതിയൊരു ജീവിതവും വാഗ്ദാനം ചെയ്തുകൊണ്ട് പൊന്നിൻചിങ്ങം എത്തുകയായി. സമൃദ്ധിയും സന്തുഷ്ടിയും ഇനി കൈകോർത്ത് നൃത്തം ചവിട്ടും ഈ മലനാട്ടിൽ. മധുരസ്മരണകൾ ഓരോ കേരളീയൻേറയും ഹൃദയത്തിൽ മൊട്ടിടുകയാണ്. പണ്ട്, ചരിത്രത്തിൻെറ നിത്യഭാസുരങ്ങളായ ഏടുകളിലൊന്നിൽ സമത്വത്തിൻേറതായ ഒരു ലോകം കേരളം കണ്ടതാണ്—'മാവേലി നാടു വാഴുന്നകാലം.' ഇന്ന്, ഓണനിലാവിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന ഈ രാത്രിയിൽ,തെന്നലിൽ ആലോലമാടുന്ന ഊഞ്ഞാലിന്മേലിരുന്ന് ആനന്ദിക്കുമ്പോൾ എങ്ങനെയോർക്കാതിരിക്കും ആ കാലത്തിൻെറ ഒടുങ്ങാത്ത ആത്മചൈതന്യത്തെപ്പററി?

മാവേലി നാടു വാണീടുംകാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കുംകാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും
മാവേലി നാടു വാണീടുംകാലം
മാനുഷരെല്ലാരുമൊന്നുപോലെ
..............................

# തിരുവാതിര

കേരളീയ ജീവിതത്തിൽ അലിഞ്ഞുചേൎന്ന ഒരുത്സവമാണല്ലോ തിരുവാതിര. വിവാഹിതക്ക് നെടുമംഗല്യവും, ദാമ്പത്യം സ്വപ്നം കാണുന്നവൎക്ക് സൎവ്വസൗഭാഗ്യങ്ങളും കൈവരുത്തുവാൻവേണ്ടി നാടെങ്ങും എൺപതു ചെന്ന മുത്തശ്ശിമാർ തൊട്ടു മധുരപ്പതിനേഴുകാർ വരെ ആടിയും പാടിയും ആനന്ദിച്ചും ആരാധിച്ചും ആചരിയ്ക്കുന്ന ഈ ദേശീയോത്സവത്തിൻെറ മറുനാടൻപതിപ്പുകളാണെന്ന് തോന്നുന്നു വസന്തപഞ്ചമിയും മററും. തുടിച്ചുകുളിയും, പാതിരാപ്പൂവും, എട്ടങ്ങാടിയും, അഷ്ടമംഗല്യവും മററുമായി കൊണ്ടാടിവന്ന ഈ ഉത്സവം ഏതാണ്ടു മൺമറഞ്ഞിട്ടും അതിൽനിന്നുമുയിൎക്കൊണ്ട നൃത്തവും ഗാനവും ഇന്നും മായാതെതന്നെ ശോഭിയ്ക്കുന്നു. കേരളീയാംഗനകളുടെ ശരീരങ്ങൾക്ക് കരുത്തും കാന്തിയും, ചലനങ്ങൾക്ക് ചാരുതയും ചൈതന്യവും, ശബ്ദത്തിന് ലയവും മാധുൎയ്യവും പല തലമുറകളായി പകൎന്നുകൊണ്ടിരുന്ന തിരുവാതിരക്കളിയും തിരുവാതിരപ്പാട്ടും ഇക്കാലത്തെ മിനുക്കവും പളപളപ്പും തികഞ്ഞ നൃത്തങ്ങൾക്കിടയിൽപ്പോലും ആരെത്തന്നെ ആനന്ദിപ്പിക്കുകയില്ല.

നക്തഞ്ചരാധിപ കേട്ടാലും നീ
ഭക്തനാമെന്നുടെ ഭാഷിതങ്ങൾ

ഏതും മടിച്ചീടാതെത്തി ഞാനും
വാതാത്മജനോടു യുദ്ധംചെയ്തു

വീരശിഖാമണേ ഘോരമായ
പോരാണതെന്നുള്ളതോൎത്തിടേണം

നിഗ്രഹിച്ചീടാൻ പണിയാകയാൽ
ഉഗ്രമായുള്ളൊരു ബ്രഹ്മശരം

വ്യഗ്രതപൂണ്ടങ്ങയച്ചടിയൻ
ബന്ധിച്ചുവനെ ഞാൻ കാഴ്ചവെച്ചേൻ.

# മതപരമായ ഗാനങ്ങൾ

കേരളത്തിൻെറ സംസ്കാരവിധാനത്തിൽ ആര്യസമ്പ്രദായം കടന്നുകൂടുന്നതിനേറെമുൻപേ ഇന്നാട്ടിൽ പ്രചുരപ്രചാരമായിരുന്നു കാളിപൂജയും സർപ്പപൂജയും. നാടെങ്ങും സർപ്പക്കാവുകളും കാളി പൂജയ്ക്കുള്ള കളരികളും അന്നത്തെ മലനാടിൻെറ മതവിശ്വാസ കേന്ദ്രങ്ങളായിരുന്നു. സർപ്പബലികളും, നീറും പാലും കൊടയും, കളമെഴുത്തും പാട്ടും പൂജാവിധികളായിരുന്ന അന്നു് ആ വൃത്തി കൾക്കു് നിയുക്തരായവരാണു് കുറുപ്പന്മാരും പണിക്കന്മാരും പുള്ളുവന്മാരും മററും. പ്രത്യേകതരം വീണകൾ മീട്ടിയും, കുടം കൊട്ടിയും, പുള്ളുവജാതിക്കാരും, നന്തുനിയുപയോഗിച്ചു് പണിക്കരന്മാരും കാളികഥയും നാഗരാജ ചരിത്രവും പുരസ്കരിച്ചുള്ള പാട്ടുകൾ പരമ്പരയാ പാടിപ്പോന്നു. ശാസ്താവും കണ്ണകിയുംകൂടി കേരളീയരുടെ ആരാധനാഭാജനങ്ങളായിത്തീന്നപ്പോൾ, പാട്ടുകളുടെ സംഖ്യയും പെരുകിക്കൂടി. തോററംപാട്ടുകളും ശാസ്താമ്പാട്ടുകളും സർപ്പപ്പാട്ടുകളും എല്ലാംതന്നെ ഈ മതപരമായ വിശ്വാസത്തിൻെറ സന്തതികളാണു്.

## തോററംപാട്ടു്

ദേവിയുടെ തോററത്തെ അഥവാ അവതാരത്തെ വർണ്ണിയ്ക്കുന്നവയാണു് തോററംപാട്ടുകൾ. ദാരുകാസുരവധത്തിനായുണ്ടായ ഭദ്രകാളിയുടേയും, പതിവ്രതാരത്നമായ കണ്ണകിയുടെയും തോററങ്ങളാണു് അവയിൽ മിയ്ക്കതിനും വിഷയങ്ങൾ. അത്ഭുതചരിതരായ പൂർവ്വന്മാർ, വിശ്രുതരായ മന്ത്രവാദികൾ, കേൾവികേട്ട ആയുധാഭ്യാസികൾ എന്നിവരെക്കുറിച്ചും ഉണ്ടായിട്ടുണ്ടു്, ഒട്ടുവളരെ തോററംപാട്ടുകൾ. കോവിലൻചരിത്രത്തിൽ കള്ളനായ തട്ടാനെ ദേവി വധിച്ചതു വർണ്ണിയ്ക്കുന്ന പാട്ടിലെ ഒരു ഭാഗമാണു് താഴെ കൊടുക്കുന്നതു്:

പത്തു മുളമുള്ള തട്ടാനെയമ്മ
ഒൻപതു മുളമാക വെട്ടിയതോ
ഒൻപതു മുളമുള്ള തട്ടാനെയമ്മ
എട്ടു മുളമായി വെട്ടിയതോ
എട്ടു മുളമുള്ള തട്ടാനെയമ്മ
ഏഴു മുളമായി വെട്ടിയതോ
ഏഴു മുളമുള്ള തട്ടാനെയമ്മ
ആറു മുളമായി വെട്ടിയതോ
ആറു മുളമുള്ള തട്ടാനെയമ്മ
അഞ്ച്യ മുളമായി വെട്ടിയതോ
അഞ്ച്യ മുളമുള്ള തട്ടാനെയമ്മ
നാല്യ മുളമായി വെട്ടിയതോ
നാല്യ മുളമുള്ള തട്ടാനെയമ്മ
മൂന്നു മുളമായി വെട്ടിയതോ
മൂന്നു മുളമുള്ള തട്ടാനെയമ്മ
രണ്ടു മുളമായി വെട്ടിയതോ
രണ്ടു മുളമുള്ള തട്ടാനെയമ്മ
ഒരു മുളമായി വെട്ടിയതോ.

..............................

ഒരു മുളമുള്ളൊരു തട്ടാനെയമ്മ
ഒരുച്ചാണാകുവോളം വെട്ടിയതോ
ഒരുച്ചാണുള്ളൊരു തട്ടാനെയമ്മ
കണ്ടം തുണ്ടം വെട്ടിയതോ—പിന്നെ
കായംകായമരിഞ്ഞേതതോ—പിന്നെ
കാളിക്കും കൂളിക്കും കൊട്ടത്തേതതോ.

## പുള്ളവർപാട്ട്

കുടംകൊട്ടി പുള്ളുവൻ പാടുന്ന ഒരു ഗ്രാമീണഗാനത്തിൻെറ മാതൃകയാണ് ഇവിടെ അവതരിപ്പിക്കുന്നതു്. കേരളത്തിൻെറ എല്ലാ സമ്പൽസമൃദ്ധിക്കും നിദാനമായ നെല്ലിൻേറയും തെങ്ങിൻേറയും പരസ്പരസംഭാഷണം എന്ന രീതിയിലാണ് ഈ ഗാനനിബന്ധനം.

ആരിയനാട്ടിലുണ്ടായി ചെന്നല്ല്
അന്നം ചെറുക്കിളി കൊണ്ടുനവിത്ത്
കാഞ്ഞിരക്കൊമ്പത്ത് കൊണ്ടന്നു വച്ച്
ദേവലോകത്തുനിന്നുണ്ടായി ചെന്നല്ല്
ഉണ്ടായ മാനിടക്കൊക്കെയും ഞങ്ങൾ
കാക്കവാനുണ്ടായി ചെന്നല്ല് പൂമിയിൽ
നെല്ലന്ന് തെങ്ങന്ന് രണ്ടല്ലപേര്
നെല്ലുകൊണ്ടെന്തോ ഫലം വരുത്തീടുന്നു
തെങ്ങുകൊണ്ടെന്തോ ഫലം വരുത്തീടുന്നു
നെല്ലേത്തടിയെന്നും തെങ്ങേത്തടിയെന്നും
തങ്ങളിരുപേരും പേശിത്തുടങ്ങി
നെല്ലോലയെന്നുമേ തെങ്ങോലയെന്നുമേ
നെല്ലേക്കൊതുമ്പെന്നും തെങ്ങേക്കൊതുമ്പെന്നും
നെല്ലേക്കതിരെന്നും തേങ്ങാക്കുലയെന്നും
നെല്ലിൻതടിയെല്ലാം വെള്ളത്തിൽ ചീയുമ്പഴ്
തെങ്ങിൻതടി കീറി പുരക്കൂട്ടതീക്കുവാൻ
അതിനാലെതന്നെയങ്ങോലയും കെട്ടുവൻ
നനയാതിരിക്കണോ ചെന്തെങ്ങ് ഞാന്

കേക്കണം നമ്മുടെ പേരും ജനനവും
ആദിയെ കേക്കണം വിത്തിൻെറ പേരും
എങ്കിലോ കേട്ടവോ മാണിക്കച്ചെന്തെങ്ങ
ആ നെല്ല ചെന്നല്ല് കരുനെല്ല് ഞങ്ങൾ
എന്നോട്ട് തോററല്ല തൊഴങ്ങലും കെട്ടിയേ
ലക്ഷ്മിയായുള്ള ചെന്നെല്ല് ഞങ്ങൾ
ദാനം കൊടുക്കണം ധമ്മങ്ങൾ ചെയ്യണം
വേളാഴ്മ ചെയ്തങ്ങിരിക്കണം ചെന്നെല്ല്.

## ബ്രാഹ്മണിപ്പാട്ട്

താലികെട്ടു കല്യാണാവസരങ്ങളിൽ സമസ്തകല്യാണദായിനി യായ ദേവിയെ സ്തുതിച്ചു പാടാൻ നിയുക്തരായിരുന്ന ബ്രാഹ്മണി കൾ എന്ന വർഗ്ഗം. അവരുടെ ഭക്തിപൂർണ്ണമായ ഭദ്രാസ്തോത്രത്തി ലെ ഒരു ഭാഗമാണ് ഇനിയത്തേതു്.

അഴകുടയദേവി പാറമേക്കാവിൽ
അമന്നുറയപ്പെട്ടിരിക്കുന്ന ശ്രീഭദ്രകാളി,
നിന്തിരുവടിയെ ഞാൻ സ്തുതിക്കുന്നേൻ.
ഓമെന്നു ഉടയോവെ ദേവി,
നിന്തിരുവടിയെ ഞാൻ സ്തുതിക്കുന്നേൻ.
മൂന്നുലോകത്തിന്നും മൂലമായിരിക്കുന്ന ശ്രീഭദ്രകാളി,
നിന്തിരുവടിയെ ഞാൻ സ്തുതിക്കുന്നേൻ.
നിന്തിരുവടി എങ്ങത്തൊവാകിലും ഞാൻ വിളിച്ച-
പന്തലിലങ്ങെഴുന്നരുളുദേവീമാ!
കദളീവനത്തിങ്കലൊ ആകിലും ചന്ദപൂങ്കാവിങ്ക-
ലൊ ആകിലും ഇപ്പോഴിവിടെക്കാമാറെഴുനള്ളു ദേവീമാ!
ലങ്കുമാരി, തന്നിലൊ ആകിലും ഇപ്പോഴിവിടെക്കാമാ-
വെണ്മതിലകത്തിലൊ ആകിലും [റെഴുനള്ളു ദേവീമാ!
ഇപ്പോഴിവിടെക്കാമാറെഴുനള്ളു ദേവീമാ!
ആകാശത്തിങ്കലൊ, ശ്രീകൈലാസത്തിങ്കലൊ ആകിലും
ഇപ്പോഴിവിടെക്കാമാറെഴുനള്ളു ദേവീമാ!
ഭൂമി, അന്തരീക്ഷ, സ്വർഗ്ഗ, പാതാളത്തിങ്കലൊ ആകിലും
ഇപ്പോഴിവിടെക്കാമാറെഴുനള്ളു ദേവീമാ!
തന്റെയൊരു തിരുമാന്ധാംകുന്നുതന്നിലൊ ആകിലും
തന്റെയൊരു പാറമെക്കാവ് തന്നിലൊ ആകിലും

ഇപ്പോഴിവിടെക്കാമാറെഴുന്നള്ളൂ ദേവീമാ!
ഇവിടത്തെ ഒരു വലിയ പടിയകത്തു പുക്കാളെൻെറ
ഭഗവതിയൊ!
ഇവിടത്തെ മുല്ലപ്പന്തലിൽ കുടികൊണ്ടോളെൻെറ
ഭഗവതിയൊ!
മുല്ലക്കൊടിയകത്തു പൂവറുത്തു ചൂടുന്നോൾ അരിമ്പുറത്തു
കാണുന്നോളെൻെറ ഭഗവതിയൊ!
ഐരാണിസ്ഥാനത്തെഴുന്നള്ളിനാളെൻെറ ഭഗവതിയൊ!
ഐരാണിസ്ഥാനംതന്നെ വലംവെച്ചാളെൻെറ
ഭഗവതിയൊ!
ഒത്തോരു മണിമണ്ഡപത്തിങ്കൽ
വെള്ളിശ്രീപീഠത്തിന്മേൽ
പുള്ളിപ്പൂവ്വാടമേൽ വെള്ളിക്കണ്ണാടിമേൽ
വെള്ളരിമേൽ വെള്ളവെററിലമേൽ തെച്ചിപൂമാലയാ-
ലലങ്കരിച്ചുറപ്പെട്ട് എഴുന്നള്ളി ഇരുന്നരുളി പാട്ട്
കേൾക്കേണമെൻെറ ഭഗവതിയൊ!
താലത്തിൽ വെള്ളരിയും ഏന്നാന്തപൂക്കുലക്കണ്ണിയാകെ
പൂകിയിളങ്കുലവെച്ചിതല്ലൊ നിന്തിരുവടിയെ
ആദരിച്ചലങ്കരിച്ചു വിളിക്കുന്നു ദേവീമാ!
ആദരവും അലങ്കാരങ്ങളും കണ്ടു ദേവി, എഴുന്നരുള്ളൂ.

## ഭദ്രകാളിപ്പാട്ട്

ലോകത്തെ ദുഷ്കൃതങ്ങൾകൊണ്ട് അന്ധതമസ്സിലാഴ്ത്തിയ അസുരശക്തിയെ പൊടിപെടുത്തി ധർമ്മസംസ്ഥാപനം ചെയ്ത ഭദ്രകാളിയുടെ സമരപരാക്രമങ്ങൾ ഇതാ ഭാവാനുരൂപമായ ഗാനത്തിൽ നിറഞ്ഞു നില്ക്കുന്നു.

### I

അർദ്ധചന്ദ്രക്കലാധരൻ പരമേശ്വരൻ പുരമർദ്ദനൻ
അൻപിലുമ്പർതൊഴും പുരാരി മനോഹരൻ
തിരുനെററിമേൽ
കത്തുമഗ്നിനിറഞ്ഞ കോപമോ ടൊത്തുവന്നുദിചെയ്തിട്ടും
കരിയുടെയുരിപൂണ്ടരയ്ക്കുരവങ്ങൾകെട്ടി മുറുക്കിയേ.
ചിത്രമേറിന തൃക്കുഴക്കഴകേറും ആനയും സിംഹവും
ചില്ലമാകയണിന്തരൻ കനിവോടു നൾകിന ആയുധം
ഭക്തിയോടു പണിന്തുവാങ്ങി നിന്നരുളും നിമ്പദപങ്കജം
ഭൈരവീ, തൊഴുതേനെനിക്കിടർ വന്നിടാതരുളീടമ്മേ.

### II (i)

അത്തിതൻ തോലുടുത്തോരരൻ അത്ഭുതം മുപ്പുരത്തവർ
മുടിഞ്ഞനൽചൊരിഞ്ഞ വിഴിയിൽവന്നു പുറന്നവൾ
അടലസുരകുലമറുതിപെടുവതി–ന്നത്തത്തിശ്ശക്തിച്ചിത്ര–
ശ്ശൂലംകൊണ്ടെത്തിത്തത്തി അദ്ദിക്കിട്ടൊക്കെ പൊട്ട–
ത്തൊട്ടിട്ടങ്ങൊട്ടക്കാറി—അടരിൽ പിടിപെട്ടട–
നസുരപ്പടയൊക്കെങ്ങല തധടുതിക്കടിപെട്ടവർ
തലയൊങ്ങകലെച്ചിതറ ധാരണിയിൽ പിടിപെട–
അടിപിടിയൊടു നരികഴുകവിടെ വന്നെത്തുപൊരുതിട്ടു
മടയവർ കുരുതികൾ അതിശയമൊടു കുടുകുടെ

വയറിളങ്ങിനതൊരുപടി നിറഞ്ഞിട്ടുമാട്ട-
മാകാളി മാകോപമൊടായ പോരാടിനാളേ—

(ii)

ബുദ്ധിടോത്തു കാളിപ്പടപുക്ക നേർ തക്കുളിപ്പട
പൊരുത കളമതിൽ നടനാങ്ങസുരർകൾ
പുകൾവിരിഞ്ഞുപടയമഞ്ഞുകിടന്നതേ—
ബുദ്ധിയ്യോത്തിട്ട ത്തി ത്തി തൈ തൈ യെന്നൊത്തി-
ത്താളം പൊട്ടത്തൊട്ടിട്ടകൊട്ടിപ്പറതട്ടിക്കരുതികൾ-
പൊലിയ പ്പൊലിയ ച്ചില നലമുററലകത്തവർ
പുകഴപ്പുകഴ-പൊരികരിയൊട്ട കുതിരകൾ
കൊടികുടതഴകവരികൾ മുറിഞ്ഞു നല്ലഴകൊട്ട
പുരമെരിചെയ്ത വരുന്നല്ല ശിവനൊട്ട നികർ ഭഗവതി
പുകൾവിരിഞ്ഞെഴകൊട്ട പോർചെയ്യും ദാരികൻ
തന്നൊട്ട പോർചെയ്താൾ കോപമോടേ—

(iii)

കത്തുതീയൊത്ത കോപത്തൊട്ട കൈകുഠാ-
രത്തിനാലൊക്കവെൾ—കട്ടകെവന്ന പൊരുതടരിൽ
നിറഞ്ഞവർ കരൾ തലകളരിഞ്ഞു നരികഴകിന്നു
കയ്യുത്തൊട്ടിട്ടപ്പുക്കപ്പുക്കിട്ടെ
തുക്കയെതുക്കെച്ചുപ്പിച്ചിട്ടപ്പിച്ചുപ്പിച്ചിട്ടപ്പച്ചക്കടലുകൾ
കരുതിപ്പൊരവിരവൊട്ട കുരുതിപ്പനലാറതിൽ
മുഴകി കഴകൊട്ട കവര ക്കവെര പ്പൈ തിവര ത്തിവര-
പ്പെതിവര ത്തിവര—കഥമൊട്ടമസുരനെ മദമൊട്ട-
മണഞ്ഞവനുടെ കരമതിൽ മരുവിയ ഘനവിയ
തടി പിടിപെട മുടിയൊട്ടതല പിടിപെട അറഞ്ഞവൾ

ചിനമൊട്ട കാതലായി വാനവർകളോർ കാണവേ
കാത്തുവാൻ മോതിനാളേ—

(iv)

കത്തി വാൾ പത്തിരം വിൽ ഗദ കെട്ടുപാശക്കയെ-
റൊക്കവെൾ കരുകരിനെ വരുമസുരർ തലചിലകളഞ്ഞു
ചെന്നുവളഞ്ഞസുരർതലവനെ—കററജ്ജടയിടയിൽ
ഒററപ്പിറയതിനെ ക്കെട്ടിത്തിരുകം.
കച്ചിട്ടമ്മുലയാളെച്ചിട്ടെഴമിടയിൽ കെട്ടിപ്പുലിയുരി
കരുതിത്തൊഴമടിയർ ദുരിതത്തളവതിനെക്കളെയും
ഭഗവതി കട്ടകുററമരാരികൾ മുട്ടകീട്ടവരവരുടെ
തലയൊക്കരിയും കരിരഥ മത്തുകുതമൊട്ട മദകരി-
യുടലതിൽനിന്നുവരും നല്ല കുരുതികൾ കരികരനഖ-
മത്തുകൊണ്ടു തെരുതെരെ വിരവൊട്ട പുളന്നിട്ടമതിനൊട്ട
നികർ കാളിയും ദാരികൻതന്നുടൽ കാററവേകീറിനാളേ-

III

അമൃതുചൊരിഞ്ഞപടി അതികൃപയൊട്ട പാടി
അതിശ്രുതിയൊട്ടനാടിന സുനിശ്രുതിതേടി
സമശ്രുതിയാൽ കരടി തമിലടി കിട്ടപിടി
തകൃതിയൊ ട്ടടനടി ശ്രുതി നാഗസ്വരം മോടി
കടലിടിപടിവെടി കടിയമകുടമടി കരധ്വതിയൊട്ട ധാടി
കണക്കിൽ തിമിലയടി മടയവർ പലർകൂടി കുരവകൾ
പൊടിപൊടി മലർമാലാ ഒരുകോടി മണ്ഡപത്തിൽ
പലകൊടി വടിവിൽ ധൂപിക്കും പൊടിവാസനാമകിൽ
പൊടി ഝട്ടതിപനിനീരാടി സദിർപലതുടനടി
പാടി വരാടിയും തോടി പന്തുവരാടിയും പാടി

പാടവത്താൽ ദൈവം പാടി ഭംഗിയാൽ സംഗീതമോടി
ആശ്ചര്യഘോഷമോടി ഈശ്വരകാലഭൃതംനാടി
ശാശ്വതമായി തുള്ളിയാടി ആശ്വസിപ്പാനഹംപാടി.

## IV

അദ്രീസുതേ അമൃതേ അതിവീരഭദ്രേ
നമോ ഹര ജേ!
അത്ഭുതസുന്ദരി അഖിലജഗദീശ്വരി
അന്തരിശൂലികപാലി മഹേശ്വരീ—
മത്തുജ ദാരിക ദാനവനാശിനി മർത്ത്യജനത്തിന-
നുഗ്രഹമെയ്തിയോ- രദ്രീസുതേ—
ഇന്ദുകലാധരി ഈശ്വരി പാർവ്വതി
ഈടിയദാരിക ദാനവനാശിനീ
സുന്ദരസിന്ദൂരകുണ്ഡലധാരിണീ സുത്രാമാ-
വാദി സുരാവലിസേവ്യേ- അദ്രീസുതേ—
ഈശ്വരീ ഈശ്വരപുത്രീ, ധരിത്രീ ധരാധര-
പുത്രീ സർവ്വേശ്വരീ തായേ!
ആശ്ചര്യത്തിലമ്ക്കളമെയ്തിയ മർത്ത്യജനാരി
ശിരസ്സേയരുത്തോ- രദ്രീസുതേ—

## ശാസ്താംപാട്ട്

പുരാതനകാലംതൊട്ടേ അയ്യനാർ എന്ന പേരിൽ ദ്രാവിഡ രുടെ ഇടയിൽ ഒരു ഗ്രാമദേവതയായിരുന്ന ശാസ്താവിനു് കേരള ത്തിലാണു് ഉച്ചപദവിയും ഉൽകൃഷ്ടതയും സിദ്ധിച്ചതു്. ശാസ്താ പ്രീതിക്കുവേണ്ടി പാടുന്ന പാട്ടുകൾക്കു ശാസ്താംപാട്ടെന്നും അയ്യ പ്പൻപാട്ടെന്നും വ്യവഹാരമുണ്ടു്. ശാസ്താവിൻെറ അപദാനകഥ കളെ ഏഴു ശേവങ്ങളാക്കി, ഓരോ ശേവത്തിനും ഓരോതരം താ ളവുമേർപ്പെടുത്തി ഉടുക്കുകൊട്ടിപ്പാടുകയാണു പതിവു്.

അയ്യപ്പൻ പാണ്ടിരാജാവിൻെറ സേവകനായി വസിക്കു മ്പോൾ രാജാവിനു് അയ്യപ്പനിൽ പ്രീതി വർദ്ധിച്ചതു് മന്ത്രിമാൎക്കു് അസഹ്യമായിത്തോന്നി. ഏതു വിധത്തിലും അയ്യപ്പനെ അകററ ണമെന്നു നിശ്ചയിച്ചു് അവർ ഒരു വിദ്യ പ്രയോഗിച്ചു. പാണ്ടി റാണിയുടെ വിശ്വാസപാത്രങ്ങളായിരുന്ന മന്ത്രിമാർ റാണിയെ കൊണ്ടു് ഒരു വ്യാജരോഗം അഭിനയിപ്പിച്ചു. റാണിക്കു കലശലാ യ വയററുനോവാണെന്നും അഷ്ടവൈദ്യന്മാരെ വരുത്തി ഔഷധം നിശ്ചയിക്കണമെന്നും പറഞ്ഞതു് പാണ്ടിയൻ സത്യമാണെന്നു ക രുതി വൈദ്യന്മാരെ വരുത്തി. മന്ത്രിമാർ അവരെയും സ്വാധീന ത്തിലാക്കി. അവർ ഒരു കഷായത്തിനു കുറിക്കുകയും പുലിപ്പാൽ മേമ്പൊടി ചേൎക്കണമെന്നു നിൎദ്ദേശിക്കുകയും ചെയ്തു. അയ്യപ്പൻ രാജാവിനാൽ ആ കൃത്യനിൎവ്വഹണത്തിനു നിയുക്തനുമായി. വൈ ദ്യന്മാരുടെ ഔഷധക്കുറിപ്പാണു് ആദ്യത്തേപ്പാട്ടു്.

അയ്യപ്പൻ പുലിപ്പാലിനു പോകുന്നു. അയ്യൻ, ശേവുകൻ, മലയാളി, നിലവയ്യൻ എന്നെല്ലാമാണു പാണ്ടിക്കാർ അദ്ദേഹത്തെ വിളിച്ചിരുന്നതു്. പോകുന്നവഴിക്കു് പലരും യാത്രോദ്ദേശം അ ന്വേഷിക്കുകയും തങ്ങൾക്കും ഓരോ രോഗശമനത്തിനു് അല്പം പുലിപ്പാൽ കിട്ടിയാൽ കൊള്ളാമെന്നുള്ള ആഗ്രഹം പ്രകടിപ്പി ക്കുകയും ചെയ്തു. അയ്യപ്പൻ സമ്മതിച്ചു് ഒരു പററം കരിമ്പുലികളു

മായി തിരിച്ചുവരുന്നതും പാണ്ടിക്കാർ ഭയപ്പെട്ടോടുന്നതും റാണിയുടെ വയററുവേദന താനേമാറുന്നതും അയ്യപ്പൻ ശബരിമലയിൽ വസിക്കാൻ പോകുന്നതുമാണു് രണ്ടാമത്തെ പാട്ടിലെ വിഷയം.

## I

അഷ്ടവൈദ്യരെ ഒത്തവരെയും ഇഷ്ടമോടെ വരുത്തിനാൻ
മന്ത്രിപുംഗവർ ചെന്നറിയിച്ചു ദേവിതന്നുടെ വാസ്തവം.
എന്നനേരമതു കേട്ടു വൈദ്യരും അൻപൊടോതിനാ-
രൌഷധം;
കണ്ടകാരിയൊടു ചുണ്ടവേരുമക്കൊട്ടവും കുറുന്തോട്ടിയും
കറുത്തകാർകോളി വെള്ളത്തകാർകോളി കാരെള്ളു്-
കരിവേപ്പില
കണ്ടിവെണ്ണ കരിഞ്ഞാലിക്കാതൽ കാത്തോട്ടികരിയേലവും
അമൃതമുക്കിരം അരത്തമഞ്ചാടി ആവിയും കറുവാത്തൊലി
ചെന്നിനായകം ചെത്തികീഴു്ക്കല ചെത്തിവേർ കൊടു-
വേലിയും
ഇഷ്ടമോടു ചതച്ചിട്ടൊന്നേകാൽ വെള്ളത്തിൽ കുറു-
ക്കീട്ടുടൻ
മേൽപ്പൊടിപുലിപ്പാലുചേർത്തിട്ടുസേവിച്ചാലിതു ഭേദമാം
പാണ്ടിയൻറനുവാദത്തോടുടനയ്യനും നടകൊണ്ടിതു
ഹരഹരാ ശിവാ ഹരനപുത്തിരാ നമശിവാസുതാ തൊ-
ഴുതേൻ ഞാൻ.

## II

മലയാളിതാൻ ചെന്നു കൊണ്ടുചരേണം പുലിപ്പാലു്
ആഹോയെന്നരുൾചെയ്തു നടകൊൾവാൻ തുടങ്ങുന്നു.
കറുപ്പുകച്ചയുംകെട്ടി കരത്തിൽ വില്ലമ്പുമായി
കരിമ്പനത്തിർവില്ലും കരതാരിൽ ചുരികയും

എടുത്തവിടന്നുടൻ മലയാളി പുറപ്പെട്ടു.
താഴത്തെത്തെരുവിലും ചെല്ലുന്നു മലയാളി
എവിടേയ്ക്കായ് പ്പോകുന്നു മലയാളി താനിന്ന്?
പാണ്ടിപ്പെരുംദേവി തന്നുടെ നോവിന്നു
നാഴിപ്പുലിപ്പാലു കൊണ്ടുവരാൻ പോകുന്നേ.
പുലിപ്പാലു കൊണ്ടെന്താ മരുന്നൊള്ളതു മലയാളി?
വാതത്തിന്നും കൊള്ളാം പിത്തത്തിന്നും കൊള്ളാം
ശൂലയ്ക്കും കൊള്ളാം പെരുമന്തിന്നും കൊള്ളാം
വയറുകടിക്കും കഷണ്ടിക്കും കൊള്ളാമേ.
എൻെറ മകൾക്കൊരു ശൂലനോവാണെടോ
പുലിപ്പാലുകൊണ്ടു താനിതിലേ വരുംവഴി
ഞങ്ങൾക്കും നാഴിപ്പുലിപ്പാൽ തരേണമെ.
ആഹോയെന്നുരചെയ്തു നടകൊണ്ടാൻ മലയാളി
ഇവിടെങ്ങാൻ കരിമ്പുലി പെററുകിടപ്പുണ്ടോ?
കരിഞ്ചോലത്തടത്തിലൊരു കരിംപുലി കിടപ്പുണ്ട്.
പുലിപെററുകിടക്കുന്ന കല്ലളയ്ക്കൽ ചെന്നുടനെ
അയ്യനെക്കണ്ടു കരിമ്പുലിയപ്പൊഴേ
കണ്ണൊന്നുരുട്ടിപ്പുലി വാൽകയററുന്നു
കരിങ്കച്ചയഴിച്ചയ്യൻ കരിമ്പുലിയെ ബന്ധിച്ചു
കുഞ്ഞുങ്ങളെയെല്ലാമിരുപുറം നിർത്തുന്നു
കരിമ്പുലിക്കഴുത്തിലും കരയേറി നിലവയ്യൻ
താഴത്തേത്തെരുവിലും ചെല്ലുന്നു മലയാളി
ഇവിടത്തിലാക്കാണു പുലിപ്പാലുവേണ്ടതു്?
ഇന്നത്തെപ്പാലെല്ലാം കറന്നോളിൻ നിങ്ങള്.
പുലിവരവതുകണ്ടു സകലരും ഭയപ്പെട്ടു
പേടിച്ചു നാലുപാടോട്ടം തുടങ്ങുന്നു.

പുലിയെ വിലക്കെടേ മലയാളി താനിന്ന്.
ഞനിപ്പുലിയെ വിലക്കേണമെങ്കില്
കടുത്തസ്വാമിക്കൊരു പൊൻചൂരൽ നേരണേ.
എന്നിട്ടും കരിമ്പുലി ചാടിയടുക്കുന്നു.
പുലിയെ വിലക്കെടോ മലയാളി താനിന്ന്.
ഇടക്കെട്ടിൽ വാവക്കൊരു മരച്ചുരിക നേരണം.
പാണ്ടിയൻനാട്ടിലേയ്ക്കോടിച്ചാൻ പുലികളെ
പുലിക്കൂട്ടമലറുമ്പോൾ പെരുംദേവിയരുൾ ചെയ്തു:
എനിക്കിന്നൊട്ടുമേ നോവില്ലിനിയെന്തിനു പുലിപ്പാല്?
കൊടുക്കശേവുകനാൾക്കു വേണ്ടുവോളം ധനങ്ങള്.
എടുപ്പിച്ചു നിലവയ്യൻ ശബരിയാം മലപുക്ക്.
മലയാളം പരദേശമിരുനാടുമൊരുപോലെ
പരിപാലിച്ചുഴകോടെ ഇരുന്നയ്യാ ശരണമേ.
ഹരിഹര ശിവസുതാ പതിനെട്ടാംപടി വാഴും
പതിനെട്ടാംപടി വാഴും നിലവയ്യാ ശരണമേ.

## തൊഴിൽപരമായ ഗാനങ്ങൾ

വേലചെയ്തു് തളരുന്ന പണിയാളരുടെ ഞരമ്പുകൾക്കു ഊർജ്ജിതവും മനസ്സിന് ഉന്മേഷവും ഉളവാക്കാൻ, പ്രവൃത്തിയെ ആനന്ദംകൊണ്ടു് പൊതിയുവാൻ, നൈസർഗികമായുണ്ടാകുന്ന പ്രേരണയിൽനിന്നു കിളുത്തു വികസിച്ച എത്രയെത്ര മധുരഗാനങ്ങളാണു് ഇന്നും നിരക്ഷരന്മാരുടെ നാവിന്മേൽനിന്നും നിർഗ്ഗളിച്ചു കേരളാന്തരീക്ഷത്തിൽ അലതല്ലുന്നതു്! പാടത്തു ഞാറുനടുന്നവരും ഞാറുതല്ലുന്നവരും, പുഴയിലും കായലിലും വള്ളമൂന്നുന്നവരും, വട്ടിമെടയുന്നവരും, വണ്ടിവലിക്കുന്നവരും കവിയശസ്സു തെല്ലും മോഹിക്കാതെ തങ്ങളുടെ വേദന കുറയ്ക്കാനായി ഏറക്കുറെ കൂട്ടുചേർന്നുണ്ടാക്കിപ്പാടുന്ന ഈ പാട്ടുകൾക്കു കാലപ്രവാഹംകൊണ്ടു് എന്തെന്തു പരിവർത്തനങ്ങൾ ഉണ്ടായിട്ടില്ല!

### ഞാററുപാട്ടു്

മഴക്കാലം വന്നപ്പോൾ, എരിദാഹം പിടിച്ചിരുന്ന വയലുകളിൽ വെള്ളം നിറഞ്ഞുനില്ക്കുമ്പോൾ പുലയന്മാർ പൂട്ടിയൊരുക്കിയ പാടങ്ങളിൽ ഓമലയും മാലയും കാളിയും കറുമ്പിയും കണ്ണമ്മയും മററു പുലയികളും കുത്തിയുടുത്തു് കുനിഞ്ഞുനിന്നു്, ഞാറെല്ലാം എണ്ണിപ്പകുത്തു് നടാൻ തുടങ്ങവേ പാട്ടുപാടലും താനാട്ടവും അവൎക്കൊരൊഴിച്ചുകൂടാത്ത അവശ്യമായിത്തീരുന്നു!

മാരിമഴകൾ ചൊരിഞ്ഞേ—ചെറു
വയലുകൾ ഒക്കെ നനഞ്ഞേ

പൂട്ടിയൊരുക്കിപ്പറഞ്ഞേ—ചെറു
ഞാറുകൾ കെട്ടിയെറിഞ്ഞേ

ഓമല, ചെന്തില, മാല—ചെറു
കണ്ണമ്മ, കാളി, കറുമ്പി,

ചാത്ത, ചടയമാരായ—ചെറു
മച്ചികളെല്ലാരും വന്നേ,
വന്നുനിരന്നവർ നിൻേറ—കെട്ടി
ഞാറെല്ലാം എണ്ണിപ്പകുത്തേ
ഒപ്പത്തിൽ നട്ട കരേറാ—നവർ
കുത്തിയുടുത്തു കുനിഞ്ഞേ
കണ്ണച്ചെറുമിയൊണ്ണപ്പോൾ—അവൾ
ഓമലേയൊണ്ണു വിളിച്ചേ
"പാട്ടൊന്നു പാടീട്ടുവേണം—നിങ്ങൾ
നട്ടുകരയ്ക്കങ്ങുകേറാൻ."
അപ്പോളൊരു തത്തപ്പെണ്ണ്—അവൾ
മേമരമേറിക്കരഞ്ഞേ
മേപ്പോട്ടുനോക്കിപ്പറഞ്ഞേ—കൊച്ചു
ഓമലകുട്ടിച്ചെറുമി
തത്തമ്മപ്പെണ്ണേ നീയിപ്പോൾ—ഇങ്ങു
വന്നൊരു കാരിയം ചൊല്ല്.
വിളവുപഴുത്തു കിടന്നാ—ലെല്ലാ
ചെറുമികളോടു നീ വന്നേ
കതിരു മുറിച്ചങ്ങു കൊണ്ടു—പോവാൻ
കൈയും കരുത്തും നിനക്ക്
നട്ടുകരയ്ക്കങ്ങു കേറു—വോളം
പാടിയിരിക്കേണ്ടിഅമ്മേ
തത്തമ്മപ്പെണ്ണുപറഞ്ഞേ—നിങ്ങൾ
ത്താനാട്ടംചൊല്ലി നടുവിൻ
തത്തയ്യും താതയ്യും താരോ—തിമി
തന്തിനം തിന്നായി താരോ—
താനാട്ടം ചൊല്ലിത്തുടങ്ങി—അവർ
തത്തമ്മ പാടിത്തുടങ്ങി.

## പൊലിവുപാട്ട്

അന്നങ്ങനെ ആയിരുന്നു—പാടത്തെ കൃഷിയും മററു ജോലികളും കഴിയുന്ന കാലത്ത്, 'വേല നാളെ, ജഗത്തിനിന്നുത്സവവേള' എന്ന മനോഭാവത്തോടെ അടിയാന്മാരായ കുറവരും മററും ചില ചില വേഷങ്ങളുംകെട്ടി തമ്പ്രാന്റെ മുററത്തു ചോടുവച്ചു നൃത്തം ചവുട്ടി പാട്ടുപാടുകയും കണ്ടു രസിക്കുന്ന തമ്പ്രാക്കന്മാരും തമ്പ്രാട്ടിമാരും സന്തോഷപൂർവ്വം പൊലിവ് അല്ലെങ്കിൽ സംഭാവന നൽകുകയും ചെയ്യുക അന്നു പതിവായിരുന്നു. ഉത്സാഹം ഓളംവെട്ടുന്ന കുറവന്റെ പൊലിവുപാട്ടിന്റെ ഒരു മാതൃക ഇതാ അവതരിപ്പിക്കുന്നു.

(കുറവൻ—കല്യാണക്കളി)

കളിക്കുമല്ലോയിപ്പോ-
    ക്കളിക്കുമല്ലോയിപ്പോൾ
കളിയഞ്ചെട്ടത്തിപ്പോ-
    ക്കളിക്കുമല്ലോ.
പൊലിക്കുമല്ലോയിപ്പോ-
    പ്പൊലിക്കുമല്ലോയിപ്പോൾ
തമ്പ്രാക്കന്മാരും
    പൊലിക്കുമല്ലോ.
കളിക്കുമല്ലോയിപ്പോ-
    ക്കളിക്കുമല്ലോയിപ്പോൾ
കളിയഞ്ചെട്ടത്തിപ്പോ-
    ക്കളിക്കുമല്ലോ.
താനായ് പാടി-
    ക്കളിക്കുമല്ലോയിപ്പോൾ

തകതൈ പാടി-
　　കളിക്കുമല്ലോ.
തകതൈപാടി-
　　കളിക്കുമല്ലോയിപ്പോൾ
താളം ചവുട്ടി-
　　കളിക്കുമല്ലോ.
തമ്പ്രാക്കന്മാരും
　　പൊലികുമല്ലോയിപ്പോൾ
തമ്പ്രാട്ടിമാരും
　　പൊലിക്കുമല്ലോ.
കളിക്കുമല്ലോയിപ്പോ-
　　കളിക്കുമല്ലോയിപ്പോൾ
കളിയഞ്ചെട്ടത്തിപ്പോ-
　　കളിക്കുമല്ലോ.

## വള്ളപ്പാട്ട്

വള്ളക്കാരൻെറ ഏലേലംവിളി കേൾക്കുക അങ്ങ് നടുക്കായലിൽ! വള്ളം മുൻപോട്ടു നീങ്ങാൻ, നീങ്ങിനീങ്ങി കരപിടിക്കാൻ അവൻെറ മനസ്സ് കുതിക്കുകയാണ്. ആ കുതിവയ്പിൻെറ അനുരണനമല്ലേ അവൻ പാടുന്ന പാട്ടിൽ നാം കേൾക്കുന്നത്! ആ പാട്ടിനു താളംപിടിക്കുകയാകാം കഴകൊണ്ട് തള്ളിനീക്കുന്ന വെള്ളത്തിൻെറ ചീററം!

അൻപനുക്കും—ഏലേലം
അൻപനെടി—ഏലലലാം
അൻപനുക്കും—അൻപനെടീ
　　ഏലേലം—ഏലലലാം.

ആറുമുഖം—ഏലേലം
വേൽക്കുമരൻ—ഏലലലാം
ആറുമുഖൻ—വേൽക്കുമരൻ
　　ഏലേലം—ഏലലലാം.

വൻപനുക്കു—ഏലേലം
വൻപനെടി—ഏലലലാം
വൻപനുക്കു—വൻപനെടീ
　　ഏലേലം—ഏലലലാം.

വള്ളിമണ—ഏലേലം
വേൽക്കുമരൻ—ഏലലലാം
വള്ളിമണവാളനായ
　　വേൽക്കുമാരൻ—ഏലലലാം.

ശംഭോരുക്കു—ഏലേലം
ഉപദേശിത്ത—ഏലലലാം

ശംഭോരുക്ക—ഉപദേശിത്ത
ഏ്ളേലേലം—ഏ്ളലലലാം
ശംഭോരുക്ക—അരുംപൊരുളെ
ഉപദേശിത്ത—ഏ്ളലലലാം.
ശക്തിധരൻ—ഏ്ളേലേലം
വേൽക്കുമരൻ—ഏ്ളലലലാം
ശക്തിധരൻ—വേൽക്കുമരൻ
ഏ്ളേലേലം—ഏ്ളലലലാം
ശക്തിധരൻ—ആയിരിക്കും
വേൽക്കുമരൻ—ഏ്ളലലലാം.

## കറുത്തപെണ്ണിനോട്

തിരമാലകളുടെ മുകളിലൂടെ ഇളകിയോടുന്ന വള്ളത്തെ നയിച്ചുകൊണ്ടു പോകുമ്പോൾ ഹൃദയത്തിൽ എന്തെന്തു സുന്ദരഭാവനകൾ ചിറകുവിടുർത്തി ഉയരുകയില്ല! ഇതാ ഒരു കാമുകൻെറ പ്രേമഗാനം. കാമുകിയെ കാത്തുകാത്തിരുന്നിട്ടും കാണാതെ വലഞ്ഞപ്പോൾ വണ്ടായിച്ചമഞ്ഞു് അവളെ പിന്തുടരുകയാണു് അയാൾ. ഭാവനയുടെ ലോകത്തിലെങ്കിലും അവളെക്കണ്ടെത്തി തൃപ്തിയടയാമെന്നു കരുതുന്ന പാവപ്പെട്ട ആ കാമുകൻ!

കറുത്തപെണ്ണേ നിന്നെ കാണാഞ്ഞൊരുനാളു
വരുത്തപ്പെട്ട ഞാനൊരു വണ്ടായിച്ചമഞ്ഞല്ലോ.
വണ്ടായ് ച്ചമഞ്ഞു ഞാനൊരു തുമ്പിയായിപ്പറന്നോനെടീ
തുമ്പിയായ് പ്പറന്നുഞാനൊരുപള്ളിവാതുക്കൽചെന്നപ്പം
പൂമാലപ്പെത്തലെന്നെയൊരു പൂകൊണ്ടെങ്ങെറിഞ്ഞല്ലോ.
അപ്പൂവുചൂടി ഞാനുമൊരാററരികേ പോകുമ്പോൾ
തന്നാനൊരുത്തൻ പതിനെട്ടു മോതിരം.
ചെമ്പല്ലിരുമ്പല്ലാ പിത്തളയല്ലോടല്ല
പതിനെട്ടുമോതിരം പൊൻമോതിരമവൻ തന്നല്ലോ.

## വടക്കൻകായലിൽ

പ്രേമവതിയായ ഒരു യുവതിയുടെ പ്രിയതമസ്മരണകളുമായി താദാത്മ്യം കൈക്കൊണ്ട ഒരു വള്ളക്കാരൻ പാതിരാവിൻെറ ഏകാന്തതയിൽ വഞ്ചി നടത്തുമ്പോൾ പാടുന്ന ഒരു പാട്ടുകൂടി—

വടക്കൻകായലിലോളംതുള്ളുമ്പോ-
ളോക്കും ഞാനെൻെറ മാരനെ
മാരനെ വീരനെ—യെന്നൻ-
പുററ മണിമാരനെ
വടക്കൻകായലിലോളംതുള്ളുമ്പോ-
ളോക്കും ഞാനെൻെറ മാരനെ.

## പഴങ്ങാക്കളി

ഗഹനങ്ങളായ അർത്ഥങ്ങളില്ല, ഔന്നത്യങ്ങളിലേയ്ക്കു താനേ കുതിച്ചുകയറുന്ന ഭാവനയുടെ സീമയററ വിഹാരങ്ങളില്ല—എങ്കിലും എന്തു മധുരോദാരമായ ഒരു ഭാവമേഖലയിലേയ്ക്കാണ് ഈ കൊച്ചുഗാനം നമ്മെ നയിയ്ക്കുന്നതെന്നു നോക്കൂ. ഭദ്രകാളിപ്പാട്ടിൻേറയും തോററംപാട്ടിൻേറയും രൗദ്രവും ഭക്തിയും കലൎന്ന മിശ്രരൂപം നാമിവിടെ കാണുന്നില്ല. രാപകൽ പണിചെയ്യുമ്പോഴുണ്ടാകുന്ന തളർച്ചയെ ഗാനത്തിൻെറ ജലശീകരം തൂകി അകററാനുദ്യമിയ്ക്കുന്ന വള്ളക്കാരൻേറയും ഞാറു നടുന്നവൻേറയും വേദനയും അദ്ധ്വാനവും ഇടതൂൎന്ന ഗാനരൂപവും നാമിവിടെ കാണുന്നില്ല. വിശ്രമവേളകളെ ശുദ്ധമായ വിനോദത്തിൻെറ നിറപ്പകിട്ടു കലൎത്തി മധുരതരമാക്കിത്തീൎക്കാനുള്ള ഒരുദ്യമം മാത്രമാണ് ഈ ഗ്രാമീണഗാനം. ഇടങ്കയ്യിൽനിന്ന് വലംകയ്യിലേയ്ക്കും വലംകയ്യിൽനിന്നും ഇടംകയ്യിലേയ്ക്കും തൊട്ടതറിയാതെ ഓടിയോടിപ്പോകുന്ന മാണിക്കച്ചെമ്പഴങ്ങ ലീലാലോലുപരായ ഈ ബാലികമാരുടെ മുഗ്ദ്ധഭാവനയ്ക്ക് അലംകാരമായിച്ചമയുന്നതിൻെറ ഭംഗി നിങ്ങൾക്കിവിടെ നേരിട്ടാസ്വദിയ്ക്കാം.

ഓടുന്നുണ്ടോടുന്നുണ്ടേ
മാണിക്കച്ചെമ്പഴങ്ങാ.
തൊട്ടതറിയാതെ
മാണിക്കച്ചെമ്പഴങ്ങാ.
എൻെറ വലങ്കയ്യിലെ
മാണിക്കച്ചെമ്പഴങ്ങാ.
എൻെറ ഇടങ്കയ്യിലെ
മാണിക്കച്ചെമ്പഴങ്ങാ.
ഓടുന്നുണ്ടോടുന്നുണ്ടേ
മാണിക്കച്ചെമ്പഴങ്ങാ,

ഒന്നു വലത്തുവന്നോ
മാണിക്കച്ചെമ്പഴങ്ങാ.
തൊട്ടതറിയാതെ
മാണിക്കച്ചെമ്പഴങ്ങാ.
എന്റെ വലകയ്യിലേ
മാണിക്കച്ചെമ്പഴങ്ങാ.
എന്റെ ഇടങ്കയ്യിലെ
മാണിക്കച്ചെമ്പഴങ്ങാ.
ഓട്ടുന്നുണ്ടോട്ടുന്നുണ്ട
മാണിക്കച്ചെമ്പഴങ്ങാ.
രണ്ടു വലത്തു വന്നോ
മാണിക്കച്ചെമ്പഴങ്ങാ.
എന്റെ വലങ്കയ്യിലെ
മാണിക്കച്ചെമ്പഴങ്ങാ.
മൂന്നു വലത്തുവന്നോ
മാണിക്കച്ചെമ്പഴങ്ങാ.
എന്റെ ഇടങ്കയ്യിലെ
മാണിക്കച്ചെമ്പഴങ്ങാ.
ഓട്ടുന്നുണ്ടോട്ടുന്നുണ്ട
മാണിക്കച്ചെമ്പഴങ്ങാ.

# തുമ്പിപ്പാട്ട്

കണ്ണും കരളും കവരുന്ന പ്രകൃതിയിലെ സുന്ദരവസ്തുക്കളിൽ മുങ്ങിമറിയാൻ കൊതിയ്ക്കുന്ന ശിശുപ്രായം വിട്ട് തിരിച്ചറിവുണ്ടാവുന്ന കാലത്തിലേയ്ക്ക് മനുഷ്യൻ പ്രവേശിയ്ക്കുന്നതോടെ സൗന്ദര്യം കാണാനുള്ള ശക്തി ക്രമേണ നശിയ്ക്കുകയാണ്. അവൻ പ്രകൃതിയിൽനിന്നും അകലുകയാണ്. മുരണ്ടുനടക്കുന്ന വണ്ടുകളോടും പാറിപ്പറക്കുന്ന തുമ്പികളോടും 'കല്ലേലിരിയ്ക്കുന്ന' കല്ലേരി ഞണ്ടിനോടും, 'റാകിപ്പറക്കുന്ന' ചെമ്പരുന്തിനോടും കുശലം ചോദിക്കാനും കൂട്ടുപിടിച്ചു സംസാരിക്കാനും സഹായിച്ചിരുന്ന ആ വിശ്വസുന്ദരഭാഷ അവൻ മറക്കുകയാണ്. പൊൻതുടൽമാലപോലെ ഒന്നിനു പുറകേ ഒന്നായിപ്പറക്കുന്ന പൂമ്പാററകളെ ക്ഷണിച്ചുകൊണ്ടുപോയി കുളിപ്പിച്ച്, കോവിലിൽ തൊഴുവിച്ചു പൊൻതടുക്കിലിരുത്തി, പൊൻതളികയിൽ ആഹാരം കൊടുത്ത്, കൊച്ചുകിണ്ടിയിൽനിന്നും കൈ കഴുകിച്ച് പുള്ളിപ്പട്ടുകൊണ്ട് കൈ തോർത്തിക്കാൻ അന്ന് അവന് എന്തൊരാവേശമായിരുന്നു!

## I

ഒന്നാംതുമ്പിയും അവർ പെററ മക്കളും
പോയി നടപ്പുറ തുമ്പിതുള്ളാൻ
തുമ്പിയിരുമ്പല്ല ചെമ്പല്ല ഓടല്ല
തുമ്പിത്തുടൽ മാല പൊന്മാല
രണ്ടാംതുമ്പിയും അവർ പെററ മക്കളും
പോയി നടപ്പുറ തുമ്പിതുള്ളാൻ
തുമ്പിയിരുമ്പല്ല ചെമ്പല്ല ഓടല്ല
എന്തെൻെറ തുമ്പീ തുള്ളാത്തു
മൂന്നാംതുമ്പിയും അവർ പെററ മക്കളും
പോയി നടപ്പുറ തുമ്പിതുള്ളാൻ

പന്തലിൽ പൂക്കല പോരാഞ്ഞിട്ടോ
എന്തെൻെറ തുമ്പീ തുള്ളാത്തൂ.

## II

ഒന്നാനാം കൊച്ചുമല്ല
പൂത്തായോ പൂവ്വൊരിഞ്ഞു്
തങ്കുളത്തിൽ വീണ പൂവ്
താൻ വാരിയാദരിക്ക
ആദരിക്ക പന്തലിലെ
അലങ്കരിക്ക ഗണപതിയെ
കാററടിക്ക പൂപാറക്ക
കന്നിമാരെ വായ്ക്കുരവ
പൂപ്പടയ്ക്കോ നേരമായി
പൂ പറന്നാളോടി വായേ

## III

ഒന്നാനാം മലരമ്പേൽ തുമ്പി
മലരമ്പനെ കണ്ടോരൊണ്ടോ
കണ്ടേൻ ഞാൻ കണ്ടേൻ പെണ്ണേ
പൂഞ്ഞോലക്കാവിൽ വച്ചു്
പൂങ്കച്ച വട്ടം ചുററി
പൂമുണ്ടും തോളത്തിട്ടു്
കച്ചുരട്ട കരത്തിലിറക്കി
പിച്ചിമലർ അമ്പുമെടുത്തു്
തെററിപ്പൂ തെററിത്തെററി
പിച്ചിപ്പൂ തൊങ്ങലിട്ടു്
വട്ടകത്താലി കെട്ടി
പോയ കുമാരകനെ

കാണാൻ വിധിയുമില്ല
കർമ്മം നമുക്കുമില്ല.

## IV

ഒന്നീക്കിൽ തോട്ടികെട്ടി
ഒന്നു പറിച്ചതും കണ്ണിമാങ്ങ
ആ മാങ്ങ തിന്നവൾക്ക്
ആ മാസത്തിൽ ഗർഭമുണ്ടാം
അവളുപെറും ബാലകന്
എന്തുചൊല്ലി പേർ വിളിക്കും?
കരിങ്കുഴലെ ചെറുമണിയെ
രാമനെന്നും പേർ വിളിക്കും.

## V

ഒന്നാനാം കൊച്ചുതുമ്പീ
എങ്ങുടെ പോരുവായൊ?
നിൻകൂടെ പോന്നാലല്ലോ
എന്തെല്ലാം തരുമെനിക്ക്?
കുളിപ്പാൻ കുളം തരുവേൻ
കളിപ്പാൻ കളം തരുവേൻ
കുളിപ്പാൻ കുളം തരുവേൻ
കുമ്പിടുവാൻ കോവിലൊന്നുണ്ട്
ഇട്ടിരിപ്പാൻ പൊന്തടുക്ക്
ഇട്ടുണ്ണാൻ പൊന്തളിക
കൈകഴുകാൻ കൊച്ചു കിണ്ടി
കൈതോർത്താൻ പുള്ളിപ്പട്ട്.

## പുലയർപാട്ടു്

ഹൃദയം പൊട്ടിയൂർന്നുവീഴുന്ന രക്തകണങ്ങൾ കോർത്തതാണാ ശോകഗാനം! നൂററാണ്ടുകൾക്കു പുറകിൽനിന്നു് ആ പാവപ്പെട്ട പണിയാൾ പാടുകയാണു്. കണ്ണിൽ ചോരയില്ലാത്ത മാടമ്പിവർഗ്ഗം അരമുറിക്കരിയ്ക്കും, അരത്തൊണ്ടു് കള്ളും കൊടുത്തു്, നേരം വെള്ളകീറുന്നതുതൊട്ടു് പൂക്കൈതെ മറപററുന്നതുവരെ അടിയാന്മാരെ കൊല്ലാക്കൊലചെയ്തു് പണിയെടുപ്പിക്കുന്നതു കണ്ടു് അനുഭവജ്ഞനായ പുലയൻ ദീനദീനമായി അതാ വിലപിയ്ക്കുന്നു. വേദനതിന്നുന്ന ആ സാധുവിന്റെ ആത്മഗീതം കേട്ടാൽ ഉരുകാത്ത ഹൃദയമേതുണ്ടു് അന്നുമിന്നും!

നേരം പോയ് നേരം പോയ്
പൂക്കൈതെ മറപററി
കുന്നാം കുളക്കോഴി
തത്തി തത്തി പാറുന്നേ
ഞാനവിടെ ചെന്നപ്പോൾ
ഈടില്ല മൂടില്ല
ഞാനവിടെ ചെന്നപ്പോൾ
കെട്ടാവേലി കെട്ടിച്ചു.
ഞാനവിടെ ചെന്നപ്പോൾ
കുത്താക്കുളം കുത്തിച്ചു.
ഞാനവിടെ ചെന്നപ്പോൾ
കെട്ടാപ്പുര കെട്ടിച്ചു.
അരത്തൊണ്ടു കള്ളും തന്നു
കൊല്ലാക്കൊല കൊല്ലുന്നിയോ
അരമുറി കരിക്കും തന്നു.
കൊല്ലാക്കൊല കൊല്ലുന്നിയോ
നേരം പോയ് നേരം പോയ്
പൂക്കൈതെ മറപററി
കുന്നാം കുളക്കോഴി
തത്തിതത്തി പാറുന്നേ.

# തെക്കൻപാട്ട്

## ഇരവിക്കുട്ടിപ്പിള്ളപ്പാട്ട്

രോമാഞ്ചപൂൎവ്വമല്ലാതെ പാടാനോ പാടിക്കേൾക്കാനോ കഴിയാത്ത ഭാവനിർഭരമായ ഒരു വീരഗാഥയാണ് ഇരവിക്കുട്ടിപ്പിള്ളപ്പാട്ട്. ആ ഗാനധാര തെക്കൻകേരളത്തിൽ ഇന്നുവരെ വററിയിട്ടില്ല. മധുരയിലെ തിരുമലനായിക്കൻെറ സേനാനിയായ രാമപ്പയ്യൻ പെരുവെള്ളംപോലുള്ള പടയും കൂട്ടി തിരുവിതാംകൂർ പിടിക്കാൻ സന്നദ്ധനായി നില്ക്കുമ്പോൾ രാജ്യശ്രീയെ ഏതിനുമ പരിയായിക്കണ്ട ഇരവിക്കുട്ടിപ്പിള്ള അയാളോടെതിരിട്ട് വീരചരമമടയുന്നതാണ് ഈ പാട്ടിലെ ഇതിവൃത്തം. ആ ക്ഷത്രിയ സിംഹം പടയ്ക്കുപുറപ്പെടുന്നതിനു തലേന്നാൾ അദ്ദേഹത്തിൻെറ ഭാൎയ്യ ദുഷ്ടാലസൂചകങ്ങളായ സ്വപ്നങ്ങൾ കണ്ടിട്ട്, പിറേറന്ന് ആ രണശൂരനെ പിന്തിരിപ്പിക്കാനായി കണ്ടകാഴ്ചകൾ വൎണ്ണിക്കുകയാണ്.

> "വാടിനീ പെൺകൊടിയേ—ഉൻ
> മണവാളൻ പടൈ പോറാൻ"
> കേട്ടാളേ പെൺകൊടിയും
> കെട്ടമതിയെയെത്താൻ നിനൈന്തു
> പഞ്ച രത്നച്ചേലൈ തന്നെ-
> പ്പൈന്തൊടിയാൾ കൊയ്തുടുത്താൾ
> മീഞ്ചിതൻ കുടമശൈയ
> മെല്ലിനല്ലാൾ പിളൈ മൂന്നേ
> വാണുതലാൾ വന്തു നിൻറു
> മന്തിരിയോടേതുചൊല്വാൾ,
> "ഏതുൻ കാണും പത്താവേ! നീ-

രിൻറപ്പടെ പോകവേണ്ടാം.
നേററിരവുപഞ്ചണ്ണെമേൽ
നിത്തിരെയാലുറങ്കയിലേ
പത്തിരുക്കച്ചനിയൻ വന്തു
പത്താവെക്കൊട്ടപോകക്കണ്ടേൻ.
ആലമരംമൂട്ടോടെ
അടിനകണ്ടു വിഴവുംകണ്ടേൻ.
കണ്ടകിനാവത്തെന്നെയും
കാവലക്കപ്പൊല്ലാതു.
പൊല്ലാതകനവുകണ്ടാൽ—പ്പടൈ
പോവർകളോ പോർവേന്താ?"
"പടൈപോകാതിങ്കിരുന്താൽ
പാരിലുള്ളോർ നകൈയാരോ?
ഇന്തപ്പടൈപോകാതിങ്കിരുന്താ-
ലിരവികുലത്തുക്കിഴക്കല്ലവോ?
ഏഴകടലപ്പുറത്തി-
ലിരുമ്പറൈക്കുള്ളിരുന്താലും
ഏമരാജദൂതർവന്താ-
ലില്ലെയെൻറാൽ വിടുവാരോ?
കല്ലാലേ! കോട്ടൈകെട്ടി
കല്ലറൈക്കുള്ളിരുന്താലും
കാലനടയാളവന്താൽ
കണ്ടില്ലെൻറാൽവിടുവാരോ?
നമരാജദൂതർവന്താൽ
നാളെയെൻറാൽ വിടുവാരോ?
വിളൈന്തവയലേറപ്പതുക്കു
വിചനപ്പെടവേണ്ടാം കാൺ."

# വടക്കൻപാട്ട്

## ഉണ്ണിയാർച്ച

വീര്യവും അഭിമാനവും കുലധനമായിക്കരുതി മരണത്തെ തൃണവൽഗണിച്ചു ജീവിച്ച നായികാനായകന്മാരെക്കൊണ്ടു ഭാസുരമാണ് പണ്ടത്തെ കേരളചരിത്രം. വെറും വീട്ടുപണ്ടങ്ങളായിരുന്നില്ല അന്നത്തെ സ്ത്രീകളും പുരുഷന്മാരും. ചെറുതിലേ കച്ചകെട്ടിപ്പരിശീലിച്ച ശരീരവും, ഏതാപത്തിലും പാറപോലെ ഉറച്ചുനില്ക്കുന്ന മനസ്സും, നെറികേടു കണ്ടാൽ ഒരുനിമിഷം സഹിക്കാത്ത ഹൃദയവും ആയിരുന്നു അന്നത്തെ കേരളത്തിൻേറതു്. ആ ജീവിതകാലത്തെ കണ്ണാടിയിലെന്നപോലെ നിഴലിപ്പിക്കുന്ന പാട്ടുകൾകൊണ്ടു ധന്യമത്രേ നമ്മുടെ സാഹിത്യം. അക്കാലത്തെ മനുഷ്യൻ ചിരിച്ചതും കരഞ്ഞതും പ്രേമിച്ചതും വെല്ലുവിളിച്ചതും, തല്ലേററതു മേല്പിച്ചതും, കുളിച്ചതുമുണ്ടതുമുടുത്തതുമെല്ലാം സൂക്ഷ്മമായി വരഞ്ഞിട്ടുള്ള ചിത്രങ്ങൾ കാണണമെങ്കിൽ നാം ഈ പാട്ടുകളിൽ കയറിയിറങ്ങി നടന്നേ മതിയാവൂ. അതാ ആററുമ്മണമ്മേലെ ഉണ്ണിയാർച്ച യാത്ര പുറപ്പെടാൻ തയ്യാറാവുകയാണ്. അല്ലിമലർക്കാവിലെ കൂത്തുകാണാൻ പോകണമെന്നു ശ്വശുരനോടും ശ്വശ്രുവിനോടും അപേക്ഷിച്ചിട്ട് അവർ വിരോധം പറഞ്ഞപ്പോൾ ആ നിശ്ചയദാർഢ്യക്കാരി വകവയ്ക്കാതെ യാത്രയ്ക്കു ചമഞ്ഞൊരുങ്ങുന്നതു നോക്കുക.

ചന്ദനക്കല്ലിൻേറയരികേ ചെന്നു്  
ചന്ദനം ഉരസി കുറിവരച്ചു.  
കണ്ണാടിനോക്കി തിലകംതൊട്ടു  
പീലിത്തിരുമുടി കെട്ടിവെച്ചു.  
അഞ്ജനം കൊണ്ടവൾ കണ്ണെഴുതി  
കുങ്കുമം കൊണ്ടവൾ പൊട്ടുകുത്തി

കസ്തൂരി കളഭങ്ങൾ പൂശുന്നുണ്ട്
മെയ്യാടപ്പെട്ടിതുറന്നുവച്ചു.
ഏഴകടലോടി വന്നാപട്ട്
പച്ചേലപ്പട്ട ചുളിയും തീർത്ത്
പൂക്കല ഞെറിവച്ചുടുക്കുന്നുണ്ട്
പൊൻതോടയെടുത്തു ചമയുന്നുണ്ട്
കോട്ടപ്പടിവച്ച പൊന്നരഞ്ഞാൺ
മീതെയഴകിന്ന് പൂട്ടുന്നുണ്ടേ
ഏഴ ചുററുള്ളൊരു പൊൻമാലയും
മുത്തുപതിച്ചുള്ള മാലയല്ലോ.
കഴുത്തിലുതന്നെയും ചേർത്തണിഞ്ഞു.
രാമായണംകൊത്തി രണ്ടുവള
എല്ലാമെ ഇട്ടങ്ങണിയുന്നുണ്ട്
പൊൻമുടി തന്നെയും ചൂടുന്നുണ്ട്
ചമയങ്ങളൊക്കെ ചമഞ്ഞൊരുങ്ങി
കൈവിരൽക്കാറിനും പൊന്മോതിരം
ചേർച്ചയോടെയങ്ങണിയുന്നുണ്ട്
ഉറുമിയെടുത്തങ്ങരയിൽപൂട്ടി-
യവൾ പോകുന്നു.

## മുല്ലപ്പാട്ട്

ഇതു് വെറുമൊരു മുല്ലയുടെ പാട്ടാണെന്നു തെററിദ്ധരിയ്ക്കരുതു്. കേരളത്തിലെ ഏതോ ഒരു ഗ്രാമാന്തരീക്ഷത്തിൽ തൂമണംതൂകിനിന്ന ഒരു മുല്ലവള്ളി ആ ഗ്രാമത്തിൻെറ ഭാവനാഭരിതമായ കവിഹൃദയത്തിൽ ഉണർത്തിവിട്ട ഗഹനചിന്തകളുടെ സുന്ദരാവിഷ്കരണമാണു് ഈ ഗാനം. തലേന്നു് താനൊരു മുല്ല നട്ടു. വേണ്ടുവോളം വെള്ളമൊഴിച്ചു് അതിനെ പേണിവളർത്തി. നാളെ അതിൽനിന്നും മുന്നാഴി പൂവിറുക്കുകയും ചെയ്യാം. എന്നാൽ ആ പൂ എന്തിലാണിറുത്തെടുക്കേണ്ടതു്? എവിടെയാണു് അർപ്പിക്കേണ്ടതു്? അമൂല്യമായ ആ കുസുമശേഖരം വേട്ടത്തുകാവിൽ ഭഗവതിയുടെ തൃപ്പാദങ്ങളിലേ ചെന്നുചേരാവൂ. ആ മുല്ലപ്പൂവു് ജീവാത്മാവിൻെറ സുന്ദരവും സജീവവുമായ ഒരു പ്രതീകമല്ലേ? അർഹവും അനുയോജ്യവുമായ ഒരു പാത്രത്തിൽ മാത്രമേ വിശുദ്ധമായ ഒരാത്മാവിനു് കുടികൊള്ളാനാവൂ. അതിൻെറ അന്തിമമായ വിശ്രമസ്ഥാനം ഭഗവദ്പാദങ്ങളല്ലാതെ മററെന്താണു്?

യോഗാത്മകതത്വത്തോടു് അടുത്തുനില്ക്കുന്ന ഒരു ഗ്രാമീണകവിഭാവനയല്ലേ ലളിതകോമളകാന്തപദാവലികൾ കൊണ്ടു് കോർത്തെടുത്ത ഈ മുല്ലപ്പാട്ടിൻെറ പിന്നിൽ ഉയിരാർന്നു നില്ക്കുന്നതു്?

നാലില്ലം നാലൊരു നടുമുററത്തു്
കെട്ടിപ്പണിതൊരു മുല്ലത്തറ,
ഇന്നലെ ഞാനൊരു മുല്ലനട്ടു
മുല്ലയ്ക്കു മുക്കുടം വെള്ളമൊഴിച്ചു
നാളക്കു മുന്നാഴി പൂവറുക്കാം
എന്തിലറുക്കേണ്ടു മുല്ലപ്പൂവു്?
മുണ്ടിലറുക്കേണ്ടു മുല്ലപ്പൂവു്

മുണ്ടിലരുത്താൽ മുഷിയും പൂവ്
എന്തിലരുക്കേണ്ടു മല്ലപ്പൂവ്?
കയ്യിലരുക്കേണ്ടു മല്ലപ്പൂവ്
കയ്യിലരുത്താൽ കരിയുംപൂവ്
എന്തിലരുക്കേണ്ടു മല്ലപ്പൂവ്?
പൊന്നിൻതളികയിലരുക്കാം പൂവ്
പൊന്നിൻതളിക നിറച്ചരുത്തു
വെള്ളിത്തളികകൊണ്ടാകെമൂടി
നീട്ടത്തിലായിരം മാലകോത്തു
വേട്ടത്തുകാവിൽ ഭഗവതിക്കു
തണ്ടിട്ടെടുത്തു വലത്തുംവെച്ചു്
ഞാനിതാ ശ്രീപാദംകൈതൊഴുന്നേൻ.

## വരിവണ്ടിൻപാട്ട്

ലളിതങ്ങളായ കൊച്ചുകൊച്ചു ഭാവനകളിൽക്കൂടി ഗഹനമായ വേദാന്തതത്വങ്ങളോളം നമ്മെ അനയിക്കുന്ന പാട്ടുകൾ പലതുണ്ട് 'പച്ച'യെന്നു പലരും പരിഹസിക്കുന്ന മലയാണ്മയിൽ. പരബ്രഹ്മസാക്ഷാൽക്കാരത്തിൽനിന്നുളവാകുന്ന അഖണ്ഡാനന്ദത്തെ ലക്ഷ്യമാക്കി ത്വരിക്കുന്ന എണ്ണമററ ജീവകോടികളുടെ പ്രയാണം ഇത്രകണ്ടു് ഹൃദ്യമായി, മധുരമായി, ലളിതലളിതമായി ഏതു കവി ഏതു ഭാഷയിൽ പ്രതിപാദിച്ചിട്ടുണ്ടു്? കനവും കഴമ്പും കവിഞ്ഞ ഈ നാടോടിപ്പാട്ടിൻെറ മണ്ണിൽ ശ്രീശങ്കരൻ ജനിച്ചതിലുണ്ടോ അത്ഭുതത്തിനവകാശം?

ഒന്നാം മലമേൽ നിന്നൊരുക്കൂട്ടം വരിവണ്ട്<br>
ആഴിനോക്കി പറന്നാഴിനോക്കി<br>
മൂളിമുരണ്ടു പാൽക്കടലിൽ ചെന്താമര<br>
പൂവുകണ്ടാരവർ പൂവുകണ്ടാർ<br>
പൂവിന്മണമേററു പൂവിന്മധുവുണ്ട്<br>
പോരുമിനിയിന്നു പോരുമിനി<br>
രണ്ടാം മലയീന്നു കൊൾണ്ടാട്ടം വരിവണ്ട്<br>
മൂന്നാം മലയീന്നു മുരളും വരിവണ്ട്<br>
നാലാം മലയീന്നു നീലവരിവണ്ട്<br>
അഞ്ചാം മലയീന്നു പഞ്ചവരിവണ്ട്<br>
ആറാം മലയീന്നു കേറിവരിവണ്ട്<br>
ഏഴാംമലയീന്നങ്ങെഴുന്നു വരിവണ്ട്<br>
എട്ടാം മലയീന്നു കൂട്ടവരിവണ്ട്<br>
ഒമ്പതാം മലയീന്നങ്ങോമനവരിവണ്ട്<br>
പത്താംമലയീന്നങ്ങാത്തുവരിവണ്ട്<br>
ആഴിനോക്കി പറന്നാഴിനോക്കി<br>
മൂളിമുരണ്ടു പാൽക്കടലിൽ ചെന്താമര<br>
പൂവുകണ്ടാരവൻ പൂവുകണ്ടാർ<br>
പൂവിന്മണമേററു പൂവിന്മധുവുണ്ടു<br>
പോരുമിനിയിന്നു പോരുമിനി.

## വാതിൽതുറപ്പാട്ട്

ഹിന്ദുക്കൾ വാതിൽതുറപ്പാട്ടെന്നും ക്രിസ്ത്യാനികൾ അടച്ചുതുറപ്പാട്ടെന്നും വിളിച്ചുവരാറുള്ള ഒരിനം ഗാനങ്ങളുണ്ട്. നവപരിണീതരായ ദമ്പതികൾ മണവറ പൂകി വാതിൽ ബന്ധിച്ച് നവാനുഭൂതികളിൽ മുഴുകിക്കഴിഞ്ഞതിനുശേഷം ബന്ധുജനങ്ങൾ വാതിൽ തുറക്കാൻ അഭ്യർത്ഥിക്കുക എന്ന ചടങ്ങിനോടുചേർന്നാണ് ഈ പാട്ടുകളുടെ പ്രയോഗം. മണിമോതിരക്കൈകൊണ്ട് അമ്മാവിയും,പൂമോതിരക്കൈകൊണ്ട് നാത്തൂനും ആ വാതിലിൽ മുട്ടിപ്പാടുന്നുണ്ട്. പെററമ്മ മണിവിളക്കും പിടിച്ചു നടയിൽ നില്ക്കുന്നു. ചങ്ങാതിമാരും ചേട്ടത്തിയുമുണ്ടു ചുററിനും. ഇന്നത്തെ മണവാളനാണെങ്കിൽ ഈ രംഗത്ത് എന്തുമാത്രം പരുങ്ങിപ്പോകും!

മങ്കതങ്കം മണവറയിൽ
മണവാളൻ കതകടച്ചു
എങ്കും പുകൾപെററവനേ
എന്നുടയ മണവാളാ.
സന്തോഷാൽ മാവിതാനും
തന്നുടയമങ്കമാരും
താശിയോടെ നീയടച്ച
മണവറേടെ വാതൽ ചുറന്നും
പേരാരം പൂണ്ടോരു-
ന്തായാർ വന്നു വാതൽ മുട്ടി.
മണിമോതിരക്കൈയാലെ
മാവിവന്നു വാതിൽമുട്ടി
ഉറേറാരു ചേട്ടത്തിവ-
ന്നതവിയോടെ വാതൽമുട്ടി.

പെററതായാർ മണിവിളക്കും
പിടിച്ചുനിന്നു വാതൽമുട്ടി.
"വട്ടക കിണ്ടിയും തരാം;
വട്ടമൊത്ത താലം തരാം;
കട്ടിൽ തരാം; മെത്തതരാം;
കണ്ടിരിപ്പാൻ വിളക്കുതരാം.
പട്ടുചേല ഞാൻ തരുവേൻ
ഭംഗിയൊത്ത മേൽവിതാനം.
ഇഷ്ടമൊത്തേരെൽവകയും
ഇതത്തിനൊടേ ഞാൻ തരുവേൻ;
ഒത്തവണ്ണം ഞാൻ തരുവേൻ
ഒന്നിനും കുറവില്ലാതെ.
എൻമകനേ! മണവാളാ!
മണവറതൻ വാതൽ തുറ."

## മാപ്പിളപ്പാട്ട്

മനംമയക്കുന്ന മാപ്പിളപ്പാട്ടുകൾ നമ്മുടെ ഗാനസാഹിത്യത്തിലെ മികച്ച നേട്ടങ്ങളാണ്. ഭാവഭംഗിയും സംഗീതസൗഖ്യവും ഹൃദ്യമായി സമ്മേളിക്കുന്ന ഈ ഗാനശേഖരം ഇനിയും സമ്പൂർണ്ണമായി കണ്ടുപിടിച്ചുകഴിഞ്ഞിട്ടില്ല. അങ്ങിങ്ങു തലനീട്ടുന്ന അറബിക്ക് ശബ്ദങ്ങൾ അനുസ്യൂതങ്ങൾക്ക് അല്പം വൈഷമ്യമുണ്ടാക്കുമെങ്കിലും ഭാവത്തിൻെറ അവിച്ഛിന്നമായ പ്രവാഹത്തിൽ ആ വിഷമത അലിഞ്ഞുപോവുകതന്നെ ചെയ്യും. ഇതേ നോക്കു! ഉമൈബാൻ എന്ന സതീരത്നം രണാങ്കണത്തിൽ വാടിക്കരിഞ്ഞ ജീവിതാഭിലാഷങ്ങളുമായി നില്ക്കുകയാണ്. അവളുടെ പ്രിയതമൻെറ മൃതദേഹമാണ് മുമ്പിൽ കിടക്കുന്നതു്. മധുവിധുപോലും കഴിയുംമുമ്പ്, ധർമ്മയുദ്ധം നടത്താൻവേണ്ടി, പ്രേമത്തെ കുരുതികൊടുത്തു് ആ യുവാവു് ഈ പടനിലത്തിലെത്തി സമരമദ്ധ്യേ വീണടിഞ്ഞതാണ്. പാവം ഉമൈബാൻ! തൻെറ മധുരപ്പൂങ്കനിയെ, മദനപ്പൂങ്കനിയെ ഓർത്തു് കരൾ കത്തിക്കരയുന്നു. അല്പകാലം അനുഭവിച്ച മാധുര്യം എന്നുമോർമ്മിച്ചു് അവളുടെ നെഞ്ചിലെ ചോര എന്നുമെന്നും പതയ്ക്കും. ഈശ്വരൻ എന്നെങ്കിലും ആ ദമ്പതികളെ ഒരിക്കൽകൂടി അടുപ്പിച്ചു് ആ ഹൃദയങ്ങളുടെ കൊതിവീട്ടുമോ?

(രീതി—പൂമൈകെനാർ)

മാനിതക്കൊതി ഖൽബിൽ മധുരപ്പൂങ്കനിതേനെ
മദനപ്പൂങ്കനിയെ എൻ മഹബൂബോരെ
തേനാരിൽ രസം ഖൽബിൽ ഇരിക്കെതൊൻപിരി-
താശിയാൽ കരൾകത്തിക്കരിയുന്നെൻെറ [ഞ്ഞെതൻെറ
ബാണെ നാൾ ഇണങ്ങിപ്പൊൻമണിമാറിൽമണം-
മധുരം ഞാൻ മറക്കുന്ന ദിനമേതല്ല [കൊണ്ടെ
നാണാതെ സുഖത്തിനിൽ ഇരുപേരും പലെസിർറിൽ

നിലനിന്നെ ഫിലാക്കം ബിട്ടൊഴിഞ്ഞോതേനെ
ആശിഖിൽ മഅ് ശൂഖക്കനിയെ നീർപിരിഞ്ഞെൻെറ
ഹാജത്തിൻെറ തിർവിട്ടും ദിനം ഏതൽല്ലാ-
മാശിത്തെ മനസ്സകത്തൊരുനാളും മധുരത്തെ-
മാറാതെ എന്നെ നെഞ്ചിൽ പതക്കും ചോരാ
നേശത്താല്വമെലുമെദേഹക്കൊതിവെത്തെഹാജ-
നെഞ്ചകത്തണഞ്ഞുള്ള മദം തീർന്നില്ലാ [നെൻെറ
മശമില്ലാതുടയവൻ വിധിച്ചുള്ളെ ബുഭ്റത്ത്
മാരരെ മണംകൊണ്ടു മതിവന്നില്ലാ
താനായെ പെരിയവൻ എനക്കിട്ടെ ബഹർമോസാ
തങ്കിയിൽ ഇതിനായിട്ടൊരുസയ്യില്ലാ
കോനായോൻ നമ്മെതമ്മിൽ ഇടതൊട്ടത്തട്ടിപ്പിച്ച
കൊതിവീട്ടും ദിനം ഏതെന്നറിഞ്ഞതില്ലാ
മന്നിൽ ഇന്നിത്പോലെ നിലാതെള്ളും മുഹബ്ബത്ത്
മന്നൻതാൻ ഒരുത്തർക്കും കൊടുപ്പാനില്ലാ
അനവാദഖസാവന്ന് അതിനെഞ്ഞാൻ റിസാകൊണ്ട്
ഇവചൊല്ലിക്കരഞ്ഞവർ അളുതളുതാർ.

## കുറത്തി

ആ കുറത്തിയുടെ ചീകിത്തിരുകിയ പീലിത്തലമുടി എങ്ങനെ അഴിഞ്ഞുപോയി? അവൾ നെററിയിലണിഞ്ഞിരുന്ന പൂർണ്ണചന്ദ്രക്കുറി എങ്ങനെ മാഞ്ഞുപോയി? ചുണ്ടപ്പഴം പോലിരുന്ന അവളുടെ ചുണ്ടുകൾ എങ്ങനെ വിളറിപ്പോയി?—ആകെ മറിമായങ്ങൾ! ഈ മറിമായങ്ങളൊന്നും മനസ്സിലാക്കാൻ കുറവന് കഴിയുന്നില്ല. സംശയം നിറഞ്ഞ കണ്ണുകളോടെ, ഉത്കണ്ഠതുളുമ്പുന്ന ഹൃദയത്തോടെ അവൻ തൻെറ കുറത്തിയോട്ട് ഓരോന്നോരോന്ന് ചോദിയ്ക്കുകയാണ്. അവളതിനൊക്കെ സമാധാനം പറയുകയും. പ്രേമസ്സദ്ധ്നിറഞ്ഞ കാമുകഹൃദയത്തിൻെറ സംശയങ്ങൾ സൂത്രശാലിനിയായ കാമുകിയുടെ പ്രത്യുത്തരങ്ങൾക്കു മുമ്പിൽ ആകെ അസ്തമിച്ചു പോകുന്നതു നോക്കു.

ചീമിത്തിരുകിയ പീലിത്തലമുടി
യെങ്ങനളിഞ്ഞിതെടീ കുറത്തീ?

ഇല്ലില്ലംകാവിലൊരില്ലിക്കുപോയപ്പം
മുള്ളാലളിഞ്ഞിതെടാ കുറവാ!

ഞാനിതൊന്നും മറിമായമറിഞ്ഞില്ലേ
പഞ്ചവർണ്ണക്കിളിയേ, കുറത്തീ.

നെററിയ്ക്കുതൊട്ടൊരു ചന്ദ്രവർണ്ണക്കുറി-
യെങ്ങനെപോച്ചിതെടീ കുറത്തീ?

വഴിയേറെ നടന്നിട്ടും വെയിലേറെക്കൊണ്ടിട്ടും
വേർപ്പാലെ പോയിതെടാ കുറവാ!

മൂക്കേക്കിടന്നൊരു മുക്കാണിമൂക്കുത്തി
യെങ്ങനെപോച്ചിതെടീ കുറത്തീ?

മൊന്തയിൽ നീർവെള്ളം കോരിക്കുടിച്ചപ്പം
അങ്ങനെപോച്ചിതെടാ കുറവാ,

ചുണ്ടപ്പഴംപോലിരുന്നോരു ചുണ്ടിൻെറ
ചന്തംകുറഞ്ഞതെന്തേ കുറത്തീ?
അമ്പുകവീട്ടിലെച്ചക്കരമാവേലെ
മാങ്ങാ കടിച്ചിട്ടെടാ, കുറവാ.
കഴുത്തേക്കിടന്നോരു കനകവളമുത്ത്
എങ്ങനെപോച്ചിതെടീ കുറത്തീ?
കാട്ടിക്കുറുംകുററിച്ചുററിപ്പിഴുതപ്പം
പൊട്ടിച്ചുപോച്ചിതെടാ കുറവാ.
ഞാനിതൊന്നും മറിമായമറിഞ്ഞില്ലേ
പഞ്ചവർണ്ണക്കിളിയേ കുറത്തീ.

## കൊച്ചീക്കാരത്തി

അത്രവളരെ പഴക്കം കാണാനിടയില്ലാത്ത മറെറാരു ഗ്രാമീണഗാനമാണ് ഇതു്. മുത്താക്കും മൂക്കുത്തിയും പൊൻവളകളും പാദസരവും അണിഞ്ഞെത്തുന്ന കൊച്ചീക്കാരത്തിയോട്ട് അവൾക്കിതെല്ലാം എവിടെനിന്നു് കിട്ടിയെന്നു് ജിജ്ഞാസാഭരിതനായ ഒരു ഗ്രാമീണൻ ചോദ്യം ചെയ്യുകയാണു്. ഓരോന്നിൻമുണ്ട് അവൾക്കു് അവളുടേതായ മറുപടികൾ. ഈ ചോദ്യോത്തരങ്ങൾക്കു പിന്നിൽ ഊറിക്കൂടിനില്ക്കുന്ന നർമ്മബോധം ആരെത്തന്നെ ആകർഷിക്കാതിരിയ്ക്കുകയില്ല?

കൊച്ചീക്കാരത്തി കൊച്ചുപെണ്ണേ
നിനക്കെവിടുന്നു കിട്ടിയീ മുത്താക്കു്.
കൊച്ചീക്കായലിൽ കപ്പലിൽവന്നവർ
കല്പിച്ചുതന്നതീ മുത്താക്കു്.
കൊച്ചീക്കാരത്തി കൊച്ചുപെണ്ണേ
നിനക്കെവിടുന്നു കിട്ടിയീ മൂക്കുത്തി.
ആര്യപ്പൂങ്കാവിലെ മീനത്തിൻപൂരത്തിൽ
ആരണ്ണകുട്ടികൾ തന്നതല്ലോ.
കൊച്ചീക്കാരത്തി കൊച്ചുപെണ്ണേ
നിനക്കെവിടുന്നുകിട്ടിയീപ്പൊൻവളകൾ
കൊച്ചീക്കോട്ടയിൽ പട്ടണംകെട്ടിയോർ
കാണിച്ചുവെച്ചതീ പൊൻവളകൾ
കൊച്ചീക്കാരത്തി കൊച്ചുപെണ്ണേ
നിനക്കെവിടുന്നു കിട്ടിയീപ്പാദസരം.
കുമ്മിയടിക്കുവാൻ കൂട്ടത്തിൽ പോയപ്പം
സമ്മാനംകിട്ടിയീ പ്പാദസരം

കൊച്ചീക്കാരത്തി കൊച്ചുപെണ്ണേ
നിനക്കെവിടുന്നുകിട്ടിയീ ശംഖുമാല
ഓളത്തിൽപ്പെട്ടൊരു മുക്കുവർവന്നപ്പോ
മേളിച്ചുതന്നാതീ ശംഖുമാല
കൊച്ചീക്കാരത്തി കൊച്ചുപെണ്ണേ
നിനക്കെവിടുന്നു കിട്ടിയീ കണ്ണിളക്കം
മാനത്തുപൊന്നിൻെറ വിത്തുവിതച്ചവർ
മാനിച്ചുതന്നാതീ കണ്ണിളക്കം.

## കോയിക്കൽമുററത്ത്

കോയിക്കൽമുററത്ത് പൂവണിഞ്ഞുനില്ക്കുന്ന ഇലഞ്ഞിയുടെ ചുവട്ടിൽ നടന്ന ഒരു പ്രേമനാടകം ജിജ്ഞാസബുദ്ധിയായ ഒരു ഗ്രാമീണ ഗായകൻെറ മുരളിയിലൂടെ രൂപം പൂണ്ടതാണ് ഈ ഗാനം. പൂക്കാലം വന്നപ്പോൾ, കോയിക്കൽ മുററത്തെ ഇലഞ്ഞിയുടെ കൊമ്പുകളിലെല്ലാം നക്ഷത്രക്കുഞ്ഞുങ്ങൾ അണിനിരന്നപ്പോൾ, അവ യിറുത്തു മാലകെട്ടാൻ ഇലഞ്ഞിച്ചുവട്ടിലെത്തിച്ചേർന്നു കോയിക്കൽ താഴത്തെ കൊച്ചുലക്ഷ്മി. പൂമരത്തിൻചുവട്ടിൽ എത്തിനില്ക്കുന്ന ആ പൂവിനെ കണ്ട കൊച്ചമ്പ്രാന്, അതിനെത്തൻേറതാക്കാതെ നിർവ്വാഹമില്ലെന്നു വന്നുകൂടി. സൗന്ദര്യത്തിൻേറതായ പശ്ചാത്തലത്തിൽ സൗന്ദര്യം തുളുമ്പിനില്ക്കുന്ന ഇത്തരമൊരു രാഗരംഗം സജ്ജീകരിക്കുവാൻ പരിഷ്കാരത്തിൻെറ കറ പുരളാത്ത ഒരു കവി പ്രതിഭയ്ക്കല്ലേ കഴിയുകയുള്ളു?

കോയിക്കൽ മുററത്തെ–
കോയിക്കൽ മുററത്തെ–
കോയിക്കൽ മുററത്തെ
പൂത്തിലഞ്ഞി
കോയിക്കൽക്കെട്ടിലെ
കോയിക്കൽക്കെട്ടിലെ
കോയിക്കൽക്കെട്ടിലെ
കൊച്ചുതമ്പ്രാൻ
കോയിക്കൽ തായത്തെ–
കോയിക്കൽതായത്തെ
കോയിക്കൽതായത്തെ
കൊച്ചു ലച്ച്മി

പൂക്കാലം വന്നപ്പോ-
ഴ്പൂമയവന്നപ്പോ-
പൂക്കാത്ത കാട്ടിനു
നാണംവന്നോ.

പൂക്കാലം വന്നപ്പോ-
ഴ്പൂമയവന്നപ്പോ-
ഴ്പൂക്കുന്ന കാട്ടിനും
നാണം വന്നോ.

കന്നിയ കോണിനും
ഈശാന കോണിനും
കാലവും കാററും
കടന്നു വന്നോ.

തമ്പ്രാൻെറ പൂമര-
ക്കൊമ്പിലെ നച്ചത്ര-
കൊച്ചുങ്ങൾ മുററ-
ത്തുരുണ്ടുവീണോ.

പൂവുപെറുക്കുവാൻ-
ഴ്പൂവുകൊരുക്കുവാൻ
പൂവുപോൽ വന്നല്ലോ
കൊച്ചുലച്ച്മി

മാറുനിറയുന്ന
ലക്ഷ്മിയെക്കണ്ടപ്പോ
നീറുന്നു കൊച്ചമ്പ്രാൻ
നാണിക്കുന്നു.

മാറുന്നു കൊച്ചമ്പ്രാൻ
മാറുന്നു കൊച്ചെച്ച്മി
മാറുന്നു നാണിച്ചു
രണ്ടുപേരും.

കോയിക്കത്തമ്പ്രാനും
നാണക്കേടായല്ലോ
വായിച്ചയില്ലാതെ
പോയിതല്ലോ.

കോയിക്കത്തോയത്തെ
ലച്ച്മിയും കൊച്ചമ്പ്രാൻ
പട്ടിട്ടു പൂവിട്ടു
മുത്തിയല്ലോ.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| 21 AUG 1991 | | |

## പി. ഭാസ്കരൻ

മുൾക്കിരീടം 1 ക.

## ജി. കുമാരപിള്ള

അരളിപ്പൂക്കാലം 1 ക. 4 ണ.

## വൈലോപ്പിള്ളി

കന്നിക്കൊയ്ത്ത് 1 ക 8 ണ.

## ചെറുശ്ശേരി

കൃഷ്ണഗാഥ 3 ക.

## കെടാമംഗലം

കടത്തുവഞ്ചി 1 ക. 8 ണ.

## വയലാർ രാമവർമ്മ

ആയിഷ 12 ണ.

## കുററിപ്പുറം

നവ്യോപഹാരം 1 ക.

## ആനന്ദക്കുട്ടൻ

ദീപാവലി 1 ക.

## വള്ളത്തോൾ

ദിവാസ്വപ്നം 1 ക. 8 ണ.

## ജി. ശങ്കരക്കുറുപ്പ്

സൂര്യകാന്തി 1 ക. 8 ണ.

DC Library
*00037763*
T61 N15

# നമ്മുടെ നാടൻ പാട്ടുകൾ

കിളിമാനൂർ വിശ്വംഭരൻ, എം. കൃഷ്ണൻനായർ
ജി. ശങ്കരപ്പിള്ള, സി. ഐ. ഗോപാലപിള്ള
ഡാ: എസ്. കെ. നായർ, കെ. കെ. വാദ്ധ്യാർ

1954

കാവ്യോൽസവം

NBS

T61
N15

Indic Digital Archive Foundation
gpura.org